**ചർച്ച - തുടർച്ച**

2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ശ്രീ. ജോബ് മൈക്കിൾ: സർ, സമൂഹത്തെ കാർന്നുതിന്നുന്ന ഏറ്റവും പ്രധാനപ്പെട്ട ലഹരി എന്ന വിഷയം ചർച്ച ചെയ്യാൻ സഭയിലെ 140 എം.എൽ.എ.-മാരും വളരെ കാര്യമായി പങ്കെടുക്കുകയും ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തതിനാൽ ഞാൻ ഈ ചർച്ചയെ അങ്ങേയറ്റം സ്വാഗതം ചെയ്യുകയാണ്.

2025-26 വർഷത്തെ കേരള ബജറ്റിനെ ഞാൻ അംഗീകരിക്കുകയും പിന്തുണക്കുകയും ചെയ്യുകയാണ്. കേന്ദ്ര സർക്കാരിൽനിന്നും നാം നേരിടുന്ന സാമ്പത്തിക ഉപരോധത്തെ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റ് മറികടക്കുന്ന കാഴ്ചയാണ് ഈ ബജറ്റിലൂടെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കാണിച്ചുതന്നത്. അദ്ദേഹം 2025-26 ബജറ്റിൽ ആമുഖമായി പറഞ്ഞിരിക്കുന്നത്, സമീപവർഷങ്ങളിൽ സംസ്ഥാന സർക്കാരിനെ ബാധിച്ച

രൂക്ഷമായ ധനഞെരുക്കത്തിന്റെ തീക്ഷ്ണമായ ഒരു ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നുവെന്നുള്ളതാണ്. അതെങ്ങനെയാണ് സാധിച്ചതെന്ന് നാം ചിന്തിക്കണം. വികസന ക്ഷേമപ്രവർത്തനങ്ങളിലൊന്നും മുടക്കം വരാതെ സാമ്പത്തിക വളർച്ച നിലനിർത്തിയ വലിയ നേട്ടമാണ് നാം കൈവരിച്ചത്. ഈ ബജറ്റിലൂടെ വരുംവർഷങ്ങളിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളുമുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും നമ്മുടെ സമ്പദ്ഘടന വളർന്നിരിക്കുകയാണ്. ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന്റെ നികുതിയേതര വരുമാന വളർച്ച 17.4 ശതമാനമാണ്. സംസ്ഥാനത്തെ ധനക്കമ്മി 4.04 ശതമാനത്തിൽനിന്ന് 2.9 ശതമാനമായി കുറയ്ക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് സാധിച്ചുവെന്ന് പറയുമ്പോൾ അദ്ദേഹം ചെയ്ത അധ്വാനം വളരെ വലുതാണ്. പൊതുകടം 35.92 ശതമാനത്തിൽനിന്ന് 34.2 ശതമാനമായി കുറയ്ക്കാൻ സാധിച്ചുകൂടാതെ സംസ്ഥാനത്തിന്റെ തനതുവരുമാനം 54,988 കോടിരൂപയിൽനിന്നും 1,03,240 കോടിരൂപയായി വർധിപ്പിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്

ഇവിടെയുണ്ട്. അദ്ദേഹം ഒരു മലയോര കർഷകയാത്ര നടത്തിയിരുന്നു. 'കേരളത്തിൽ ഞങ്ങൾ കൊടുങ്കാറ്റുപോലെ വരും' എന്നാണ് ആ യാത്രയിൽ അദ്ദേഹം പറഞ്ഞത്. കൊടുങ്കാറ്റിനെ കേരളത്തിലെ ജനങ്ങൾ മാത്രമല്ല ഒരു രാജ്യത്തെയും ജനങ്ങൾ ആഗ്രഹിക്കുന്നില്ല. കൊടുങ്കാറ്റുണ്ടായാൽ ആ രാജ്യത്തെ എല്ലാം നശിപ്പിച്ചുകളയും. കൊടുങ്കാറ്റിനെ ജനങ്ങൾ ആഗ്രഹിക്കുന്നില്ല. അതിനെ അവർ തിരസ്കരിക്കുകയേ ചെയ്യുകയുള്ളൂ. പ്രിയപ്പെട്ട പ്രതിപക്ഷ നേതാവിനോട് എനിക്ക് പറയാനുള്ളത്, 1972-ൽ കോൺഗ്രസിന്റെ പ്രധാനമന്ത്രിയും മന്ത്രിമാരും മാത്രമുണ്ടായിരുന്ന മന്ത്രിസഭയിൽ ഫോറസ്റ്റ് ആക്റ്റ് പാസാക്കിയപ്പോൾ, സംസ്ഥാനങ്ങളുടെ പരിധിയിലുണ്ടായിരുന്ന വന നിയമം കേന്ദ്ര ഗവൺമെന്റ് കവർന്നെടുത്തപ്പോൾ നിങ്ങളൊന്നും പറഞ്ഞില്ല. അന്ന് നിങ്ങൾ അതിനെ എല്ലാ രീതിയിലും സപ്പോർട്ടുചെയ്തു. കേന്ദ്ര വനനിയമത്തിന്റെ പ്രസക്തിയെക്കുറിച്ചും ഈ നിയമം ഞങ്ങളാണ് കൊണ്ടുവന്നതെന്നും അത് തെറ്റായിപ്പോയി എന്നും ഇപ്പോൾ ആ നിയമത്തിൽനിന്നും മാറേണ്ട സമയമായിരിക്കുന്നുവെന്നും നിങ്ങൾ മലയോര കർഷക യാത്രയിൽ

പറയണമായിരുന്നു. നിങ്ങളുടെ 19 എം.പി.-മാർ പാർലമെന്റിൽ ഉണ്ടായിട്ടും ഇതുസംബന്ധിച്ച് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ; 1972-ലെ കേന്ദ്ര വനനിയമം പരിഷ്കരിക്കണമെന്ന് നിങ്ങൾ ആവശ്യപ്പെട്ടില്ലല്ലോ; നിങ്ങളുടെ ഈ യാത്ര ജനങ്ങൾക്കിടയിൽ വളരെയധികം സ്വാധീനം ചെലുത്തിയെന്ന തോന്നലുണ്ടെങ്കിൽ നിങ്ങൾക്ക് തെറ്റി. ഏതെങ്കിലും ഒരു രാജ്യത്ത് ഒരു നാട് ഒരിക്കലും ഒരു നാശത്തിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. നമുക്ക് അറിയാവുന്നതുപോലെ കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി ഈ ബജറ്റിനെ അനുകൂലിക്കുകയാണ്. കിഫ്ബിയുടെ കാര്യത്തെക്കുറിച്ച് ഇവിടെ പരാമർശിച്ചു. എന്താണ് കിഫ്ബി; ബഹുമാനപ്പെട്ട അങ്കമാലി അംഗം റോജി എം. ജോൺ ഇന്നലെ കിഫ്ബിയുമായി ബന്ധപ്പെട്ട ഉപക്ഷേപം അവതരിപ്പിച്ചു. കിഫ്ബിയിൽനിന്നും അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിന് ലഭിച്ച തുക പറഞ്ഞാൽ നമ്മളെല്ലാവരും അത്ഭുതപ്പെടും. രണ്ട് പദ്ധതികൾക്ക് മാത്രമായി ആയിരം കോടി രൂപയിൽ അധികമാണ് അവിടെ ഇപ്പോൾ അനുവദിച്ച് കിട്ടിയിട്ടുള്ളത്. കിഫ്ബിയിൽ അതിന്റെ പ്രോജക്ട് നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. കൃത്യമായി

അവിടെ പ്രോജക്ട് ഉണ്ടെന്നാണ് ഞാൻ പറഞ്ഞത്. ആ പ്രോജക്ടിലെ നടപടികളുമായി മുന്നോട്ടുപോകുമ്പോൾ...........

ശ്രീ. റോജി എം. ജോൺ: സർ, കിഫ്ബി പദ്ധതി വഴി അങ്കമാലി ബൈപ്പാസിന് ഉൾപ്പെടെ അങ്കമാലിയിൽ ആയിരത്തിലേറെ കോടിരൂപ അനുവദിച്ചിട്ടുണ്ടെന്ന് ബഹുമാന്യനായ ചങ്ങനാശ്ശേരി അംഗം ഇവിടെ പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. അങ്ങനെ അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കണക്ക് കൃത്യമായി അദ്ദേഹം പുറത്തുവിടാൻ തയ്യാറാകണം. വസ്തുതാവിരുദ്ധമായ കാര്യങ്ങളാണെങ്കിൽ അദ്ദേഹം അത് പിൻവലിക്കാൻ തയ്യാറാകണം. അത് ക്രമവിരുദ്ധമാണോയെന്ന് ചെയർ പരിശോധിക്കണം.

ശ്രീ. ജോബ് മൈക്കിൾ: സർ, കിഫ്ബി-യിൽ അന്വേഷിച്ചാൽ ഇതുസംബന്ധിച്ച കൃത്യമായ കണക്ക് ലഭിക്കുന്നതാണ്. ഞാൻ ഇന്നലെ വൈകുന്നേരം കിഫ്ബി-യിൽ പോയി അവിടത്തെ ഉദ്യോഗസ്ഥരോട് ഇതുസംബന്ധിച്ച് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് തിരക്കിയിട്ടാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. ആയിരം കോടി രൂപയെന്നാണ് ഞാൻ

പറഞ്ഞതെങ്കിലും അതിലും കൂടുതലുണ്ട്. അതിന്റെ പ്രോജക്റ്റുകളാണ് വന്നിരിക്കുന്നത്. പ്രോജക്റ്റുകൾ വന്നത് എം.എൽ.എ.-യുടെ നേതൃത്വത്തിൽ കാര്യങ്ങൾ മനസ്സിലാക്കി നടപ്പിലാക്കുകയെന്നത് ഒരു എം.എൽ.എ.-യുടെ കഴിവാണ്. എം.എൽ.എ. അതിന് തയ്യാറാകണം. അല്ലാതെ കിഫ്ബിയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഞാൻ കർഷകപാർട്ടിയുടെ ആളാണ്. കെ. എം. മാണി സാറിന്റെ ബജറ്റിലെല്ലാം കർഷകരെ വളരെയധികം പരിപോഷിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ബജറ്റിലും ശ്രീ. കെ. എൻ. ബാലഗോപാൽ റബ്ബറിന്റെ വില വർധിപ്പിച്ചു. ഈ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ റബ്ബറിന്റെ വില വർധിപ്പിക്കുമെന്ന് എനിക്ക് പ്രതീക്ഷയുണ്ട്. തീർച്ചയായും റബ്ബറിന്റെ വില വർധിപ്പിക്കുമെന്ന് എനിക്കറിയാം. അതോടൊപ്പം നെൽകർഷകർക്കുവേണ്ടി 150 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. കർഷകരുടെ കൈയിൽനിന്നും വാങ്ങിയ നെല്ലിന്റെ വില കൃത്യമായി കൊടുക്കാനുള്ള നടപടിയെടുത്തു. ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ധാരാളം നെൽകർഷകരുണ്ട്. അവിടെ എല്ലാവർക്കും വളരെ കൃത്യമായി നെല്ലിന്റെ വില ലഭിക്കുന്നുണ്ട്. നെൽകൃഷി ആരംഭിക്കുന്നതിനുമുമ്പ് ഞാൻ

നെൽകർഷകരെ വിളിച്ചുചേർത്ത് അവരുടെ കാര്യങ്ങൾ പരിശോധിക്കാറുണ്ട്, കൊയ്ത്തിന്റെ സമയമാകുമ്പോൾ അവരെ വിളിച്ചുകൂട്ടി അവരുടെ കാര്യങ്ങൾ പരിശോധിക്കാറുണ്ട്, പാഡി ഓഫീസറെ വിളിച്ചുവരുത്തി സംസാരിക്കാറുണ്ട്, പാഡി ഓഫീസറുടെ നമ്പറുകൾ അതത് നെൽകൃഷി കൺവീനർമാരെ ഏൽപ്പിക്കാറുണ്ട്, നെല്ല് ശേഖരിക്കുന്ന മില്ലുകാരെ വിളിച്ച് ഇക്കാര്യത്തിൽ കൃത്യമായ ഇടപെടലുകൾ നടത്താറുണ്ട്. അതിലൂടെ നമുക്ക് കർഷകരെ സഹായിക്കാൻ സാധിക്കും. നെൽകൃഷി നഷ്ടത്തിലായതുകൊണ്ട് അത് പിൻവലിക്കണമെന്ന് ചില ആളുകൾ പറയുന്നുണ്ട്, അത് ശരിയല്ല. വർഷങ്ങൾക്കുമുമ്പ് കേരളത്തിലെ നെൽകൃഷിക്കാർക്ക് വമ്പിച്ച സബ്സിഡി ഉൾപ്പെടെ എല്ലാ രീതിയിലുമുള്ള ആനുകൂല്യങ്ങൾ കെ. എം. മാണി സാർ അദ്ദേഹത്തിന്റെ ബജറ്റിലൂടെ നൽകിയിട്ടുള്ളതാണ്. ഈ ബജറ്റിലൂടെയും കേരളത്തിലെ സർക്കാർ കർഷകർക്ക് കൂടുതൽ സഹായങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ നെൽകർഷകർക്കെതിരെ പറഞ്ഞുകൊണ്ട് അവരെ അതിൽനിന്നും പിന്തിരിപ്പിക്കുന്ന രീതിയിലുള്ള ഒരു പദ്ധതിയും ഉണ്ടാകാൻ പാടില്ല. അദ്ദേഹം മറുപടി പറയുന്ന അവസരത്തിൽ

റബ്ബറിന്റെ വില സംബന്ധിച്ചുള്ള പ്രഖ്യാപനമുണ്ടാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ശ്രീ. കെ. എൻ. ബാലഗോപാലിനോട് പറയാനുള്ളത്. അതോടൊപ്പം കൃഷിക്കാർക്കുവേണ്ടി ചെയ്ത എല്ലാകാര്യങ്ങളും....... കൃഷിക്കാർക്ക് മാത്രമല്ല എന്റെ നിയോജകമണ്ഡലത്തിലെ ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രിക്കുവേണ്ടി 80 കോടി രൂപയാണ് കിഫ്ബി വഴി നൽകിയത്. അതിന്റെ ടെൻഡർ നടപടി പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ പോകുകയാണ്. അതുപോലെ പല പദ്ധതികളെ കുറിച്ചും ഇവിടെ പറയാനുണ്ടെങ്കിലും സമയക്കുറവുമൂലം ഞാൻ പറയുന്നില്ല. പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റിലൂടെ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി നൽകുന്ന എല്ലാ സേവനങ്ങളിലൂടെയും കൂടുതൽ വളർച്ച ഉണ്ടാകുമെന്ന പ്രതീക്ഷയോടെ ഈ ബജറ്റിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ.: സർ, ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച അഞ്ചാമത് ബജറ്റ് കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങളെ നെഞ്ചോട് ചേർത്തുപിടിച്ചുകൊണ്ടുള്ളതാണ്. അതിന് മന്ത്രിക്കും സർക്കാരിനും ഹൃദയാഭിവാദ്യങ്ങൾ നേർന്നുകൊണ്ട് ഈ ബജറ്റിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. കേന്ദ്ര സർക്കാർ രാഷ്ട്രീയ വിരോധം തീർക്കാൻ ഭരണഘടനാ തത്വങ്ങളെ ചവിട്ടിമെതിച്ചും അർഹമായ സംസ്ഥാന വിഹിതം നിരസിച്ചും കടമെടുക്കാനുള്ള കേരളത്തിന്റെ ഭരണഘടനാവകാശത്തെ തകർത്തും സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയും ഞെക്കിക്കൊല്ലാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ തങ്ങളുടെ ഭരണത്തിന്റെ സ്വാധീനം ഉപയോഗപ്പെടുത്തി പ്രതിപക്ഷ സംസ്ഥാനങ്ങളോട് പ്രതികാര നടപടികളുമായി മുന്നോട്ടുപോകുമ്പോൾ കേരളം സർവ്വശക്തിയും സമാഹരിച്ച് പ്രതിബന്ധങ്ങളെ അവസരങ്ങളാക്കി ഉപയോഗിച്ച് മുന്നോട്ട് കുതിച്ചുകൊണ്ടിരിക്കുകയും ആഭ്യന്തരവളർച്ച നേടിക്കൊണ്ടിരിക്കുകയുമാണെന്ന വസ്തുതകളും വാർത്തകളും നമ്മൾ മനസ്സിലാക്കിയതാണ്. ടൈംസ് ഓഫ് ഇന്ത്യയും ഇന്ത്യൻ എക്സ്പ്രസ്സും

ചൂണ്ടിക്കാണിക്കുന്ന വസ്തുതകൾ കോവിഡിനുശേഷം 10 ശതമാനത്തിന് താഴെമാത്രമുണ്ടായിരുന്ന തനത് നികുതിവരുമാനം 22-23 ശതമാനത്തിലേയ്ക്ക് ഉയർന്നുവെന്നത് വസ്തുതയാണ്. 2020-21-ൽ 47,600 കോടി രൂപ മാത്രമുണ്ടായിരുന്ന ആഭ്യന്തര തനതുവരുമാനം രണ്ടുവർഷം കൊണ്ട് 71,900 കോടി രൂപയായി വർധിച്ചിരിക്കുകയാണ്. ഏകദേശം 51 ശതമാനത്തിന്റെ വർധനവാണ് ഉണ്ടായിരിക്കുന്നത്. 2023-2024-ൽ മാത്രം 70 ശതമാനമായി വർധിച്ചു. ഇവിടെ ധനമാനേജ്മെന്റ് വളരെ കൃത്യമായി പാലിച്ചുകൊണ്ട് പെൻഷനും ശമ്പളവും മുടങ്ങാതെ ജനങ്ങളിൽ എത്തിച്ചും സേവന മേഖലയിലും പശ്ചാത്തല മേഖലയിലും ഫണ്ടുകൾ ചെലവഴിച്ചും ഈ സർക്കാർ നവകേരള നിർമ്മിതിക്കായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

2025 ഫെബ്രുവരി മാസം 1-ാം തീയതി കേന്ദ്രം ബജറ്റ് അവതരിപ്പിച്ചു. കേന്ദ്രത്തിന് കേരളത്തിനോട് ഇത്ര വൈരാഗ്യം എന്താണെന്ന് മനസ്സിലാകുന്നില്ല. കടുത്ത അവഗണനയാണ് കേന്ദ്ര ബജറ്റിന്റെ ഭാഗമായി ഉണ്ടായിരിക്കുന്നത്. തങ്ങളുടെ അധികാരത്തിനുമുകളിൽ ഏറാൻമൂളികളായി

വണങ്ങി നിന്നുകഴിഞ്ഞാൽ എന്തെങ്കിലും തരാമെന്ന സമീപനത്തിലാണ് ഈ കേരളത്തിനോട് കാണിച്ച അനീതിയെന്ന് നമ്മൾ കണ്ടതാണ്. കേരളം കണ്ട ഏറ്റവും വലിയ പ്രകൃതി ദുരന്തം, തോരാത്ത കണ്ണീരും വിറങ്ങലിച്ച മനസ്സുമായി ജീവിക്കുന്ന 100 കണക്കിന് മനുഷ്യരാണ് വയനാട്ടിലുള്ളത്. അവർക്കുവേണ്ടി ഒരു രൂപപോലും നൽകിയില്ല. നമ്മുടെ സഹപ്രവർത്തകരെല്ലാം ഇക്കാര്യത്തിനുവേണ്ടി സംസാരിച്ചുകഴിഞ്ഞതാണ്. പ്രധാനമന്ത്രി കേരളത്തിൽ വന്നതിന്റെ ചെലവുപോലും തിരികെ നൽകണമെന്ന വ്യവസ്ഥയാണ് ഇവിടെ പറഞ്ഞിട്ടുണ്ടായിരുന്നത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ അവഗണിച്ചു. 25 ലക്ഷം കോടി രൂപ ഓരോ സംസ്ഥാനങ്ങൾക്കും മാറ്റിവച്ചപ്പോൾ നമുക്ക് എത്രരൂപയാണ് കിട്ടിയത്; വെറും 32 ആയിരം കോടിരൂപ മാത്രമാണ് ലഭിച്ചത്. എഴുപത്തിമൂന്നായിരം കോടി രൂപയായിരുന്നു ലഭിക്കേണ്ടിയിരുന്നത്. രാഷ്ട്രീയമായി ഈ തിരഞ്ഞെടുപ്പ് അജണ്ടയാക്കിയിട്ടാണ് ബീഹാറിനും ഡൽഹിക്കും ബജറ്റിൽ തുക അനുവദിച്ചതെന്ന് നമ്മൾ കണ്ടു. സമ്പന്നർക്കുവേണ്ടി മാത്രമുള്ളൊരു ബജറ്റായി കേന്ദ്രം ബജറ്റ് മാറുകയാണ്.

ഊർജ മേഖലയെ പൂർണ്ണമായും സ്വകാര്യവൽക്കരിച്ചു. ഇൻഷ്വറൻസ് മേഖലയിൽ വിദേശ നിക്ഷേപം 100 ശതമാനമാണ്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പാവപ്പെട്ട ഗ്രാമീണ ജനതയിൽ ഉണർവുണ്ടാക്കുന്ന തൊഴിലുറപ്പ് മേഖലയെ കേന്ദ്രസർക്കാർ പാടെ അവഗണിച്ചു. നമുക്കൊന്നും നൽകിയില്ല. വിദ്യാഭ്യാസ മേഖലയിലും ആരോഗ്യ മേഖലയിലും ഒന്നും നൽകിയില്ല. എയിംസും അനുവദിച്ചില്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്രം അവതരിപ്പിച്ച ബജറ്റിൽ കേരളമെന്നൊരു വാക്കുണ്ടോ? പട്ടികജാതി വിഭാഗങ്ങൾക്ക് ബജറ്റിൽ എന്തെങ്കിലും നൽകിയോ, കിഫ്ബിയിൽ എന്തെങ്കിലും മാറ്റിവച്ചോ തുടങ്ങിയ കാര്യങ്ങൾ ശ്രീ. റോജി എം. ജോൺ, ശ്രീ. സി. ആർ. മഹേഷ് ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ ഇവിടെ ചോദിക്കുകയുണ്ടായി. അത്തരത്തിലുള്ള വലിയൊരു വിലാപമാണ് നമ്മൾ കേട്ടത്. കേന്ദ്ര സർക്കാർ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിനെ സംബന്ധിച്ച് പ്രതിപക്ഷത്തിന്റെ അഭിപ്രായം വ്യക്തമാക്കേണ്ടതായിട്ടുണ്ട്. ഇന്ത്യാ രാജ്യത്ത് 16.6 ശതമാനമുള്ള

പട്ടികജാതി വിഭാഗങ്ങൾക്ക് 3.4 ശതമാനം തുകയും 8.6 ശതമാനമുള്ള പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 2.6 ശതമാനം തുകയുമാണ് കേന്ദ്രബജറ്റിൽ മാറ്റിവച്ചത്. ഇക്കാര്യം പ്രതിപക്ഷം അറിഞ്ഞില്ലേ? നമ്മുടെ നാട്ടിലെ പാവപ്പെട്ട ദളിത് പിന്നാക്ക വിഭാഗങ്ങൾക്കെതിരായി കേന്ദ്രസർക്കാർ നടത്തുന്ന ഈ നടപടി സംബന്ധിച്ച് പ്രതിപക്ഷം അറിയാതെ പോകുന്നോയെന്ന് എനിക്കറിയില്ല. അവർ ഇതൊന്നും അന്വേഷിക്കുന്നില്ല. കൂടാതെ, ബഹുമാനപ്പെട്ട അംഗം ശ്രീമതി സി. കെ. ആശ ഉൾപ്പെടെ സംസാരിച്ചതുപോലെ, കേരളത്തിൽനിന്നും രണ്ട് മന്ത്രിമാർ കേന്ദ്രത്തിലേക്ക് പോയിട്ടുണ്ട്. മലയാളികൾക്കും പട്ടികജാതി ജനവിഭാഗങ്ങൾക്കും അപമാനകരമായ രീതിയിലാണ് ശ്രീ. സുരേഷ് ഗോപി സംസാരിക്കുന്നത്. കേരളത്തിൽ ഈ ജാതിയിലൊന്നും ജനിച്ചാൽ പോരായെന്നും ഉന്നതകുലജാതനായി ജനിക്കണമെന്നുമാണ് അദ്ദേഹം മുമ്പ് പ്രസ്താവിച്ചത്. ഇന്ത്യൻ ഭരണഘടനയെ തൊട്ട് അധികാരത്തിൽവന്ന ഒരു ജനപ്രതിനിധിയുടെ നാവിൽനിന്നും വരേണ്ട വാക്കുകളാണോ കേരളത്തിൽനിന്നും പോയ കേന്ദ്രമന്ത്രി ശ്രീ. സുരേഷ് ഗോപി പറഞ്ഞത്;

യഥാർഥത്തിൽ ഇന്ത്യയുടെ രാഷ്ട്രപതിയെ അടക്കം അപമാനിക്കുന്ന രീതിയിലാണ് അദ്ദേഹം പ്രസ്താവന നടത്തിയത്. ഇന്ത്യയിൽ സാധാരണക്കാരുടെ അവകാശങ്ങളും അവരുമായി ബന്ധപ്പെട്ട വകുപ്പുകളും കൈകാര്യം ചെയ്യാൻ കഴിവില്ലാത്തവരാണ് അധികാരത്തിലിരിക്കുന്നത് എന്ന നിലയിലല്ലേ അദ്ദേഹം സംസാരിച്ചത്; സവർണ വിഭാഗത്തിൽപ്പെട്ട ഒരാൾക്ക് ആദിവാസി വകുപ്പിന്റെ ചുമതല കൊടുക്കണമെന്നും അദ്ദേഹത്തിന് അടുത്ത ജന്മത്തിൽ ബ്രാഹ്മണനായി ജനിക്കണമെന്നും പറയുന്നത് എന്ത് മനോവിഭ്രാന്തിയിലാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇങ്ങനെയാണോ പറയേണ്ടത്; ജനാധിപത്യപരമായി അധികാരത്തിൽ വന്ന, Equality before law എന്ന ഇന്ത്യൻ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപിടിക്കേണ്ട ഭരണത്തിന്റെ ആളുകളല്ലേ ഇവർ; ഇവരുടെ സമീപനമിതാണെന്ന് നമ്മൾ കണ്ടതാണ്. ആ നിലയിലാണ് മന്ത്രിമാർ പറയുന്നത്. കേരളം ഏറ്റവും പിന്നാക്കമാണെന്നും നിങ്ങൾ മോശക്കാരാണെന്നും പറഞ്ഞാൽ നിങ്ങൾക്ക് സഹായം കിട്ടുമെന്നാണ് കേരളത്തിൽനിന്നുമുള്ള മറ്റൊരു കേന്ദ്രമന്ത്രി പറഞ്ഞത്. കേന്ദ്ര സർക്കാരിനുമുന്നിൽ അടിയറവ് വയ്ക്കണമെന്ന് പറയുന്നത്

ആർക്കുവേണ്ടിയാണ്? കേരളത്തിൽ തല നിവർത്തി നടക്കാനാണ് നമ്മെ പഠിപ്പിച്ചത്. നവോത്ഥാന കാലഘട്ടത്തിൽ ആരംഭിച്ച് നമ്മൾ ഇന്ന് കാണുന്ന നേട്ടങ്ങൾ കേരളത്തിന്റെ മണ്ണിൽ ഉണ്ടാക്കിയെടുത്തത് തല താഴ്ത്തിയിട്ടല്ല. പാവപ്പെട്ട മനുഷ്യരെ തല ഉയർത്തി നിൽക്കാനും വീണിടത്തുനിന്നും ഉയർന്നെണീക്കാനും ആഹ്വാനം ചെയ്ത നവോത്ഥാന നായകന്മാരുടെ നാൾവഴികൾ ചികഞ്ഞുനോക്കിയാൽ ചരിത്രം മനസ്സിലാകും. അതൊന്ന് ഗൂഗിളിൽ തിരഞ്ഞ് നോക്കിയശേഷം പറഞ്ഞാൽ മതിയായിരുന്നു. ഇപ്രകാരം നമ്മുടെ നേട്ടങ്ങളെ അവഗണിച്ചുകൊണ്ടും മറച്ചുവച്ചുകൊണ്ടുമാണോ കേരളത്തിന് ഭരണഘടനാപരമായി ലഭ്യമാകേണ്ട അവകാശങ്ങൾ നമ്മൾ വാങ്ങിയെടുക്കേണ്ടത്? കേരളം ഇന്ന് നേടിയ നേട്ടങ്ങളെക്കുറിച്ച് എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ വ്യക്തമായി പറഞ്ഞതാണ്. കേന്ദ്രസർക്കാർ നൽകിയ സർട്ടിഫിക്കറ്റ് മടക്കിയെടുത്ത് വയ്ക്കണമെന്ന് ഞങ്ങളാരും പറഞ്ഞതല്ല. കേരളത്തിലെ ഗവൺമെന്റിനും ജനങ്ങൾക്കും കേന്ദ്ര സർക്കാർ നൽകിയ അംഗീകാരം മടക്കി പോക്കറ്റിൽ ഇടണമെന്നാണ് കേരളത്തെക്കുറിച്ച് ഒരു മന്ത്രി

ഡൽഹിയിൽ പോയി പറയുന്നത്. മാനവ വികസന സൂചികയിൽ ഉയർന്ന സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണെന്നത് ഐക്യരാഷ്ട്ര സഭയുടെ അംഗീകാരമാണ്. മാത്രമല്ല ഇന്റർനെറ്റ് ലഭ്യത പൗരന്റെ അവകാശമായി പ്രഖ്യാപിച്ച ആദ്യത്തെ സംസ്ഥാനം, ട്രാൻസ്ജെൻഡർ നയം പ്രഖ്യാപിച്ച ആദ്യത്തെ സംസ്ഥാനം, നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ പഠനത്തിന്റെ ഭാഗമായി വർഗീയ കലാപമില്ലാത്ത ഇന്ത്യയുടെ ഏക സംസ്ഥാനം, ബജറ്റിൽ പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായി വിഹിതം നീക്കിവയ്ക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം, ഇതിന്റെയെല്ലാം ഉത്തരം കേരളം എന്നാണ്. ഞാൻ കൂടുതൽ വിശദമായി പറയുന്നില്ല. ശ്രീ. സുരേഷ് ഗോപിയോട് എനിക്ക് പറയാനുള്ളത്, കേരളത്തിന്റെ ചരിത്രം പരിശോധിച്ചുകഴിഞ്ഞാൽ ഇവിടെ അബ്രാഹ്മണർ നിയമനത്തിൽ, ഭരണഘടനാപരമായിട്ടുള്ള റിസർവേഷനിലൂടെ 142 പേരെ നിയമിച്ചിട്ടുണ്ട്. അതിൽ 62 പേർ പിന്നാക്ക പട്ടികജാതിക്കാരാണ്. ഇത് അദ്ദേഹം അംഗീകരിക്കുമോ; അദ്ദേഹത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ അത്

അംഗീകരിക്കാൻ അദ്ദേഹം തയ്യാറല്ല എന്നായിരിക്കും.

പാവപ്പെട്ട മനുഷ്യന്റെ എല്ലാ അർഥത്തിലുമുള്ള പുരോഗമനാത്മകമായ വികസനത്തിനുവേണ്ടിയും നമ്മുടെ സർക്കാർ മുന്നോട്ടുവച്ച ആശയങ്ങൾ നടപ്പാക്കാനുതകുന്ന രീതിയിലുള്ളതാണ് ഈ ബജറ്റെന്ന് നമുക്കറിയാം. എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഒന്നു-രണ്ട് കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കഥകളി ആചാര്യനായ കോങ്ങാട് മധു, പാലക്കാടിന്റെ പരമ്പരാഗത കലാരൂപമായ പൊറാട്ടുനാടകത്തിൽ പ്രശസ്തനായ മണ്ണൂർ ചന്ദ്രൻ, കർണാടക സംഗീതജ്ഞൻ രാജകുമാരൻ ഉണ്ണി എന്നിവരെല്ലാം താമസിക്കുന്നത് എന്റെ നിയോജകമണ്ഡലത്തിലെ കോങ്ങാട്, മണ്ണൂർ, കേരളശ്ശേരി പഞ്ചായത്തുകളിലാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു ആർട്ട് ഗ്യാലറി ടൂറിസം കേന്ദ്രീകരിച്ച് ഉണ്ടാകണമെന്നാണ് അഭ്യർഥിക്കുന്നത്. രണ്ടാമത്തെ കാര്യം, മലയാള സിനിമയിലെ അഭിനയരംഗത്തെ അതുല്യ പ്രതിഭയായിരുന്ന ഒടുവിൽ ഉണ്ണിക്കൃഷ്ണന്റെ നാട് എന്റെ നാടായ കേരളശ്ശേരിയിലാണ്. ആ പ്രദേശം കേന്ദ്രീകരിച്ച്, നിരവധി കലാപ്രതിഭകളെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയ സംഗീതം,

വാദ്യോപകരണങ്ങൾ, നൃത്തം, ഓട്ടൻതുള്ളൽ തുടങ്ങിയവ അഭ്യസിക്കാനുള്ള ഒരു കേന്ദ്രമെന്ന നിലയിൽ ഒടുവിൽ ഉണ്ണികൃഷ്ണന്റെ സ്മാരകം ഒരു സാംസ്കാരിക കേന്ദ്രമായി ഉയർത്തിക്കൊണ്ടുവരാൻ പ്രിയപ്പെട്ട മന്ത്രി തയ്യാറാകണം. അതോടൊപ്പം പാലക്കാടിന്റെ തനത് കലാരൂപമായ പൊറാട്ടുനാടകം അന്യംനിന്നുപോകാതെ കാത്തുസൂക്ഷിക്കാൻ പൊറാട്ട് നാടക ഗവേഷണ കേന്ദ്രം മണ്ണൂറിൽ ആരംഭിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ പത്തിരിപ്പാലയിലുള്ള സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സുകളും ന്യൂ ജനറേഷൻ കോഴ്സുകളും ആരംഭിക്കാൻ തയ്യാറാകണം. ഇന്ന് രാവിലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, എന്റെ നിയോജകമണ്ഡലത്തിൽ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളായ കാഞ്ഞിരപ്പുഴ അണക്കെട്ട്, ശിരുവാണി, മീൻവല്ലം വെള്ളച്ചാട്ടം തുടങ്ങിയവയെ കോർത്തിണക്കിയൊരു ഇക്കോ ടൂറിസം ഹബ്ബ് ആരംഭിക്കണം. അതുപോലെ ഇന്ത്യയിൽ ആദ്യമായി വൈദ്യുതി ഉൽപാദിപ്പിക്കപ്പെട്ട ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം പാലക്കാട് ജില്ലാ പഞ്ചായത്താണ്. അത് കരിമ്പയിലെ മീൻവല്ലത്താണ്.

അതുമായി ബന്ധപ്പെട്ട് ആറ്റ്ല, വട്ടപ്പാറ എന്നീ രണ്ട് വെള്ളച്ചാട്ടങ്ങൾ അവിടെയുണ്ട്. ഈ രണ്ട് പ്രദേശങ്ങളിലും മിനി ഹൈഡൽ പ്രോജക്ടുകൾ കൊണ്ടുവരുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. പറളിയെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിന്റെ കായിക ഭൂപടത്തിൽ പാലക്കാട് ജില്ലയെ രേഖപ്പെടുത്തിയതിൽ പറളി ഹയർ സെക്കൻഡറി സ്കൂൾ ഒന്നാം സ്ഥാനത്താണ്. ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കിഫ്ബിയിൽ ഉൾപ്പെടുത്തി ഏഴരക്കോടി രൂപ ചെലവഴിച്ച് അതിമനോഹരമായ, അത്യാധുനിക പരിശീലനത്തിന് ആവശ്യമായ സംവിധാനങ്ങളുണ്ടാക്കിയിട്ടുണ്ട്. കൂടാതെ, പാലക്കാട് ജില്ലയിലെ ഒരു സ്പോർട്സ് അക്കാദമി എന്ന നിലയിൽ ഒരു അക്കാദമി പറളിയിൽ കൊണ്ടുവരാൻ പ്രിയപ്പെട്ട മന്ത്രി ശ്രദ്ധിക്കണമെന്നും പറഞ്ഞുകൊണ്ട് ഈ ബജറ്റിനെ പൂർണമായും പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ച 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിനെ ഞാൻ പൂർണമായും പിന്താങ്ങുന്നു. കേന്ദ്ര സർക്കാരിന്റെ ഉപരോധ സമാനമായ സാമ്പത്തിക അവഗണനയിലും കേരളത്തിനുണ്ടായ സാമ്പത്തിക ഞെരുക്കത്തെ മികച്ച ധനകാര്യ മാനേജ്മെന്റുകൊണ്ട് മറികടക്കുന്നതാണ് ഈ ഘട്ടത്തിൽ നമുക്ക് കാണാൻ സാധിച്ചത്. ബജറ്റ് അവതരിപ്പിച്ച വേളയിൽ ബഹുമാനപ്പെട്ട മന്ത്രി വളരെ പോസിറ്റീവായി, സംസ്ഥാനം ഒരു പുതിയ ടേക്ക് ഓഫിന് തയ്യാറായിരിക്കുന്നുവെന്നും സാമ്പത്തിക ഞെരുക്കത്തെ മറികടന്നുകൊണ്ട് പുതിയ മേച്ചിൽപുറങ്ങളിലേയ്ക്ക്, വികസനത്തിന്റെ പുതിയ ധാരയിലേയ്ക്ക് എത്തുന്നുവെന്നുമുള്ള ശുഭസൂചകമായിട്ടുള്ള അവതരണത്തോടുകൂടിയാണ് ബജറ്റിന് തുടക്കംക്കുറിച്ചത്. എന്താണ് നമ്മുടെ സാഹചര്യം? കേന്ദ്ര സർക്കാരിന്റെ ബജറ്റിൽ കേരളത്തെ പാടെ അവഗണിച്ചുവെന്ന് പറയാതിരിക്കാൻ വയ്യ. കേരളമെന്ന വാക്കുപോലും ഒരിടത്തും ഉച്ചരിക്കാത്ത രീതിയിലായിരുന്നു ബജറ്റ് അവതരിപ്പിച്ചത്. മാന്ദ്യവിരുദ്ധ പാക്കേജിനായി

24,000 കോടി രൂപയും മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിന്റെ പുനരധിവാസ പാക്കേജിനായി 2000 കോടി രൂപയും ആവശ്യപ്പെട്ടെങ്കിലും നൽകിയില്ല. നൽകുമെന്ന് വളരെ പ്രതീക്ഷയായിരുന്നു, പക്ഷെ നൽകിയില്ല. പ്രധാനമന്ത്രി നേരിട്ട് അവിടം സന്ദർശിച്ചതാണ്. NHAI-യുടെ വികസനത്തിനായി കിഫ്ബിയിൽനിന്നും എടുത്ത 6500 കോടി രൂപയ്ക്ക് പകരമായി കടമെടുക്കാനുള്ള അവകാശം ആവശ്യപ്പെട്ടെങ്കിലും അതും നൽകിയില്ല. വി.ജി.എഫ്. (വയബിലിറ്റി ഗ്യാപ് ഫണ്ട്) ഉൾപ്പെടെയുള്ള വിഴിഞ്ഞം പാക്കേജിനായി 5000 കോടി രൂപ ആവശ്യപ്പെട്ടതും നൽകിയില്ല. കേരളത്തിൽ എയിംസ് അനുവദിക്കണമെന്നത് ഏകദേശം 10 വർഷമായി നീണ്ടുനിൽക്കുന്ന ഒരു ആവശ്യമാണ്. അതും അനുവദിച്ചില്ല. ഇതൊന്നും പരിഗണിച്ചില്ല. ഇങ്ങനെ ഒരു കേരള വിരുദ്ധ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് മലയാളികളെ വെല്ലുവിളിക്കുന്ന ഒരു രീതിയുമായാണ് കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത്. കേന്ദ്രത്തിന്റെ ഈ സാമ്പത്തിക അവഗണനയ്ക്കെതിരെ, നമ്മുടെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുന്നതും സർക്കാരിനെതിരെ സാമ്പത്തിക ഉപരോധം തീർക്കുന്നതുമായിട്ടുള്ള ഈ

നിലപാടിനെതിരെ നമ്മുടെ ഗവൺമെന്റിന് സുപ്രീംകോടതിയെ സമീപിക്കേണ്ടിവന്നു. എനിക്ക് തോന്നുന്നു, ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് കേന്ദ്ര സർക്കാരിനെതിരെ ഒരു സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിക്കുന്നത്. നമ്മുടെ ഫെഡറൽ സംവിധാനത്തെ നിലനിർത്താൻ വേണ്ടിയുള്ള ഒരു വലിയ സമരത്തിന്റെ ഭാഗമായിട്ടാണ് ഇതിനെ നാം കാണേണ്ടത്. ഇന്നിപ്പോൾ സുപ്രീംകോടതി അത് അഞ്ചംഗ ഭരണഘടനാ ബഞ്ചിന് വിട്ടിരിക്കുകയാണ്. ഇപ്പോൾ നമ്മളോടൊപ്പം മറ്റ് സംസ്ഥാനങ്ങളും ഈ വിഷയത്തിൽ കക്ഷി ചേർന്നിരിക്കുകയാണ്. അത് വളരെ ശുഭസൂചകമായിട്ടുള്ളൊരു കാര്യമാണ്. ഈ നാടിന്റെ വികസനത്തെ പിന്നോട്ടടിപ്പിക്കുന്ന കേന്ദ്ര നയങ്ങളെ മറികടക്കാൻ പ്ലാൻ വിഭവങ്ങൾ മാത്രം മതിയാകാതെവരും. അർഹമായ കേന്ദ്ര വിഹിതം ലഭ്യമാക്കാതിരിക്കുകയും ലഭ്യമാക്കുന്നതുതന്നെ വൈകിപ്പിക്കുകയും ഗ്രാന്റുകൾ വെട്ടിക്കുറയ്ക്കുകയും ചെയ്യുന്ന അവസരത്തിൽ ബദൽ മാർഗ്ഗങ്ങൾ ആലോചിക്കേണ്ടിവരും. അങ്ങനെ നമ്മൾ പരീക്ഷിച്ച കിഫ്ബി എന്ന പദ്ധതി ഏറ്റവും വിജയകരമായിരുന്നു. നമ്മുടെ മൂലധന

ചെലവിൽ കഴിഞ്ഞ അഞ്ചാറ് വർഷങ്ങൾകൊണ്ടുണ്ടായ പുരോഗതി കാണാതിരിക്കാൻ സാധിക്കില്ല. ഈ അവസരത്തിൽ ജനോപകാരപ്രദമായ, സാമൂഹിക പെൻഷൻ അടക്കമുള്ള സാമൂഹ്യ നീതിയിൽ അനുസൃതമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ വികസന കാര്യത്തിൽ ഒരിഞ്ചുപോലും നമ്മൾ പിന്നോട്ടുപോകാൻ തയ്യാറായില്ലെന്നത് എടുത്തുകാണണം. ഇന്നലത്തെ ചർച്ചകളിൽ പ്രതിപക്ഷാംഗങ്ങൾ കിഫ്ബിയെക്കുറിച്ച് ആശങ്ക പ്രകടിപ്പിക്കുകയും കിഫ്ബി എന്നത് തെറ്റായ തീരുമാനമായിരുവെന്ന് ആവർത്തിച്ച് സംസാരിക്കുകയും ചെയ്തു. കിഫ്ബി വഴി നടപ്പാക്കിയ ഈ പദ്ധതികൾ പ്ലാൻ ഫണ്ട് വഴി നടപ്പാക്കാൻ തീരുമാനിച്ചിരുന്നെങ്കിൽ അടുത്ത പത്തോ പതിനഞ്ചോ ഇരുപതോ വർഷംകൊണ്ടുമാത്രമെ പൂർത്തിയാക്കാൻ സാധിക്കുമായിരുന്നുള്ളൂ. ആ പദ്ധതികളാണ് ഈ കുറഞ്ഞ കാലയളവുകൊണ്ട് നടപ്പാക്കാൻ സാധിച്ചത്. അക്കാര്യം എടുത്തുപറയേണ്ടതാണ്. ഇവിടത്തെ വിഷയം പലപ്പോഴും പ്രവൃത്തികൾ പൂർത്തിയാക്കാൻ കാലതാമസം വരുന്നുവെന്നതാണ്. അതിനുള്ള കാരണം കിഫ്ബിയുടെ മാനദണ്ഡങ്ങളനുസരിച്ച് എസ്.പി.വി.-

ക്കോ കോൺട്രക്ടർമാർക്കോ എത്താൻ സാധിക്കുന്നില്ലെന്നത് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. അതിനെല്ലാം പരിഹാരം കണ്ടെത്തി എത്രയും വേഗത്തിൽ പദ്ധതി പൂർത്തിയാക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം. കിഫ്ബിയുടെ റവന്യൂ മോഡലിനെക്കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി. ഇന്ന് ബഹുമാനപ്പെട്ട പിറവം അംഗം കിഫ്ബി റോഡുകൾക്ക് ടോൾ പിരിക്കുമോ എന്ന് ചോദിച്ചു. അങ്ങനെയൊരു പ്രഖ്യാപനം ബജറ്റിലുണ്ടാകാത്ത സാഹചര്യത്തിൽ ആ ചോദ്യത്തിന്റെ കാര്യമുണ്ടായിരുന്നില്ല. അതുസംബന്ധിച്ച് ചർച്ച നടക്കുകയായിരുന്നെങ്കിൽ സംസാരിക്കാമായിരുന്നു. റവന്യൂ ജനറേറ്റ് ചെയ്യാൻ സാധിക്കുന്ന ബദൽ മാർഗ്ഗങ്ങൾ എങ്ങനെ കണ്ടെത്താമെന്ന് ബജറ്റിൽ പറയുന്നുണ്ട്. കൊല്ലം കൊട്ടാരക്കര ഐ.ടി. പാർക്കിനെക്കുറിച്ച് സംസാരിച്ചു. അവിടെ സ്വകാര്യ വസ്തുക്കൾ ഏറ്റെടുക്കാതെ തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും പക്കലുള്ള സ്ഥലങ്ങളിൽ ഷോപ്പിങ് കോംപ്ലക്സുകളും ഐ.ടി. പാർക്കുകളും മാളുകളുമൊക്കെ നിർമ്മിച്ച് ഒരു റവന്യൂ ജനറേറ്റിങ് മോഡലിനെക്കുറിച്ച് അവതരിപ്പിക്കുകയുണ്ടായി. അത്തരം പോസിറ്റീവായ

ചർച്ചകളിലേയ്ക്ക് നമ്മൾ കടക്കണം. അതുപോലെ ഹോസ്പിറ്റലുകളും ടൂറിസം സെന്ററുകളും കിഫ്ബി വഴി വികസിപ്പിക്കാൻ സാധിക്കണം. ആശുപത്രികളിൽ പേവാർഡുകൾ ഉൾപ്പെടെ കിഫ്ബി വഴി വികസിപ്പിച്ചാൽ എച്ച്.എം.സി.-ക്ക് പോലും ഗുണകരമാകുന്ന രീതിയിലേയ്ക്ക് പദ്ധതിയെ മാറ്റാൻ സാധിക്കും. അതിനെയൊക്കെ നമ്മൾ എതിർക്കേണ്ട കാര്യമില്ല. രാജ്യം ഇന്നുവരെ കാണാത്ത രീതിയിൽ ബി.ജെ.പി. സർക്കാർ സംസ്ഥാനത്തിനുനേരെ വിവേചനപരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ മതേതര സമൂഹമായ കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നത് പ്രതിപക്ഷം കുറച്ചുകൂടി ക്രിയേറ്റീവ് ഒപ്പോസിഷനായി മാറണമെന്നുള്ളതാണ്. കിഫ്ബിപോലുള്ള പദ്ധതികളെ ഡിസ്ട്രക്റ്റ് ചെയ്ത് ഒരു ഡിസ്ട്രക്റ്റീവ് ഒപ്പോസിഷനായി മാറരുതെന്നുള്ളതാണ് ഇത്തരുണത്തിൽ എനിക്ക് വിനീതമായി അഭ്യർഥിക്കാനുള്ളത്. കഴിഞ്ഞ പത്ത് വർഷത്തെ കണക്ക് പരിശോധിക്കുമ്പോൾ നമ്മുടെ തനത് വരുമാനത്തിലും നികുതിയേതര വരുമാനത്തിലും ഇരട്ടിയോളം വർധനവുണ്ടെന്നത് കാണാതെപോകരുത്. നികുതി പിരിവിനെ കൗടില്യന്റെ

അർത്ഥശാസ്ത്രത്തിലെ വാചകവുമായാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എപ്പോഴും താരതമ്യം ചെയ്യുന്നത്. ഒരു പൂവിൽനിന്നും ഒരു വണ്ട് തേനെടുക്കുന്നതുപോലെതന്നെ അത്രയും ലളിതമായും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിലുമായിരിക്കണമെന്നാണ് പറയുന്നത്. അതുതന്നെയല്ലേ സംഭവിച്ചത്; നമ്മുടെ നികുതി വരുമാനങ്ങൾ ഇക്കാലയളവിൽ ഇരട്ടിയാക്കാൻ സാധിച്ചു. ഭാരിച്ച ബുദ്ധിമുട്ടുകൾ ജനങ്ങളിലേയ്ക്ക് എത്തിച്ചില്ലെന്നത് എടുത്തുപറയേണ്ടതുണ്ട്. ഇന്നലത്തെ ചർച്ചയിൽ Ease of Doing Business-ൽ കേരളം ഒന്നാമത് വന്നുവെന്ന് പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മൂവാറ്റുപുഴ അംഗം അതിനെ താരതമ്യപ്പെടുത്തിയത് പരീക്ഷയിൽ തോറ്റകുട്ടികൾ സേ പരീക്ഷ എഴുതിയിട്ട് അതിൽ ഒന്നാം റാങ്ക് ലഭിച്ചുവെന്ന് പറയുന്നതുപോലെയാണെന്നാണ്. അദ്ദേഹം പരിഹാസ രൂപേണയാണ് അത് സൂചിപ്പിച്ചത്. പക്ഷെ അദ്ദേഹത്തിന്റെ അറിവിലേയ്ക്ക് ഞാൻ പറയുകയാണ് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കീഴിൽ Department for Promotion of Industry and Internal Trade ചെയ്തിട്ടുള്ള

State Business Reform Action Plan അഥവാ Ease of Doing Business എന്ന പദ്ധതിയിൽ ഓരോ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും എത്രത്തോളം പുരോഗതി വരുത്തിയെന്നുള്ളതിനെ ഒരു സർവേയിലൂടെ കണ്ടെത്തിയിട്ടാണ് മികച്ച സംസ്ഥാനങ്ങളെ തിരഞ്ഞെടുത്തത്. ഇതിൽ ഒൻപത് Reforms വരുത്തിയ നമ്മുടെ വ്യവസായ വകുപ്പിനെയാണ് കേന്ദ്ര വ്യവസായ മന്ത്രി അനുമോദിച്ചത്. സംസ്ഥാന വ്യവസായ വകുപ്പുമന്ത്രിമാരുടെ സമ്മിറ്റിൽവച്ചാണ് ആദരവ് നൽകിയത്. ഇതിനെ നമ്മൾ അഭിമാനത്തോടെയല്ലേ കാണേണ്ടത്; നമ്മുടെ നാടിനുണ്ടായ മാറ്റത്തെ സ്വീകരിക്കുകയല്ലേ ചെയ്യേണ്ടത്; അതിനുപകരം അത് തെറ്റായ കാപ്സ്യൂളുകളാണെന്നും ഭരണപക്ഷത്തെ ചൂണ്ടിക്കാണിച്ച് ഞങ്ങൾ അത് വിഴുങ്ങിയെന്നുമുള്ള രീതിയിൽ അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം അത് ഒന്നുകൂടി പഠിച്ച് തിരുത്തണമെന്ന് ആവശ്യപ്പെടുകയാണ്. Ease of Doing Business-ൽ രണ്ടാം സ്ഥാനത്ത് വന്നത് ആന്ധ്രാപ്രദേശും മൂന്നാം സ്ഥാനത്തുവന്നത് ഗുജറാത്തുമാണ്. ഇവിടെയെല്ലാം അവർ Reforms വരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുത്തത്.

ഇൻവെസ്റ്റർമാരുടെയും മറ്റ് ബിസിനസ്സ് ജേണലുകളുടെയുമൊക്കെ അഭിപ്രായം ആരാഞ്ഞുകൊണ്ടാണ് ഇത്തരത്തിലുള്ള തിരഞ്ഞെടുപ്പുണ്ടായത്. കേന്ദ്ര സർക്കാർ ബജറ്റിൽ വച്ചിട്ടുള്ള Sector-Specific Loan, പലിശ രഹിതമായുള്ള Special Assistance Scheme-മിൽ ഏതാണ്ട് ഒന്നര ലക്ഷം കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ലോണിന്റെ കാലാവധി 50 വർഷമാണ്. സംസ്ഥാനത്തിന്റെ മികച്ച പ്രവർത്തനത്തിലൂടെ ആ ഫണ്ട് പരമാവധി നേടിയെടുക്കാനുള്ള സംവിധാനം നമ്മുടെ സംസ്ഥാന ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് സന്ദർഭവശാൽ സൂചിപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തെക്കുറിച്ച് പറയുമ്പോൾ ചവറയിലെ ജനങ്ങൾ ഒറ്റക്കാര്യംകൊണ്ട് വളരെ പ്രതീക്ഷയോടുകൂടിയാണ് ബജറ്റിനെ നോക്കിക്കണ്ടത്. കെ.എം.എം.എൽ.-ന്റെ പരിസര പ്രദേശത്തായി ചിറ്റൂർ, പന്മന, കളരി എന്നീ വാർഡുകളിലായി മലിനീകരിക്കപ്പെട്ട് കിടക്കുന്ന ഭൂമിയുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് അവ ഘട്ടംഘട്ടമായി എടുക്കാമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 76 ഏക്കർ ഒന്നാം ഘട്ടമായി എടുക്കണമെന്ന്

തീരുമാനിച്ചിരുന്നു. വിഴിഞ്ഞം, ഡി.പി. വേൾഡ് എന്നിവയുടെ തുറമുഖങ്ങളൊക്കെ ഇപ്പോൾ വന്ന സ്ഥിതിക്ക് ഒരു ലോജിസ്റ്റിക് പാർക്കാക്കാൻ നല്ല സാഹചര്യമാണുള്ളത്. നാഷണൽ വാട്ടർവേ, റയിൽവേ, നാഷണൽ ഹൈവേ എന്നിവയുടെ സാമീപ്യവുമുണ്ട്. ലാൻഡ് പൂളിലേയ്ക്ക് കിൻഫ്ര വഴി കിഫ്ബി ഫണ്ട് ഉപയോഗിച്ചുകൊണ്ട് ഈ സാധ്യത പരീക്ഷിക്കണം. അതല്ലെങ്കിൽ ഐ.ആർ.ഇ.-യും കെ.എം.എം.എൽ.-ലും ചേർന്ന് പുതിയ പ്രോഡക്റ്റുകൾ ഉൽപാദിപ്പിക്കാനുള്ള സംയുക്ത പദ്ധതികൾ ആരംഭിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അതിനായിട്ടോ അല്ലെങ്കിൽ ഡി.ആർ.ഡി.ഒ.-യും ഐ.എസ്.ആർ.ഒ.-യും കെ.എം.എം.എൽ.-ലും ചേർന്നുള്ള സ്പോ**ഞ്ച്** നിർമ്മാണ യൂണിറ്റ് എന്ന രീതിയിലും ചിന്തിക്കുന്നുണ്ട്. എങ്ങനെയായാലും ഈ സ്ഥലം ഏറ്റെടുക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. നിർദിഷ്ട തീരദേശ ഹൈവേയുടെ നിർദേശം വന്നപ്പോൾ ചവറ നിയോജകമണ്ഡലത്തിലെ നീണ്ടകര, ചവറ, പന്മന പഞ്ചായത്തിന്റെ ഭാഗികമായ ഭാഗം എന്നിവ ഒഴിവാക്കിക്കൊണ്ടാണ് പോകുന്നത്. തീരദേശ

ഹൈവേ വരുമ്പോൾ ആ പ്രദേശത്തിനുണ്ടാകുന്ന വികസനം, പ്രത്യേകിച്ച് അത് മത്സ്യബന്ധ മേഖലയാണ്, ഒരു സൈഡ് കായലും മറുസൈഡ് കടലുമായി കിടക്കുന്ന ഏറ്റവും മനോഹരമായ ടൂറിസ്റ്റ് ഭൂപടമാണ്, അതിൽ ജനങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങൾ പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾക്ക് ടൂറിസം മേഖലയിലേയ്ക്ക് അവരുടെ വ്യവസായം കൊണ്ടുവരാൻ അനന്തസാധ്യതയാണുള്ളത്. ആ പ്ലാനിൽ മാറ്റംവരുത്താൻ സർക്കാരിന്റെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ബജറ്റിന് പൂർണ്ണ പിന്തുണ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ ഈ ബജറ്റിനെ എതിർക്കുകയാണ്. ഇടതുപക്ഷ നയങ്ങളെ തുണവൽക്കരിച്ചുകൊണ്ട് മുതലാളിത്ത സമീപനങ്ങൾക്ക് പാലൂട്ടുന്ന, കേരള ജനതയുടെ സാമാന്യബോധത്തെ വെല്ലുവിളിക്കുന്ന സി.പി.ഐ.(എം.) നയങ്ങളാണ് ഈ ബജറ്റിലുടനീളം നമുക്ക് കാണാൻ സാധിക്കുന്നത്. കഴിഞ്ഞ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പട്ടിക വർഗ്ഗ വിഭാഗത്തിനുള്ള 111 കോടി രൂപയും പട്ടിക ജാതി വിഭാഗത്തിനുള്ള 500 കോടി രൂപയും ലൈഫ് മിഷൻ

പദ്ധതിക്കുള്ള 180 കോടി രൂപയും പിന്നാക്ക വികസന കോർപ്പറേഷന്റെ ഒൻപത് കോടി രൂപയിൽ നിന്ന് ഏഴരക്കോടി രൂപയായും വെട്ടിക്കുറച്ചു. വിദ്യാർഥികളുടെ സ്കോളർഷിപ്പ് തുകയും ഉച്ചഭക്ഷണ തുകയും കുറച്ചു. ഇങ്ങനെ എല്ലാ തുകകളും വെട്ടിക്കുറച്ചതായാണ് ഈ ബജറ്റിൽ കാണാൻ സാധിക്കുന്നത്. പാവപ്പെട്ട പാചകത്തൊഴിലാളികളുടെ ഇൻസെന്റീവ് മാസങ്ങളായി മുടങ്ങിക്കിടക്കുകയാണ്. അത് നൽകാനുള്ള തീരുമാനമെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ധാരാളം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയെന്ന നിലയിൽ ആ തൊഴിലാളികൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. കഴിഞ്ഞ ബജറ്റിലും സർക്കാർ ധാരാളം പ്രഖ്യാപനങ്ങൾ നടത്തിയിരുന്നു. പക്ഷെ അതൊന്നും നടപ്പാക്കുന്നത് കാണാൻ സാധിക്കുന്നില്ല. കഴിഞ്ഞ ബജറ്റിൽ ആരോഗ്യമേഖലയിൽ വിദേശത്തുള്ളവർക്ക് ഉൾപ്പെടെ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ നാട്ടിലുള്ളവർക്കുപോലും ചികിത്സ ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. പല മെഡിക്കൽ കോളേജുകളുടെയും അവസ്ഥ വളരെ ദയനീയമാണ്. മരുന്നുകൾ കിട്ടാനില്ല. ആശുപത്രിയിൽ

രോഗികൾ വലിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. മതിയായ സ്റ്റാഫുകളില്ല. നിലവിലുള്ളവർക്ക് ജോലിഭാരം കൂടുന്നത് രോഗികൾക്ക് ബുദ്ധിമുട്ടാക്കുന്ന സാഹചര്യമുണ്ടാകുന്നു. ഡയാലിസിസിന് ആവശ്യമായ മരുന്നുകൾ ലഭ്യമല്ലാത്തതുകാരണം കോഴിക്കോട് മെഡിക്കൽ കോളേജിൽ ഡയാലിസിസ് രോഗികൾ വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. പുറമെ നിന്ന് വലിയ തുക കൊടുത്ത് മരുന്ന് വാങ്ങേണ്ടിവരുന്നു. സ്വകാര്യ മരുന്ന് കമ്പനികൾ ഇവരെ വലിയതോതിൽ ചൂഷണം ചെയ്യുകയാണ്. ആരോഗ്യമേഖലയിലേയ്ക്ക് ആവശ്യമായ ധനസഹായം നൽകി പാവപ്പെട്ട ജനങ്ങൾക്ക് മതിയായ ചികിത്സാ സൗകര്യം ലഭിക്കാനാവശ്യമായ പദ്ധതികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് സൂചിപ്പിക്കുന്നത്. മത്സ്യത്തൊഴിലാളി വനിതകൾക്ക് വിധവാ പെൻഷൻ മുടങ്ങിയിട്ട് മാസങ്ങളായി. ഏകദേശം ആറ് മാസത്തിലധികമായി പെൻഷൻ കൊടുക്കാൻ സാധിക്കാത്ത സാഹചര്യമാണ്. മാത്രമല്ല, കേരളത്തിലെ കടൽത്തീരങ്ങൾ സുരക്ഷിതമല്ല. കടൽഭിത്തികൾ നിർമ്മിക്കുന്നതിൽ അശാസ്ത്രീയ രീതികൾ തുടർന്ന് വരികയാണ്. എന്റെ

നിയോജകമണ്ഡലത്തിൽ ഏകദേശം പത്ത് കിലോമീറ്ററിലധികം കാലപ്പഴക്കമുള്ള കടൽഭിത്തികളാണുള്ളത്. ഇവ വലിയതോതിൽ ഇവരുടെ ജീവിതത്തെ ബാധിക്കുകയാണ്. ഇത് പരിഹരിക്കാനാവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. 'പുനർഗേഹം' ഉൾപ്പെടെയുള്ള പദ്ധതികളിൽ വളരെ ചെറിയ തുകയാണ് ബജറ്റിൽ നീക്കിവച്ചിരിക്കുന്നത്. ഈ തുകകൊണ്ട് സാധാരണക്കാർക്ക് വീട് വയ്ക്കാനോ സ്ഥലം വാങ്ങാനോ കഴിയില്ല. കൂടാതെ സർക്കാർ ജീവനക്കാർക്ക് നൽകാനുള്ള 42000 കോടി രൂപ തടഞ്ഞ് വച്ചിരിക്കുകയാണ്. ജൽ ജീവൻ മിഷന്റെ ഭാഗമായി 400 കോടി രൂപ നൽകാനുണ്ട്. ഇത്തരം പദ്ധതികൾക്ക് നൽകാനുള്ള തുക കുടിശ്ശികയാകുന്ന സാഹചര്യമാണ് തുടർച്ചയായി കാണുന്നത്. കോടതി ഫീസുകൾ വലിയ തോതിൽ വർധിച്ച സാഹചര്യമാണ്. സ്ത്രീകൾ ഉൾപ്പെടെയുള്ള പാവപ്പെട്ട ആളുകൾക്ക് കോടതിയെ ആശ്രയിക്കേണ്ടിവരികയാണെങ്കിൽ, അവർക്ക് നീതിപോലും ലഭ്യമാക്കാൻ കഴിയാത്ത രൂപത്തിലേയ്ക്ക് കഴിഞ്ഞതവണയും ഇത്തവണയും കോടതി ഫീസ് വർധിപ്പിക്കുകയുണ്ടായി. ഭൂനികുതിയിൽ പകുതിയിലധികം

തുക വർധിപ്പിച്ചിരിക്കുകയാണ്. ഇങ്ങനെ എല്ലാ അർഥത്തിലും സാധാരണക്കാരെ ഈ ബജറ്റിലൂടെ ദ്രോഹിക്കുകയാണ്. ദാരിദ്ര്യത്തിന്റെ ശതകോടിയിൽ, യഥേഷ്ടം കച്ചവടം നടത്തിയിട്ടും രക്ഷനേടാതെ വൻഇളവുമായി മദ്യനിർമ്മാണ കമ്പനിയെ രംഗത്തിറക്കിയിരിക്കുകയാണ് ഈ തൊഴിലാളി സർക്കാർ. മദ്യനിർമ്മാണ കമ്പനിയാകട്ടെ, കേരള സർക്കാരിന്റെ മദ്യനയം മുൻകൂട്ടി കണ്ടിട്ടാകും മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിലേയ്ക്കുകൂടി അവർ ഇപ്പോൾ നീങ്ങുന്നത്. ഇതെല്ലാം ഇടതുപക്ഷ സർക്കാരിന്റെ പുതിയ നയമാണോയെന്ന് വിശദീകരിച്ചാൽ നന്നായിരിക്കും. കേന്ദ്ര അവഗണനയെക്കുറിച്ച് വാതോരാതെ സംസാരിക്കുന്ന ഭരണപക്ഷവും സർക്കാരും പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളെ ഏത് രൂപത്തിലാണ് അവഗണിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. എന്റെ നിയോജകമണ്ഡലത്തിന്റെ തൊട്ടടുത്ത നിയോജകമണ്ഡലങ്ങളിൽ പതിനാറും പതിനേഴും കോടിയോളം രൂപ വീതം അനുവദിച്ചപ്പോൾ അഞ്ച് കോടി രൂപമാത്രമാണ് എന്റെ നിയോജകമണ്ഡലത്തിലേയ്ക്ക് നീക്കി വച്ചിരിക്കുന്നത്.

വടകരയിലെ ചോമ്പാൽ ഫിഷിംഗ് ഹാർബർ വളരെ കാലമായി പരിതാപകരമായ അവസ്ഥയിലാണ്. ഇക്കാര്യം നിരവധി തവണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. നാളിതുവരെയും യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഈ ബജറ്റിൽ അതിനുവേണ്ടി ഒരു തുക നീക്കി വയ്ക്കാൻ സർക്കാർ തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. സർക്കാരിനെ കിഫ്ബി മറ്റൊരു തരത്തിലേയ്ക്ക് മാറ്റിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഒരിക്കൽക്കൂടി ബജറ്റിനെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന തുടരുന്ന സാഹചര്യത്തിലും പ്രതീക്ഷാനിർഭരമായ ഒരു ബജറ്റാണ് കേരളത്തിന്റെ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. കേരള ബജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പാണ് കേന്ദ്ര ബജറ്റ് അവതരിപ്പിക്കപ്പെട്ടത്. കേന്ദ്ര ബജറ്റിലൂടെ കേന്ദ്രം കേരളത്തെ ശത്രുവായി പ്രഖ്യാപിച്ചിരിക്കുന്നെന്ന് ആവർത്തിച്ച് പറയുന്ന സാഹചര്യമാണ് കാണാൻ കഴിയുന്നത്. കേരളത്തിന്റെ വികസന

നേട്ടങ്ങളാണ് സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നൽകാതിരിക്കുന്നതിന് കാരണമെന്ന് കേരളത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട രണ്ട് കേന്ദ്ര മന്ത്രിമാർ പറയുന്നത് കേരളത്തിന്റെ ദൗർഭാഗ്യകരമായ അവസ്ഥയാണെന്ന് പറയാതിരിക്കാൻ കഴിയില്ല. കേന്ദ്രം ഭരിക്കുന്ന പാർട്ടി നേതാക്കളുടെ സ്വത്തിന്റെ ഒരു ഭാഗമല്ല കേരളത്തിലെ ജനങ്ങൾ ആവശ്യപ്പെടുന്നത്. ഈ നാട്ടിലെ ജനങ്ങളുടെ വിയർപ്പിന്റെ ഓഹരിയാണ് ചോദിക്കുന്നതെന്ന ബോധ്യം കേന്ദ്ര സർക്കാരിനുണ്ടാകണമെന്നും ഇവിടെ സൂചിപ്പിക്കുകയാണ്. ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുകയാണ്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് യഥേഷ്ടം പണം അനുവദിക്കുകയാണ്. ഉത്തർപ്രദേശ് പോലുള്ള സംസ്ഥാനങ്ങൾക്ക് ആകെ നികുതി വരുമാനത്തിന്റെ 18 ശതമാനവും ബി.ജെ.പി.-യെ ഏറ്റവും ശക്തമായി എതിർക്കുന്ന, മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായ കേരളത്തിന് കേവലം 1.92 ശതമാനവും വിഹിതം നൽകുന്ന രീതിയിൽ

ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ, സംസ്ഥാനങ്ങളുടെ ജനസംഖ്യാനുപാതം നോക്കണമെന്നാണ് സംഘി ചാനലുകളിൽ ആർ.എസ്.എസ്./ബി.ജെ.പി. അനുഭാവികൾ ഉറഞ്ഞുതുള്ളി പറയുന്നത്. ജനസംഖ്യാനുപാതത്തിന്റെ കണക്കനുസരിച്ച് കേരളത്തേക്കാൾ ജനസംഖ്യ കുറഞ്ഞ സംസ്ഥാനമാണ് ഛത്തീസ്ഗഢ്. കേരളത്തിന് നൽകുന്ന നികുതി വിഹിതത്തിന്റെ ഇരട്ടിത്തുക അവിടെ നൽകുകയാണ്. കേരളത്തിലെ പോലെ ജനസംഖ്യയുള്ള ആസാമിലും കേരളത്തിന് അനുവദിച്ചതിനേക്കാൾ ഇരട്ടിത്തുക നൽകുകയാണ്. ബി.ജെ.പി.-ക്കെതിരായ നിലപാട് സ്വീകരിക്കുന്നു എന്നതിന്റെ പേരിൽ കേരളത്തോട് ശത്രുതാ മനോഭാവം കാണിക്കുന്നത് അതീവ ദുഃഖകരമാണ്. ഇന്ത്യ കണ്ട ഏറ്റവും വലിയ ദുരന്തങ്ങളിലൊന്നായിരുന്നു മുണ്ടക്കൈ-ചൂരൽമലയിൽ സംഭവിച്ചത്. ദുരന്തം നടന്ന് ദിവസങ്ങൾക്കകം അവിടെയെത്തിയ പ്രധാനമന്ത്രിയെക്കുറിച്ചും അദ്ദേഹത്തിന്റെ താടിയെക്കുറിച്ചും വാർത്തയെഴുതിയ മാധ്യമങ്ങളും ലേഖനങ്ങൾ സൃഷ്ടിച്ചവരും കേന്ദ്രസർക്കാർ,

കേരളത്തിലെ ദുരന്തഭൂമിക്കുവേണ്ടി ഒരു നയാ പൈസപോലും നീക്കിവച്ചിട്ടില്ലെന്ന കാര്യം എങ്ങനെയാണ് നോക്കിക്കണ്ടതെന്ന് നമ്മുടെ സഭ ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളോട് ഇവർ സ്വീകരിക്കുന്ന സമീപനം ഇങ്ങനെയല്ല. നമ്മളേക്കാൾ കുറഞ്ഞ ആഘാതമുണ്ടായ സംസ്ഥാനങ്ങൾക്ക് വാരിക്കോരി നഷ്ടപരിഹാരം നൽകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിഞ്ഞത്. ബജറ്റിന്റെ ഭാഗമായി ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നീ സംസ്ഥാനങ്ങൾക്ക് 3448 കോടി രൂപയും ദുരന്തത്തിന്റെ ഭാഗമായി ബീഹാറിന് 11500 കോടി രൂപയും മഹാരാഷ്ട്രയ്ക്ക് 1492 കോടി രൂപയും ആസാമിന് 716 കോടി രൂപയും നീക്കിവച്ചു. ഏതുവിധേനയും കേരളം രക്ഷപ്പെടരുതെന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ബജറ്റിനെ എങ്ങനെ മറികടക്കാമെന്ന ദീർഘവീക്ഷണത്തിന്റെ കാഴ്ചപ്പാടിലാണ്, വരുമാനം പരമാവധി വർധിപ്പിച്ചുകൊണ്ട് കേരളസർക്കാർ പിടിച്ചുനിൽക്കുന്നതെന്നാണ് ഈ അവസരത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളം പ്രതീക്ഷയോടുകൂടി കാത്തുനിന്ന AIIMS നമുക്ക് ലഭ്യമാകുന്നില്ല. വിഴിഞ്ഞം പദ്ധതിക്ക്

ആവശ്യമായ തുക അനുവദിക്കുന്നില്ല. മറ്റ് പദ്ധതികളില്ല. കേരളത്തിലെ ജനത ഇന്ത്യയിലെ ജനതയല്ലെന്ന് സംശയിപ്പിക്കുന്ന വിധത്തിലാണ് കേന്ദ്രസർക്കാരിന്റെ ബജറ്റ്. ഈ അവസരത്തിൽ, ഇവിടത്തെ ജനങ്ങൾ കേരള ബജറ്റിനെ കൂടുതൽ പ്രതീക്ഷയോടെയാണ് കാണുന്നതെന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ 2001 എന്ന വർഷത്തെ നമുക്ക് മറക്കാൻ കഴിയില്ല. 2001 ജനുവരി 26-നാണ് ഗുജറാത്തിലെ കച്ച് ജില്ലയിൽ വലിയൊരു ദുരന്തം സംഭവിച്ചത്. ഇന്നത്തെ ഇന്ത്യയുടെ പ്രധാനമന്ത്രിയായ ശ്രീ. നരേന്ദ്ര ദാമോദർദാസ് മോദിയായിരുന്നു അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രി. ദുരന്തത്തിൽ ആയിരക്കണക്കിന് മനുഷ്യജീവൻ നഷ്ടമാകുകയും ആയിരക്കണക്കിന് കെട്ടിടങ്ങൾക്ക് നാശനഷ്ടം സംഭവിക്കുന്ന സാഹചര്യവുമുണ്ടായി. ഈ അവസരത്തിൽ ലോകരാജ്യങ്ങളാകെ ഗുജറാത്തിനെ സഹായിക്കാനാവശ്യമായ നിലപാട് സ്വീകരിച്ചു. പാകിസ്ഥാൻ ഉൾപ്പെടെ 65 രാജ്യങ്ങളുടെയും വിവിധ സംസ്ഥാനങ്ങളുടെയും സഹായം ലഭ്യമായി. അന്ന് കേരളത്തിൽനിന്നും പത്ത് കോടി രൂപയാണ് നൽകിയത്. ഇത്തരത്തിൽ വിവിധ

സഹായങ്ങളുടെ ഭാഗമായി ഗുജറാത്തിലുണ്ടായ ദുരന്തത്തെ മറികടക്കാൻ കഴിഞ്ഞു. അന്നത്തെ ഗുജറാത്ത് മുഖ്യമന്ത്രി ശ്രീ. നരേന്ദ്ര ദാമോദർദാസ് മോദി, നമ്മുടെ രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരിക്കുന്ന ഘട്ടത്തിലാണ് 2018-ൽ കേരളം കണ്ട, നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയമുണ്ടാകുന്നത്. അഞ്ഞൂറിലധികം മനുഷ്യരുടെ ജീവൻ നഷ്ടപ്പെട്ടു. സ്കൂളുകളും ആശുപത്രി കെട്ടിടങ്ങളും സർക്കാർ സ്ഥാപനങ്ങളും ഉൾപ്പെടെ നാല് ലക്ഷത്തോളം കെട്ടിടങ്ങൾ തകർന്നു. വിവിധ രാജ്യങ്ങൾ സഹായ ഹസ്തം നീട്ടി. ആ സഹായ ഹസ്തങ്ങളെ വെട്ടിമാറ്റിയ ആളിന്റെ പേരാണ് ശ്രീ. നരേന്ദ്ര മോദി എന്ന് ഈ സഭയിൽ പറയേണ്ടി വരികയാണ്. 2019-ൽ വീണ്ടും ദുരന്തമുണ്ടായി. ആ ദുരന്തത്തെ മറികടക്കാനാവശ്യമായ ഒരു സഹായവും കേരളത്തിന് നൽകിയില്ല. അതുമാത്രമല്ല, ഹെലികോപ്റ്റർ നൽകിയതുൾപ്പെടെയുള്ള സഹായങ്ങൾക്ക് വാടക ചോദിച്ചവരായി കേന്ദ്രസർക്കാർ മാറുകയാണുണ്ടായത്. ഇവരെന്തിനാണ് ഈ രീതിയിൽ ശത്രുതാ മനോഭാവം സ്വീകരിക്കുന്നതെന്ന് ചോദിക്കേണ്ടി വരികയാണ്. ലോകമാകെ പടർന്നുപിടിച്ച കോവിഡ് മഹാമാരിയിൽ

വിറങ്ങലിച്ചുനിൽക്കുന്ന രാജ്യത്തെ നമ്മൾ കണ്ടു. ലോകരാജ്യങ്ങൾ പിന്നോട്ടുപോകുന്നത് കണ്ടു. എന്നാൽ ലോകത്തിനുമുന്നിൽ മാതൃകയായി കേരളമെന്ന കൊച്ചുസംസ്ഥാനവും ഇവിടെത്തെ ആരോഗ്യമേഖലയും മുന്നോട്ടുപോയപ്പോൾ ലോകം പ്രശംസിക്കുന്ന കാഴ്ചയാണ് നാം കണ്ടത്. കേരളത്തിലെ ജനങ്ങളുടെ കൈകൾ കൂട്ടിയിണക്കിയാണ് ഇതിനെയെല്ലാം നാം മറികടന്നത്. ജനങ്ങളുടെ സാഹോദര്യത്തിന്റെ ഭാഗമായാണിത്. കേന്ദ്രസർക്കാരിൽ നിന്ന് യാതൊരു സഹായവും ലഭ്യമായിട്ടില്ലെങ്കിലും കേരളമെന്ന കൊച്ചുസംസ്ഥാനം പിടിച്ചുനിൽക്കുമെന്നത് നമുക്ക് കാണാം. ഇവിടെ പറയാതിരിക്കാൻ നിർവാഹമില്ലാത്തതുകൊണ്ട് ഒരു കാര്യം പറയുകയാണ്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. രാഷ്ട്രീയകക്ഷി നേതാക്കളുടെ തറവാട് സ്വത്തല്ല ഞങ്ങൾ ആവശ്യപ്പെടുന്നത്. ഈ നാട്ടിലെ സാധാരണക്കാരായ മനുഷ്യരുടെ വിയർപ്പിന്റെ ഓഹരിയാണെന്ന് പറയേണ്ടി വരികയാണ്. ഈ ബജറ്റ് അവതരിപ്പിക്കുന്ന കാലഘട്ടത്തിൽ വലിയ രൂപത്തിൽ വരുമാന വർധനവ് ഉണ്ടാക്കിയാണ് നമ്മുടെ സംസ്ഥാനം മുന്നോട്ടുപോകുന്നത്. നമ്മുടെ നാടിനെ പുനർനിർമ്മിക്കാൻ ആവശ്യമായ

വലിയ കാഴ്ചപ്പാടോടുകൂടിയ പദ്ധതികൾ വിഭാവനം ചെയ്യുകയാണ്. അങ്ങനെ വിഭാവനം ചെയ്ത പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് കിഫ്ബി. ആ പദ്ധതിക്ക് യു.ഡി.എഫ്. ഇപ്പോഴും എതിരാണ്. അതുകൊണ്ടാണ്, സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമായി ഇന്നലെ സഭയിൽ ഈ വിഷയം അവതരിപ്പിച്ചത്. കിഫ്ബി ആരുടേയും തറവാട് സ്വത്തല്ലെന്നും കിഫ്ബിയിലേയ്ക്ക് വരുന്ന പണം ഞങ്ങളുടെ നികുതി പണമാണെന്നുമാണ് വാക്കൗട്ട് പ്രസംഗത്തിൽ കേരളത്തിന്റെ പ്രിയങ്കരനായ പ്രതിപക്ഷനേതാവ് അഭിപ്രായപ്പെട്ടത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ ഒരാളും, കിഫ്ബിയിലേയ്ക്ക് വരുന്ന പണം ഞങ്ങളുടെ തറവാട് സ്വത്താണെന്ന് അവകാശപ്പെട്ടിട്ടില്ല. ആ നികുതി വരുമാനത്തെ നിങ്ങളുടെ നികുതി വരുമാനമല്ലെന്ന് ഞങ്ങളാരും പറഞ്ഞിട്ടില്ല. പക്ഷെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. 2016-ൽ ശ്രീ. പിണറായി വിജയൻ കേരളത്തിന്റെ മുഖ്യമന്ത്രിയായ നാൾ മുതലല്ല കേരളത്തിൽ നികുതി പിരിക്കാൻ തുടങ്ങിയതെന്ന കാര്യം പ്രിയപ്പെട്ട പ്രതിപക്ഷനേതാവ് ഓർക്കേണ്ടതുണ്ട്. എങ്ങനെയാണ് നികുതി വരുമാനത്തെ ഏറ്റവും

ക്രിയാത്മകമായി ഉപയോഗിക്കാൻ കഴിയുന്നത്; വലിയ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുന്നത് എന്ന തോന്നലിൽ നിന്നാണ് 25 വർഷങ്ങൾക്കുശേഷം കേരളം കാണേണ്ടുന്ന വലിയ വികസന പ്രവർത്തനങ്ങളെ ഇന്നുള്ള മനുഷ്യന് കാണാൻ കഴിയുന്ന രൂപത്തിലേയ്ക്ക് പ്രാവർത്തികമാക്കുന്ന രീതിയിൽ അവതരിപ്പിച്ചു എന്നതാണ് കിഫ്ബിയുടെ വലിയ പ്രത്യേകത. ഇക്കാര്യം അഭിമാനത്തോടുകൂടിതന്നെ ഞങ്ങൾക്ക് പറയാൻ കഴിയും. കിഫ്ബി പദ്ധതി ആവിഷ്കരിക്കാനും നടപ്പാക്കാനും ദീർഘവീക്ഷണത്തോടെ സമീപിക്കാനും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് കഴിഞ്ഞു എന്നതാണ് കിഫ്ബി പദ്ധതിയുടെ വിജയം. സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ഭാഗമായി ചില ആളുകൾ ഇവിടെ സൂചിപ്പിച്ചത് കിഫ്ബി പദ്ധതികൾ എവിടെ നടക്കുന്നുയെന്നുള്ളതാണ്. യു.ഡി.എഫ്.-ന്റെ പ്രിയപ്പെട്ട 41 എം.എൽ.എ.-മാരെയും എന്റെ നിയോജകമണ്ഡലമായ തിരുവമ്പാടിയിലേക്ക് സ്വാഗതം ചെയ്യുകയാണ്. ഞങ്ങളുടെ

മലയോരമേഖലയായ തിരുവമ്പാടി നിയോജകമണ്ഡലത്തിന്റെ സ്വപ്നപദ്ധതിയായ മലയോര ഹൈവേയുടെ ഉദ്ഘാടനത്തിനുവേണ്ടി 15-ാം തീയതി കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി വരികയാണ്. ആളുകൾ സൗജന്യമായി ഭൂമി വിട്ടുനൽകി, 12 മീറ്റർ വീതിയും 27 കിലോമീറ്റർ ദൈർഘ്യമുള്ള, 200 കോടിരൂപ ചെലവിൽ നിർമ്മിച്ച മലയോര ഹൈവേയുടെ ഉദ്ഘാടനത്തിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വരുന്നത്. അവിടെ വരുന്ന ഘട്ടത്തിൽ നിങ്ങൾക്ക് ആനക്കാംപൊയിലിലേക്ക് പോകാം. വയനാട് ജില്ലയെയും കോഴിക്കോട് ജില്ലയെയും ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്ക പാത, 2134 കോടി രൂപ മുടക്കി നിർമ്മിക്കുന്ന ആ സ്വപ്ന പദ്ധതി കാണാൻ നിങ്ങളെ ഏറെ സ്നേഹത്തോടുകൂടി ഞങ്ങൾ ക്ഷണിക്കുകയാണ്. തിരുവമ്പാടി മണ്ഡലത്തിലേക്ക് വന്നാൽ അഗസ്ത്യമുഴിയിൽനിന്ന് കൈതപ്പൊയിലേക്ക് 80 ശതമാനം പണി പൂർത്തീകരിച്ച റോഡുണ്ട്. 90 കോടി രൂപയാണ്

ചെലവ്. പതിനേഴ് കിലോമീറ്ററാണ് അതിന്റെ ദൈർഘ്യം. അവിടെനിന്ന് കുറച്ച് മുന്നോട്ടുപോയാൽ തിരുവമ്പാടിയിൽനിന്ന് മറിപ്പുഴയിലേക്ക് 17 കിലോമീറ്റർ ദൂരത്തിൽ 108 കോടി രൂപ മുടക്കി നിർമ്മിക്കുന്ന ഒരു മനോഹരമായ പാത കാണാം. അത് എന്റെ മണ്ഡലത്തിലാണ്. 36 കോടി രൂപ മുടക്കി ഈ പറയുന്ന മണാശ്ശേരിയിൽനിന്ന് ചുള്ളിക്കാപറമ്പിലേക്ക് 95 ശതമാനം പണി പൂർത്തീകരിച്ച റോഡ് കാണാം. അത് തിരുവമ്പാടി മണ്ഡലത്തിലാണ്. സ്കൂളുകൾ, കെട്ടിടങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ, സ്റ്റേഡിയങ്ങൾ എന്നിങ്ങനെ നിരവധിയായ പ്രവൃത്തികൾ നടന്ന ഒരു മണ്ഡലത്തിലെ ജനപ്രതിനിധിയെന്ന നിലയിൽ മലയോരമേഖല അനുഭവിക്കുന്ന ദുരിതങ്ങൾക്ക്, പ്രയാസങ്ങൾക്ക്, പ്രതിസന്ധികൾക്ക് മറുപടി നൽകാൻ കിഫ്ബി പദ്ധതികളിലൂടെ കഴിഞ്ഞു. അദ്ദേഹത്തിന്റെ (ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ) നേതൃത്വത്തിൽ മലയോര സംരക്ഷണ ജാഥ നടത്തി. ആ ജാഥയ്ക്ക് സ്വീകരണം നൽകിയിട്ടുള്ള

സ്ഥലത്തിന്റെ പേര് കോടഞ്ചേരിയാണ്. കിഫ്ബിയുടെ മൂന്ന് പദ്ധതികൾ സംഗമിക്കുന്ന സ്ഥലമാണ് കോടഞ്ചേരി. ഇരുന്നൂറ് കോടി രൂപയുടെ മലയോര ഹൈവേ തുടങ്ങുന്നത് അവിടെ നിന്നാണ്. അവിടെയാണ് 48 കോടി രൂപയുടെ കണക്ടിങ് റോഡ് നിർമ്മാണം ആരംഭിക്കുന്നത്. ആ റോഡ് ക്രോസ് ചെയ്താണ് അഗസ്ത്യമുഴി-കൈതപ്പൊയിൽ റോഡ് കടന്നുപോകുന്നത്. 90 കോടി രൂപ ചെലവിൽ, ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന നിലയിൽ ഒരു പദ്ധതി ആവിഷ്കരിച്ച് ഇങ്ങനെ വികസന പ്രവർത്തനങ്ങൾ നടക്കുന്നത് മുമ്പൊന്നും ഇല്ലാത്തതാണ്. മരിച്ച് മണ്ണിനടിയിൽ കിടക്കുന്ന കാലത്ത് കാണേണ്ടുന്ന സ്വപ്നങ്ങളല്ല, ജീവിച്ചിരിക്കുന്ന കാലത്ത് മനുഷ്യൻ അനുഭവിക്കേണ്ടുന്ന സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കുന്ന ഗവൺമെന്റിന്റെ പേരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി. അതുകൊണ്ട് കൂടുതൽ കാര്യങ്ങൾ വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. യു.ഡി.എഫ്. കണ്ണടച്ചാൽ യു.ഡി.എഫ്.-ന് മാത്രമേ

ഇരുട്ടാകു. കേരളത്തിലെ ജനതയ്ക്ക് കണ്ണുതുറന്നാൽ വെളിച്ചമാണ് കാണാൻ കഴിയുന്നതെന്ന് ഈ ബജറ്റിലൂടെ പ്രഖ്യാപിക്കാൻവേണ്ടി കഴിയുന്ന ഒരു സാഹചര്യമുണ്ട്. അതുകൊണ്ടുതന്നെ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രതീക്ഷനിർഭരമായി ഈ കേരളത്തെ പടുത്തുയർത്തുന്നതിന്, നവകേരളം സൃഷ്ടിക്കുന്നതിനുവേണ്ടി പ്രിയപ്പെട്ട ധനകാര്യമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിനെ ഒരിക്കൽകൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു, ആശംസകൾ.

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുന്നു. വികസനവും സാമൂഹ്യനീതിയും ഉറപ്പാക്കുന്ന ബജറ്റാണ് ഇവിടെ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. 2025-ൽ എത്തിനിൽക്കുമ്പോൾ, കഴിഞ്ഞ നാല് ബജറ്റിന്റെ തുടർച്ചയെന്നോണം സാമ്പത്തിക ഉപരോധത്തിലൂടെയും അർഹമായ വിഹിതം നൽകാതെയും അധികഭാരം ഏൽപ്പിച്ചും നമ്മളെ എല്ലാ അർത്ഥത്തിലും അടിച്ചമർത്താൻ വേണ്ടിയുള്ള ശ്രമങ്ങൾ കേന്ദ്രഗവൺമെന്റ് നടത്തുമ്പോൾ അതിനെയെല്ലാം

മറികടക്കാനാവശ്യമായ ദിശാബോധം വികസനത്തിന്റെ പുതിയ പന്ഥാവുകൾ, ക്ഷേമപ്രവർത്തനത്തിന്റെ സാധ്യതകളെല്ലാം ഫലപ്രദമായി അവതരിപ്പിക്കാൻ ഈ ബജറ്റിലൂടെ സാധിച്ചുവെന്ന് നിസ്സംശയം പറയാൻ നമുക്ക് സാധിക്കും. സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കേരളം കരകയറുന്നുവെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം മലയാളിയെന്ന നിലയിൽ അഭിമാനം നൽകുന്ന പ്രഖ്യാപനങ്ങളാണ്. കേന്ദ്ര ബജറ്റ് ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് അവതരിപ്പിച്ചത്. ആ കേന്ദ്ര ബജറ്റിലെ പല പ്രഖ്യാപനങ്ങളും കേരളം വർഷങ്ങൾക്ക് മുമ്പ് നടപ്പാക്കിയ പദ്ധതികളാണ്. വിദ്യാലയങ്ങളിൽ സൗജന്യ ഇന്റർനെറ്റ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കേന്ദ്ര ബജറ്റിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങളിലേക്ക് കൊടുക്കുമ്പോൾ, അതെല്ലാം വളരെ മുമ്പുതന്നെ നടപ്പാക്കിയ നാടാണ് കേരളമെന്ന് നിസ്സംശയം നമുക്ക് പറയാൻ സാധിക്കും. കൈവരിച്ച പുരോഗതിയെ കേരളം തള്ളിപ്പറഞ്ഞാൽ സഹായം നൽകാമെന്ന കേന്ദ്ര സഹമന്ത്രിയുടെ പ്രഖ്യാപനം കേരളത്തെ അപമാനിക്കുന്നതിന് തുല്യമാണ്. കേരളം കണ്ട എറ്റവും വലിയ ദുരന്തം വയനാട്ടിൽ ഉണ്ടായിട്ടുപോലും ഒരു സഹായവും

നൽകിയില്ലെന്ന് മാത്രമല്ല, വിഴിഞ്ഞം, എയിംസ് ഉൾപ്പെടെയുള്ള പദ്ധതികളുടെ നേരെ കേന്ദ്രം നിഷേധാത്മകമായ സമീപനമാണ് സ്വീകരിക്കുന്നതെന്ന് ഈ അവസരത്തിൽ നമുക്ക് കാണാൻ സാധിക്കും. ഈ ബജറ്റിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് വലിയ തുക മാറ്റി വച്ചിട്ടുണ്ട്. സമഗ്ര നെല്ല് വികസന പദ്ധതി കൊണ്ടുവരാൻ പാലക്കാട് ഉൾപ്പെടെയുള്ള ജില്ലകൾക്ക് സഹായകരമാകുന്ന രൂപത്തിലേക്ക് 150 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. പാലക്കാട് ജില്ല ഉൾപ്പെടെയുള്ള ഒട്ടേറെ മണ്ഡലങ്ങളിൽ കണ്ണെത്താദൂരത്തോളം പരന്ന് കിടക്കുന്ന നെൽപ്പാടങ്ങൾ നമുക്ക് കാണാൻ സാധിക്കും. വർഷത്തിൽ രണ്ടുതവണയാണ് കർഷകർ ആ പാടങ്ങളിൽ നെൽ കൃഷി ചെയ്യുന്നത്. അതുകൊണ്ട് നെൽകർഷകർക്ക് ആവശ്യമായ നെല്ലിന്റെ താങ്ങുവില വർധിപ്പിക്കാനാവശ്യമായ തീരുമാനം ഉൾപ്പെടെ ഈ ബജറ്റിന്റെ ഭാഗമായി ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. അതോടൊപ്പം ഇതിന്റെ സംഭരണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രയാസങ്ങൾ പരിഹരിക്കാൻ ആവശ്യമായ ഇടപെടലെന്ന രൂപത്തിൽ, അതിന്റെ സംഭരണവും അതോടൊപ്പം തുക

നൽകാൻ ആവശ്യമായ കാര്യങ്ങളെല്ലാം സഹകരണ മേഖലയെ ഏൽപ്പിക്കുന്നതായിരിക്കും ഉചിതം. അങ്ങനെ ചെയ്താൽ കഴിഞ്ഞ രണ്ടുമൂന്ന് വർഷക്കാലമായി പാലക്കാട് ജില്ലയിലെ നെൽ കർഷകർ ഉൾപ്പെടെ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. മുപ്പതിനായിരത്തോളം ടൺ നെല്ല് സംഭരിക്കാനും സംസ്കരിക്കാനും വിതരണം ചെയ്യാനും സാധിക്കുന്ന രൂപത്തിലേക്കുള്ള ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ഒരു സ്വപ്ന പദ്ധതി, കണ്ണമ്പ്ര പഞ്ചായത്തിൽ ആധുനിക റൈസ് മിൽ ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ്. കേരളത്തിൽ കോട്ടയം ജില്ലയിലും പാലക്കാട് കണ്ണമ്പ്രയിലുമാണ് അത്തരം ആധുനിക റൈസ് മില്ലുകൾ പ്രഖ്യാപിക്കപ്പെട്ടത്. ഇപ്പോൾ പാലക്കാട് ജില്ലയിൽ കണ്ണമ്പ്രയിൽ റൈസ് മില്ലിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചു. ഈ വർഷംതന്നെ നബാർഡിന്റെ ധനസഹായത്തോടുകൂടി ആ പദ്ധതി തുടങ്ങിവയ്ക്കാൻ ആവശ്യമായ തീരുമാനം ഇതുമായി ബന്ധപ്പെട്ടുകൊണ്ട് എടുക്കണമെന്ന് ഈയവസരത്തിൽ ആവശ്യപ്പെടുകയാണ്. നാലുവരി

ദേശീയപാത കേരളത്തിൽ യാഥാർത്ഥ്യമാകാൻ പോകുന്നു. 2025-ഓടുകൂടി അത് യാഥാർത്ഥ്യമാകുന്നു. കേരളത്തിൽ മലബാർ മേഖലയിലെ എം.എൽ.എ.-മാർ ഉൾപ്പെടെ ഇതിന്റെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് നിയമസഭയിലേക്ക് വരാൻ പറ്റുന്ന രൂപത്തിലേക്ക്....... ഏറെക്കാലമായി കേരളത്തിൽ ഒരുപാട് ഗവൺമെന്റുകൾ മാറി മാറി ഭരിച്ചപ്പോഴൊന്നും സാധിക്കാതിരുന്ന ഏറ്റവും പ്രധാനപ്പെട്ട ആ പദ്ധതി, ഇപ്പോൾ കിഫ്ബിയുടെ സാധ്യത ഉൾപ്പെടെ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്ഥലമേറ്റെടുക്കൽ നടപടികൾ ആകെ പൂർത്തീകരിച്ചുകൊണ്ട് 2025-ൽ യാഥാർത്ഥ്യമാകാൻവേണ്ടി പോകുന്നുവെന്നത് ഈയവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം മറ്റൊരു പ്രധാനപ്പെട്ട പദ്ധതി, കൊച്ചി-ബാംഗ്ലൂർ-വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ടുള്ള 1800 ഏക്കർ ഭൂമിയിൽ വരാൻവേണ്ടി പോകുന്ന വ്യവസായ പാർക്കുകളാണ്. മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഉൾപ്പെടെയുള്ള പ്രദേശത്ത് വരുന്നു. എന്റെ മണ്ഡലമായ തരൂരിലെ കണ്ണമ്പ്ര ഉൾപ്പെടെയുള്ള പ്രദേശത്ത് അതിനാവശ്യമായ സ്ഥലമേറ്റെടുക്കൽ

നടപടികൾ പൂർത്തീകരിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ സഹായം കഴിഞ്ഞ വർഷം നമ്മൾ നേടിയെടുത്തു. തീർച്ചയായും സ്ഥലമേറ്റെടുക്കൽ നടപടി ഉൾപ്പെടെയുള്ള ഈ പദ്ധതികൾക്കെല്ലാം കിഫ്ബിയുടെ സഹായമുണ്ട്. കിഫ്ബിയിലൂടെ എന്തുണ്ടായിയെന്ന് ഇവിടെ പ്രതിപക്ഷം നേരത്തെ ചോദിച്ചതിന് ഏറ്റവും പ്രധാനപ്പെട്ട ഉത്തരമെന്ന് പറയുന്നത് ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ 2026-27-ലുമെല്ലാം യാഥാർത്ഥ്യമാകാൻവേണ്ടി പോകുന്നു, ഈ പദ്ധതിയിൽക്കൂടി വരാൻവേണ്ടി പോകുന്നു. അതുകൊണ്ട് നമ്മുടെ നാട് കിഫ്ബിയുടെ സാധ്യത ഉപയോഗപ്പെടുത്തികൊണ്ട് ആ നിലയിലേക്ക് മാറുന്ന കാഴ്ച കേരളത്തിലുടനീളം കാണാൻ സാധിക്കും. ഇവിടെ ഇന്നലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപവുമായി ബന്ധപ്പെട്ടുകൊണ്ട് കിഫ്ബിയിൽ പട്ടികജാതി വിഭാഗങ്ങൾക്ക് എന്താണ് മാറ്റിവച്ചതെന്ന രൂപത്തിലാണ് പറയുന്നത്. കേരളത്തിൽ 376 സ്കൂൾ കെട്ടിടങ്ങൾ കിഫ്ബിയുടെ ഭാഗമായി നിലവിൽ പൂർത്തീകരിച്ച് നാടിന് സമർപ്പിച്ചു. കേരളത്തിൽ 400 കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം

നടന്നുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം പൊതുവിദ്യാലയങ്ങളാണ്. ആ പൊതുവിദ്യാലയങ്ങളിലേക്കാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട സാധാരണക്കാരന്റെ മക്കളെല്ലാം പഠിക്കുന്നത്. അതുകൊണ്ട് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് കരുത്തുപകരാൻ, അതിന്റെ പശ്ചാത്തല വികസന സൗകര്യത്തിന്റെ സാധ്യത പ്രയോജനപ്പെടുത്താൻവേണ്ടിയുള്ള രൂപത്തിലേക്കുള്ള കെട്ടിടങ്ങളുടനീളം കേരളത്തിൽ വന്നത്, അതിന്റെ പ്രധാനപ്പെട്ട ഗുണഭോക്താക്കൾ എന്നുപറയുന്നത് പട്ടികജാതി ജനവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ കുട്ടികളായിരിക്കും. അതോടൊപ്പംതന്നെ കേരളത്തിലുടനീളം കിഫ്ബിയുടെ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് ആശുപത്രി കെട്ടിടങ്ങൾ നിർമ്മിച്ചു. ഇത്തരത്തിൽ പൊതുമേഖലാ, വിദ്യാഭ്യാസം, ഹെൽത്ത് ഉൾപ്പെടെയുള്ള മേഖലകളിൽ നല്ല ഇൻവെസ്റ്റ്മെന്റ് കിഫ്ബിയുടെ ഭാഗമായി വന്നു. അത്യന്തികമായി അതിന്റെ ഗുണഭോക്താക്കൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളും അവരുടെ കുടുംബാംഗങ്ങളുമായിരിക്കുമെന്ന് നിസ്സംശയം പറയാൻ ഞാൻ

ആഗ്രഹിക്കുന്നു. ബജറ്റിലും പദ്ധതികളിലും പ്രതിപക്ഷത്തോട് വിവേചനം കാട്ടുന്നുവെന്ന് ചർച്ചയുടെ ഭാഗമായി പ്രതിപക്ഷ എം.എൽ.എ.-മാർ പറഞ്ഞു. ഉമ്മൻ ചാണ്ടിയും ശ്രീ. എ. കെ. ആന്റണിയും ഉൾപ്പെടെ യു.ഡി.എഫ്. കേരളം ഭരിക്കുന്ന കാലത്തെല്ലാം ഈ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇടതുപക്ഷ മണ്ഡലങ്ങളോട് അങ്ങേയറ്റത്തെ വിവേചനപരമായ സമീപനമായിരുന്നു സ്വീകരിച്ചത്. ഇപ്പോൾ ഏറ്റവും ഒടുവിൽ നവകേരള സദസ്സിന്റെ ഭാഗമായി 710 കോടിയുടെ പദ്ധതികളാണ് കേരളത്തിൽ നടപ്പാക്കാൻ പോകുന്നത്. ഒരു മണ്ഡലത്തിൽ 7 കോടി രൂപയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ കേരളത്തിലുടനീളം എടുത്തിട്ടുണ്ട്. കേരളത്തിൽ ഒരു വർഷം മുമ്പ് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ഓരോ മണ്ഡലങ്ങളിലും നവകേരള സദസ്സ് പര്യടനം നടത്തിയപ്പോൾ യു.ഡി.എഫിന്റെ മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ നവകേരള സദസ്സിനോട് കാണിച്ച ധിക്കാരപരമായ സമീപനമെന്താണ്? അതിനോട് സഹകരിക്കാതെ മാറിനിൽക്കുന്ന സമീപനമായിരുന്നു യു.ഡി.എഫിന്റെ എം.എൽ.എ.-മാർക്കുണ്ടായിരുന്നത്. എന്നാൽ 710 കോടി രൂപയുടെ പ്രൊപ്പോസലുകൾ

ക്ഷണിക്കുമ്പോൾ തീർച്ചയായും അതിന്റെ ഗുണഭോക്താക്കളായി ഭരണപക്ഷത്തെ എം.എൽ.എ.-മാർ മാത്രമല്ല, മറിച്ച് പ്രതിപക്ഷത്തെ എം.എൽ.എ.-മാർ ഉൾപ്പെടെ മാറുമെന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. സൈബർ ഇടങ്ങളിൽ കുറ്റകൃത്യങ്ങളും അതോടൊപ്പം തന്നെ വ്യാജ പ്രാചരണങ്ങളും എല്ലാം തടയാൻ വേണ്ടിയുള്ള തുക ബജറ്റിന്റെ ഭാഗമായി വകയിരുത്തിയത് അഭിനന്ദനാർഹമാണ്. മൂന്നേമുക്കാൽ വർഷം മുമ്പ് നടന്ന പ്രധാനപ്പെട്ട സംഭവം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. 2021-ൽ നിയമസഭ തെരഞ്ഞെടുപ്പ് നടക്കുന്ന വേളയിൽ തൃത്താല അസംബ്ലി മണ്ഡലത്തിൽ ഇപ്പോഴത്തെ മന്ത്രി ശ്രീ. എം. ബി. രാജേഷ് മത്സരിക്കുമ്പോൾ, എങ്ങനെയാണ് സൈബർ ഇടത്തിന്റെ കുപ്രചരണങ്ങൾ യു.ഡി.എഫ്. ആ മണ്ഡലത്തിൽ പ്രയോജനപ്പെടുത്തിയതെന്ന് അദ്ദേഹം ഇന്നലെ ഫേസ്ബുക്ക് പേജിലൂൾപ്പെടെ കുറിച്ചിട്ടുള്ളതാണ്. വാളയാറിലെ പ്രതികൾക്കുവേണ്ടി പ്രവർത്തിച്ചവനെയല്ല, നീതിക്കുവേണ്ടി ശബ്ദമുയർത്തിയവനെയാണ് തൃത്താലയ്ക്ക് ആവശ്യമെന്നായിരുന്നു മുമ്പ് യു.ഡി.എഫിന്റെ തൃത്താല

അസംബ്ലി മണ്ഡലത്തിലെ പ്രചരണം. വാളയാർ അമ്മയെ തൃത്താലയിലും അതോടൊപ്പം ധർമ്മടം മണ്ഡലത്തിലും കൊണ്ടുപോയി പ്രചരണം നടത്തുകയും സൈബർ ഇടങ്ങളിൽ ഇത്തരത്തിലുള്ള വളരെ മോശപ്പെട്ട പ്രചരണങ്ങൾ നടത്തുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. ഇപ്പോൾ സി.ബി.ഐ. സമർപ്പിച്ച കുറ്റപത്രത്തിലൂടെ സത്യങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. സ്വന്തം പെൺമക്കളെ ദുരുപയോഗം ചെയ്യാൻ കൂട്ടുനിന്നുവെന്ന കണ്ടെത്തലുകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കാലത്തിന് കാവ്യനീതിയുണ്ട്. മൂന്നേമുക്കാൽ വർഷം മുമ്പ് ശ്രീ. എം. ബി. രാജേഷ് തൃത്താല മണ്ഡലത്തിൽ ജയിക്കാനും ഈ പ്രചരണം നടത്തിയ യു.ഡി.എഫിന്റെയും കോൺഗ്രസിന്റെയും നേതാവായ ശ്രീ. വി. ടി. ബൽറാമിന് തോൽക്കാനുമുള്ള സാഹചര്യമുണ്ടായത് ഇതെല്ലാം ജനങ്ങൾ തള്ളികളഞ്ഞതുകൊണ്ടാണ്. അതുകൊണ്ട് ഈ ബജറ്റിന്റെ ഭാഗമായി സൈബർ ഇടത്തിൽ കുറ്റകൃത്യങ്ങൾ ഉൾപ്പെടെ തടയാൻ ആവശ്യമായ രൂപത്തിലേയ്ക്കുള്ള തുക മാറ്റിവച്ചത് അഭിനന്ദനാർഹമാണ്.

ഡൽഹിയിൽ 27 വർഷത്തിനുശേഷം ബി.ജെ.പി. അധികാരത്തിൽ

വന്നിരിക്കുകയാണ്. എ.എ.പി. തോറ്റു. കോൺഗ്രസിന് വട്ടപൂജ്യമാണ്. എ.എ.പി.-യെ തോൽപ്പിക്കുവാനും ബി.ജെ.പി.-യെ ജയിപ്പിക്കുവാനും വേണ്ടി ആവശ്യമായ രൂപത്തിലേക്ക് കോൺഗ്രസ് ഇടപെട്ടത് 15 മണ്ഡലങ്ങളിലാണ്. ഒരു കാലത്ത് കോൺഗ്രസിന്റെ ഡൽഹി മുഖ്യമന്ത്രിയായിരുന്ന ഷീലാ ദീക്ഷിത്ത് ഉൾപ്പെടെയുള്ളവർ മത്സരിച്ച പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കോൺഗ്രസ് തോൽക്കുക മാത്രമല്ല, ബി.ജെ.പി.-യെ ജയിപ്പിക്കുന്നു. അതുകൊണ്ട് അനുഭവങ്ങളിൽനിന്ന് പാഠം പഠിക്കാത്ത കോൺഗ്രസ് രാജ്യത്തുടനീളം ബി.ജെ.പി.-യെ വളർത്താൻ ആവശ്യമായ സമീപനമാണ് സ്വീകരിക്കുന്നതെന്ന് മാത്രം പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ബജറ്റിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഞാൻ ഈ ബജറ്റ് നിർദേശങ്ങളെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഞാൻ ഒരു സന്തോഷവാർത്ത അറിയിക്കുകയാണ് എന്ന് പറഞ്ഞ്, പ്രവാചകൻമാരെല്ലാം പ്രസംഗിക്കുന്നതുപോലെയാണ് ബജറ്റ് അവതരിപ്പിച്ചത്. ഞങ്ങൾ ഇത്

മുഴുവൻ വായിച്ചുനോക്കിയപ്പോൾ ഏത് വിഭാഗത്തിനാണ് സന്തോഷമെന്ന് തീരെ മനസ്സിലാകുന്നില്ല. ഏറിവന്നാൽ കേരളത്തിലെ മന്ത്രിമാർക്കുമാത്രം സന്തോഷമുണ്ടാകുന്ന ഒരു ബജറ്റാണ്. 226 പേജും 862 ഖണ്ഡികകളുള്ള ബജറ്റ് നിർദേശം മുഴുവൻ ഞാൻ വായിച്ചു. എവിടെയും സന്തോഷമുണ്ടാക്കുന്ന സംഗതി എനിക്ക് മാത്രമല്ല കേരളത്തിലെ ഒരു ജനവിഭാഗത്തിനും ഉണ്ടായിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മന്ത്രിക്ക് തീരെ ദൃഷ്ടിയില്ലെന്ന് പറഞ്ഞുകൂടാ. മന്ത്രിക്ക് ദീർഘദൃഷ്ടി തീരെയില്ല, പക്ഷെ സൂക്ഷ്മദൃഷ്ടിയുണ്ട്. കൊല്ലം, കൊട്ടാരക്കര, പത്തനാപുരം, തിരുവനന്തപുരം കോറിഡോർ എന്ന് പറഞ്ഞ സൂക്ഷ്മദൃഷ്ടി. കുറച്ച് ദീർഘമായി പറഞ്ഞാൽ കുറച്ച് ദീർഘദൃഷ്ടി കണ്ണൂരിലേയ്ക്കും പോകുന്നുണ്ട്. അതിന് ഇടയിൽ കുറെ സ്ഥലങ്ങളുണ്ട്. മലപ്പുറവും കാലിക്കറ്റ് എയർപോർട്ടും മോയീൻകുട്ടി വൈദ്യർ സ്മാരകവും കോഴിക്കോടും അങ്ങനെയെല്ലാമുണ്ട്. ഈ സ്ഥലങ്ങളെ വിസ്മരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ബജറ്റ് അവതരിപ്പിച്ചത്. എന്റെ മണ്ഡലത്തിലെ കോഴിക്കോട് വിമാനത്താവളം സർക്കാർ അധീനതയിലുള്ള കേരളത്തിലെ ഏക അന്താരാഷ്ട്ര വിമാനത്താവളമാണ്.

കഴിഞ്ഞ വർഷം എല്ലാ വിമാനത്താവളങ്ങളുടെയും പരിസരത്ത് സയൻസ് പാർക്ക് നൽകിയിട്ടും കോഴിക്കോടിന് മാത്രം നൽകിയില്ല. അത് അദാനിക്കും വൻകിട കുത്തകകൾക്കും പങ്കാളിത്തമില്ലാത്തതുകൊണ്ടായിരിക്കും എന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. അവിടെ ഒരുപാട് പ്രശ്നങ്ങളുണ്ട്. ഏതെങ്കിലും ഒരു പ്രശ്നത്തെ, ഉദാഹരണത്തിന് ഇപ്പോൾ ബജറ്റ് അവതരിപ്പിച്ചപ്പോൾ കണ്ണൂർ എയർപോർട്ടിന് മുമ്പിൽ ഐ.ടി. പാർക്ക് അനുവദിച്ചിട്ടുണ്ട്. നമുക്ക് ഐ.ടി. പാർക്കൊന്നും വേണ്ട. പക്ഷേ ഏറ്റവും ചുരുങ്ങിയത് വിമാനത്താവളത്തിലേക്കുള്ള റോഡിന്റെ അറ്റകുറ്റപ്പണി നടത്തണം. കഴിഞ്ഞ പ്രാവശ്യം ആവശ്യപ്പെട്ടപ്പോൾ മന്ത്രി മറുപടി പ്രസംഗത്തിൽ അത് പരിഗണിക്കാമെന്ന് പറഞ്ഞിരുന്നു. എന്നാൽ കഴിഞ്ഞ പ്രാവശ്യം അറ്റകുറ്റപ്പണി നടത്തിയില്ല, അതുവിട്ടു. ആ പരിസരത്ത് താമസിക്കുന്ന കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽപ്പെട്ട ആർക്കും വീട് വയ്ക്കാൻ സാധിക്കുന്നില്ല. വിമാനത്താവളത്തിന് സ്ഥലം നൽകിയവർക്ക് വീട് വയ്ക്കാൻ എൻ.ഒ.സി. ലഭിക്കുന്നില്ല. ഇങ്ങനെയുള്ള പ്രശ്നം അവിടെയുണ്ട്. അതുപോലെ

തന്നെ കുളത്തുർ ജങ്ഷനിൽനിന്നും എയർപോർട്ടിലേക്ക് പോകുന്ന റോഡിന്റെ അറ്റകുറ്റപ്പണി ഇതുവരെ നടത്തിയിട്ടില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം അഞ്ച് പൈസ വകയിരുത്തിയിട്ടില്ല. എയർപോർട്ടിന് സ്ഥലമെടുത്തപ്പോൾ അവിടെയുണ്ടായിരുന്ന ക്രോസ് റോഡ് നഷ്ടപ്പെട്ടു. ആ ക്രോസ് റോഡിനുപകരം ക്രോസ് റോഡ് നൽകാമെന്ന് നാല് മന്ത്രിമാർ എയർപോർട്ടിൽ വന്ന് ഉറപ്പുനൽകിയതാണ്. ക്രോസ് റോഡിനും തുക വകയിരുത്തിയിട്ടില്ല. മാത്രമല്ല കാലിക്കട്ട് എയപോർട്ട് ഹജ്ജ് എംബാർക്കേഷൻ പോയിന്റ് ആണ്. ഇന്ത്യയിലെതന്നെ ഏറ്റവും അധികം തീർഥാടകർ ഹജ്ജിന് പോകുന്ന ഈ ഹജ്ജ് എംബാർക്കേഷൻ പോയിന്റിലേക്കുള്ള റോഡിനുവേണ്ടി അഞ്ച് പൈസ പിണറായി ഗവൺമെന്റിന്റെ ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും നൽകിയില്ല. യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുന്ന എല്ലാസമയത്തും ഹജ്ജ് എംബാർക്കേഷൻ പോയിന്റിലേക്കുള്ള എല്ലാ റോഡിന്റെയും അറ്റകുറ്റപ്പണി നടത്താറുണ്ട്. എൽ.ഡി.എഫ്. കാലിക്കട്ട് എയർപോർട്ടിനെ അവഗണിക്കുകയാണ്.

കേന്ദ്ര അവഗണനയെക്കുറിച്ച് മന്ത്രിയടക്കം വാതോരാതെ പ്രസംഗിക്കുന്നതാണ്. നിങ്ങൾക്ക് ഇപ്പോൾ വികസന പ്രവർത്തനങ്ങളിൽ കേരളത്തെ അവഗണിക്കുന്നുവെന്നാണ് പറയുന്നത്. കേരളത്തെ അവഗണിക്കുന്നുവെന്ന് പറയാൻ നിങ്ങൾക്ക് എന്ത് അവകാശമാണുള്ളത്. ഇവിടെ യു.ഡി.എഫ്. ഭരിക്കുന്ന എം.എൽ.എ.-മാർക്ക് ഈ ബജറ്റിൽ നൽകുന്നത് 5 കോടിയും 6 കോടിയും എന്നാൽ ഭരണപക്ഷത്തിന്റെ എല്ലാ എം.എൽ.എ.-മാരുടെയും നിയോജക മണ്ഡലങ്ങൾക്ക് നൽകുന്ന ബജറ്റ് വിഹിതം പതിനൊന്നും പന്ത്രണ്ടും കോടി രൂപയാണ്. ഈ ഒമ്പത് വർഷക്കാലം നമ്മുടെ നിയോജകമണ്ഡലങ്ങളിൽ എത്ര ബജറ്റ് വിഹിതം നഷ്ടപ്പെട്ട് കാണും. ഞങ്ങളുടെ നാട്ടുകാർ നികുതി നൽകുന്നില്ലേ? ഞങ്ങൾ എം.എൽ.എ.-മാർ അല്ലേ? അവിടെയുള്ള എല്ലാവിഭാഗം ജനങ്ങളും നൽകുന്ന നികുതി പണമാണ് തുല്യമായ വിതരണം വഴി വികസനപ്രവർത്തനത്തിന് ഉപയോഗിക്കേണ്ടത്. അതാണ് നിങ്ങൾ നിഷേധിച്ചുകൊണ്ട് പിടിച്ചുവയ്ക്കുന്നത്. ഇങ്ങനെ വിവേചനം കാണിക്കുന്നു. ഇപ്രാവശ്യം ഗ്രാമീണ റോഡ് വന്നു. എല്ലാ മണ്ഡലങ്ങളിലേയ്ക്കും ആറുകോടി

ഏഴുകോടി രൂപ നൽകുന്നതെന്നാണ് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി പറഞ്ഞത്. പക്ഷേ മന്ത്രി പരസ്യപ്രസ്താവന നടത്തിയതാണ്. ഞങ്ങൾക്ക് കിട്ടിയത് എത്രയാണ്? പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ ലഭിച്ചത് 4.10 കോടി രൂപയാണ്. മറ്റുള്ളവർക്ക് ഏഴും എട്ടും കോടി രൂപയാണ് ലഭിച്ചത്. ഈ വിവേചനം കാണിക്കുന്ന ആളുകൾക്ക്, കേന്ദ്രത്തിന്റെ വിവേചനത്തെ എങ്ങനെയാണ് ന്യായീകരിക്കാൻ സാധിക്കുക? അതുപോലെ എയർപോർട്ടിന്റെ ഒരുകാര്യംകൂടി പറയാം. എയർപോർട്ടിന്റെ Runway End Safety Area (RESA) നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രമന്ത്രി രാജ്യസഭയിൽ നൽകിയ കത്തിൽ പറഞ്ഞിരിക്കുന്നത് സംസ്ഥാന ഗവൺമെന്റ് സഹകരിക്കാത്തതുകൊണ്ടാണ് എയർപോർട്ടിന്റെ RESA നിർമ്മാണം നടക്കാത്തത്. ജിയോളജി ഡിപ്പാർട്ടുമെന്റ് പെർമിഷൻ നൽകുന്നില്ല. 74 അപേക്ഷകർ വന്നതിൽ നാല് അപേക്ഷകർക്ക് മാത്രമേ ജിയോളജി വകുപ്പ് പെർമിഷൻ നൽകിയിട്ടുള്ളൂ. അങ്ങനെ വിവേചനം കാലിക്കറ്റ് എയർപോർട്ടിനോട് കാണിക്കുകയാണ്.

കിഫ്ബിയുടെ കാര്യംകൂടി പറയാം. ഇന്നലെ പ്രതിപക്ഷനേതാവ് കിഫ്ബിയിലെ സംവിധാനത്തെയും പി.ഡബ്ല്യൂ.ഡി. സംവിധാനത്തെയും താരതമ്യപ്പെടുത്തി പ്രസംഗിച്ചിരുന്നു. ഏറ്റവും നല്ല ഉദാഹരണം എന്റെ മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലുണ്ട്. ഒന്ന്, സി.ആർ.എഫ്.-ൽ സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. ഡിപ്പാർട്ടുമെന്റ് എടുത്ത ഒരു പാലമാണ് എളമരംകടവ് പാലം. തൊട്ടടുത്തുള്ള കൂളിമാട് പാലം പൊളിഞ്ഞു പോയി പിന്നെ അത് നന്നാക്കി. എളമരംകടവ് പാലം വളരെ വൃത്തിയായി, അപ്രോച്ച് റോഡുകൾ വളരെ മനോഹരമായി നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കിഫ്ബി നിർമ്മിച്ച കൂളിമാട് പാലമോ? ഒരു അപ്രോച്ച് റോഡുപോലും നിർമ്മിക്കാതെയാണ് കൂളിമാട് പാലത്തിന്റെ ജോലികൾ പൂർത്തിയാക്കി ബഹുമാനപ്പെട്ട മന്ത്രി വന്ന് ഉദ്ഘാടനം ചെയ്തത്. ഇതാണ് കിഫ്ബിയും പി.ഡബ്ല്യൂ.ഡി.-യും തമ്മിലുള്ള വ്യത്യാസം. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിന് ഞാൻ അടിവരയിടുകയാണ്. ഇവിടെ ധനസ്ഥിതിയെക്കുറിച്ച് പറഞ്ഞു. ഇവിടെ ധനക്കമ്മി രണ്ട് ശതമാനമാക്കി കുറച്ചുവെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. ജോബ് മൈക്കിൾ

പറയുകയുണ്ടായി. സത്യത്തിൽ C&AG റിപ്പോർട്ട് പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ധനക്കമ്മി കുറച്ചുവെന്നാണോ, ആകെ 7.2 കോടിയായി വർധിച്ചുവെന്നുമാത്രമാണ്. മാത്രമല്ല, അതിൽ എത്രയാണ് വെട്ടിക്കുറച്ചത്, കഴിഞ്ഞ വർഷം ബജറ്റിൽ പറഞ്ഞിരിക്കുന്ന വിഹിതം 50 ശതമാനം വരെ വെട്ടിക്കുറച്ചാണ് ധനക്കമ്മി കുറച്ചിട്ടുള്ളത്, ഇവിടെയെല്ലാ ഫണ്ടുകളും വെട്ടിക്കുറച്ചു. ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്ക് ഫണ്ട് വർധിപ്പിച്ചുവെന്ന് ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി പറയുകയുണ്ടായി. യു.ഡി.എഫ്. ഭരണകാലത്ത് ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിയായിരുന്നപ്പോൾ അനുവദിച്ചിരുന്ന തുകയേക്കാൾ ഒരു രൂപപോലും ഇപ്പോൾ വർധിപ്പിച്ച് നൽകിയിട്ടില്ലെന്നതാണ് യഥാർഥ വസ്തുത. അതുമായി മിക്സ് ചെയ്തുവെന്ന് മാത്രമേയുള്ളൂ. അതോടൊപ്പംതന്നെ 2023-24-ൽ എസ്.സി./എസ്.ടി., ഒ.ബി.സി., ന്യൂനപക്ഷ വിഭാഗങ്ങൾക്കായി വകയിരുത്തിയ 3150 കോടി രൂപയിൽ ആകെ 2793 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്.

ഈയിനത്തിൽ വകയിരുത്തിയ തുകപോലും പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. അതോടൊപ്പം മുന്നാക്ക വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം നൂറ് ശതമാനവും ചെലവഴിച്ചു. മുന്നാക്ക വിഭാഗങ്ങൾക്കായി വകയിരുത്തിയ തുക നൂറ് ശതമാനവും ചെലവഴിച്ചത് നല്ല കാര്യമാണ്. പക്ഷെ, അതേ ശുഷ്കാന്തി ഇവിടെ ന്യൂനപക്ഷ വിഭാഗങ്ങളിൽ പ്രത്യേകിച്ച് പിന്നാക്ക അധഃകൃത വിഭാഗങ്ങൾക്കുള്ള പദ്ധതി വിഹിതം ചെലവഴിക്കുന്നതിനും ഉണ്ടാകേണ്ടതായിരുന്നു. ഇപ്പോൾ ഇവിടെ സ്വകാര്യ സർവകലാശാല പ്രഖ്യാപിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ പ്രസംഗിച്ചു. ഞങ്ങൾ അത്ഭുതപ്പെടുകയാണ്. ഞങ്ങളുടെ സമയത്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വിദ്യാർഥി സംഘടനാ നേതാവായിരുന്നു. അവർ നടത്തിയ സമരത്തിൽ എത്രയോ പേർ ജീവൻ കൊടുത്തു. സ്വകാര്യ സർവകലാശാലയ്ക്ക് അനുമതി നൽകിയ നിങ്ങൾ അവരോടൊക്കെ മാപ്പ് ചോദിക്കണം; കേരളത്തിലെ സകല

വിദ്യാർഥികളോടും നിങ്ങൾ മാപ്പ് ചോദിക്കണം.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട അംഗം പ്രസംഗം ചുരുക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, നമുക്ക് എല്ലാവർക്കും അറിയാം ഇവിടെ ധാരാളം രക്തസാക്ഷികളുണ്ട്. ഇതോണോ ബദൽ; സമാന്തര ബദൽ എന്ന് പറയുമ്പോൾ എവിടെയാണ് ആ ബദൽ? ഇപ്പോഴത്തെ നിങ്ങളുടെ നയംമാറ്റത്തെപ്പറ്റി എന്താണ് വിശേഷിപ്പിക്കേണ്ടത്. പണ്ടൊക്കെയാണെങ്കിൽ 'ഓന്ത് നാണിക്കുമെന്ന്' ഒരു ഉപമ പറയുമായിരുന്നു. എന്നാൽ, ഇന്നത്തെ കാലഘട്ടത്തിൽ ഓന്ത് നാണിക്കുമെന്നല്ല ഓന്തുകളെല്ലാം കൂട്ട ആത്മഹത്യ ചെയ്യാൻ പോകുകയാണ് എന്നാണ് പറയേണ്ടത്. ആ രീതിയിലേയ്ക്ക് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മാറിയിരിക്കുന്നു. അതുകൊണ്ട് ഈ മുതലാളിത്ത സംവിധാനത്തെ മുഴുവൻ പ്രകീർത്തിച്ചുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ ഈ ബജറ്റിനെ സർവാത്മനാ സ്വാഗതം ചെയ്യുകയാണ്. ലോക പ്രസിദ്ധ ഫ്രഞ്ച് ചിന്തകനായ Jean-Paul Sartre പറഞ്ഞ പ്രസിദ്ധമായ വാചകം ഉദ്ധരിച്ചുകൊണ്ടാണ് ഞാൻ സംസാരിക്കാൻ തുടങ്ങുന്നത്. അൾജീരിയയെ ഫ്രാൻസ് കീഴ്പ്പെടുത്താൻ ശ്രമിച്ചപ്പോൾ അന്ന് ഇറങ്ങിയ പ്രതികരണങ്ങളിൽ ഏറ്റവും ശ്രദ്ധേയമായത് Sartre-ന്റേതായിരുന്നു. ഫ്രാൻസ് എന്നത് ഒരു രാജ്യത്തിന്റെ പേരല്ലെന്നും ഇന്ന് അത് ഒരു രോഗത്തിന്റെ പേരായി മാറിയിരിക്കുന്നുവെന്നുമാണ് അദ്ദേഹം പറഞ്ഞത്. വാസ്തവത്തിൽ ആ വാക്യം അതിന് കൈവരാവുന്ന എല്ലാ അർഥവ്യാപ്തിയോടുംകൂടി രാജ്യത്തെ വലയം ചെയ്ത സന്ദർഭത്തിലാണ് നാം ഇന്ന് നിൽക്കുന്നത്. മതാധിഷ്ഠിതമായി ഈ രാജ്യത്തെ ഛിന്നഭിന്നമാക്കുന്നതിനുവേണ്ടിയുള്ള ശ്രമം വലിയ ആശങ്കയോടുകൂടിയാണ് മതനിരപേക്ഷവാദികൾ കാണുന്നത്. അത്തരം ഒരു അന്തരീക്ഷത്തിൽ കോൺഗ്രസ് സ്വീകരിക്കുന്ന രാഷ്ട്രീയ നിലപാട് എന്താണെന്ന് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുകയാണ്. എല്ലാ തിരഞ്ഞെടുപ്പിന്റെയും കാര്യങ്ങൾ ഞാൻ ഇവിടെ പറയുന്നില്ല. ഏറ്റവും അവസാനം നടന്നൊരു

തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്വീകരിച്ച നിലപാടിനോട്, ബഹുമാനപ്പെട്ട അംഗം ടി. വി. ഇബ്രാഹിം നയിക്കുന്ന മുസ്ലീം ലീഗിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുന്നത് നല്ലതാണ്. ഡൽഹി തിരഞ്ഞെടുപ്പിൽ ബി.ജെ.പി.-ക്ക് 47.16 ശതമാനവും എ.എ.പി.-ക്ക് 43.16 ശതമാനവും കോൺഗ്രസിന് 6.54 ശതമാനവും വോട്ടുകളാണ് ലഭിച്ചത്. സി.പി.ഐ.(എം.), എന്നുപറയുന്നത് മുസ്ലീം ലീഗിനെപ്പോലെ തന്നെ ഡൽഹിയിൽ ഒരു സ്വാധീനവുമില്ലാത്ത പാർട്ടിയാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. ഞങ്ങൾ ആ നിലയിൽ എവിടെയും പറഞ്ഞിട്ടുമില്ല. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീന് ബുദ്ധിമുട്ടുണ്ടാകേണ്ട കാര്യമില്ല. ഞങ്ങളും നിങ്ങളെപ്പോലെ തന്നെയാണ് ഡൽഹിയിൽ. ഞങ്ങൾ അവിടെ വലിയ പ്രബലമായ പാർട്ടിയല്ല. ജനകീയ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നല്ല നിലയിൽ പ്രക്ഷോഭങ്ങളും സമരങ്ങളും പരിപാടികളും സംഘടിപ്പിക്കാറുണ്ടെങ്കിലും അത് വോട്ടിൽ പ്രതിഫലിക്കുന്ന രീതിയിലുള്ള കരുത്ത് സി.പി.ഐ.(എം.)-ന് ഡൽഹിയിയില്ല. ഞങ്ങൾ അങ്ങനെയൊരു അവകാശവാദം ഉന്നയിച്ചിട്ടുമില്ല. ഞങ്ങൾ പറയുന്നത്, മതനിരപേക്ഷ രാഷ്ട്രീയം ഉയർത്തിപ്പിടിക്കേണ്ട

കോൺഗ്രസ് ഡൽഹിയിൽ സ്വീകരിക്കുന്ന നിലപാട് ഈ രാജ്യത്തിന്റെ താൽപര്യത്തിന് ഗുണകരമാണോ; അതിൽ മുസ്ലീം ലീഗിന്റെ അഭിപ്രായം എന്താണ്? സ്വാഭാവികമായും അതുപറയുന്നത് നല്ലതാണ്, ഇതൊരു ഡിബേറ്റ് ആണല്ലോ. നിങ്ങൾക്കും അഭിപ്രായം പറയാം. മുസ്ലീം ലീഗിന് അഭിപ്രായങ്ങൾ പങ്കുവയ്ക്കുന്നതിൽ കുഴപ്പമില്ല. കോൺഗ്രസ് വിചാരിച്ചിരുന്നുവെങ്കിൽ ഇന്ന് ഡൽഹി ബി.ജെ.പി. ഭരിക്കുന്ന സ്ഥിതി ഉണ്ടാകുമായിരുന്നില്ല. ഇതുതന്നെയാണ് നിങ്ങൾ തൃശ്ശൂരിലും നടത്തിയത്. തൃശ്ശൂരിൽ ബി.ജെ.പി.-ക്ക് വോട്ട് കൊടുത്ത് ബി.ജെ.പി.-ക്കാരനെ വിജയിപ്പിച്ച് പാർലമെന്റിലേയ്ക്ക് അയച്ച നിങ്ങളുടെ നിലപാട് ഈ രാജ്യമാസകലം തുടരുന്ന കോൺഗ്രസ് അഭിമുഖീകരിക്കുന്ന രോഗത്തിന്റെ ലക്ഷണമായി നമ്മൾ കാണുകയാണ്. കേരളത്തിലെ യു.ഡി.എഫ്.-ന് അതും ഇന്ന് ഒരു രോഗത്തിന്റെ പേരായി മാറിയിരിക്കുന്നു, കടുത്ത അസഹിഷ്ണുത, അധികാര നഷ്ടത്തിന്റെ എല്ലാ വേവലാതികളും വിഷമങ്ങളും സങ്കടങ്ങളുമെല്ലാം യു.ഡി.എഫ്. പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെയാണ് ചിലർക്ക് ഈ ബജറ്റിൽ സന്തോഷിക്കാനുള്ള

യാതൊരു കാര്യവും കാണാനില്ലെന്ന് പറയേണ്ടിവരുന്നത്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തിനും സ്വപ്നത്തിൽപ്പോലും വിചാരിക്കാൻ സാധിക്കാത്ത നിലയിലുള്ള ബദൽ നിലപാടുകളുള്ളൊരു ബജറ്റാണിത്. ഇത് മുതലാളിത്ത നയമാണെന്നാണ് ഇവിടെ ചില ആളുകൾ പറയുന്നത്. ഒരു മുതലാളിത്ത രാജ്യത്ത് ഒരു സംസ്ഥാനത്തിനുമാത്രം സോഷ്യലിസം ഉണ്ടാക്കാൻ സാധിക്കില്ലെന്നത് സാമാന്യമായ രാഷ്ട്രീയ ധാരണയാണ്. 1957-ൽ കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം നൽകുന്ന ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇ.എം.എസ്. നടത്തിയൊരു പ്രസ്താവനയുണ്ട്. ഞാൻ സോഷ്യലിസം നടപ്പിൽ വരുത്താനല്ല അധികാരത്തിൽ വരുന്നതെന്നും ഒരു മുതലാളിത്ത രാജ്യത്ത് ബദൽ നിലപാടുകളുയർത്തിപ്പിടിച്ചുകൊണ്ട് ജനങ്ങൾക്ക് എത്രമാത്രം ജനക്ഷേമകരമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കുമോ അത്രയും കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ് ഞാൻ അധികാരത്തിൽ വരുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി. ആ നിലപാട് തന്നെയാണ് 2025-ൽ ഈ ബജറ്റ് അവതരിപ്പിക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ.

ബാലഗോപാൽ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ കാഴ്ചപ്പാട്. ആ രാഷ്ട്രീയ കാഴ്ചപ്പാട് അംഗീകരിക്കുന്നില്ലെങ്കിലും അത് മനസ്സിലാക്കാനെങ്കിലും ഇവിടത്തെ യു.ഡി.എഫ്.-ന്റെ പ്രതിനിധികൾ സന്നദ്ധമാകണം. യു.ഡി.എഫ്.-ന്റെ നിലപാട് മുതലാളിത്ത വിരുദ്ധ നിലപാടാണെന്ന് പറയാൻ അവർക്ക് സാധിക്കുമോയെന്നത് അറിയുന്നതിനുവേണ്ടി, സ്വാഭാവികമായും അങ്ങനെയൊരു സംശയം ഞങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. ഈ ബജറ്റിന്റെ ആമുഖത്തെ വളരെ പരിഹാസത്തോടുകൂടി പ്രതിപക്ഷം വിലയിരുത്തുന്നത് കണ്ടു. ദേശാഭിമാനി പറഞ്ഞതുപോലെ ഇത് ഒരു ടേക്ക് ഓഫിന്റെ ബജറ്റാണ്. പലരും ആ വാക്കിനെത്തന്നെ ആക്ഷേപിക്കുന്ന രീതിയിൽ കാര്യങ്ങൾ വന്നു. കേന്ദ്രമന്ത്രി ശ്രീ. ജോർജ് കുര്യന്റെ അതേ മനസ്സാണ് യു.ഡി.എഫ്.-നെന്ന് വ്യക്തമാക്കുന്നതാണ് ഈ ബജറ്റിന്റെ ആമുഖത്തെക്കുറിച്ചും അതിന്റെ ഉള്ളടക്കത്തെക്കുറിച്ചുമുള്ള യു.ഡി.എഫ്.-ന്റെ വിലയിരുത്തലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സന്തോഷകരമായൊരു വാർത്തയാണ് എനിക്ക് പങ്കുവയ്ക്കാനുള്ളതെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് പ്രസംഗത്തിൽ പറയുന്നത്. 2025-26 വർഷത്തെ ഈ ബജറ്റ്

എങ്ങനെയാണ് സന്തോഷകരമാകുന്നതെന്നും അദ്ദേഹം വ്യക്തമായി പറഞ്ഞിട്ടുണ്ട്. സംസ്ഥാന സർക്കാരിനെ ബാധിച്ച രൂക്ഷമായ ധനഞെരുക്കത്തിന്റെ തീഷ്ണമായ ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നുവെന്നതാണ് ആ സന്തോഷകരമായ വാർത്ത. അതിന്റെ കൃത്യമായ കണക്കും കാര്യങ്ങളും ഈ ബജറ്റിന്റെ ഉള്ളടക്കത്തിലൂടെ കടന്നുപോകുമ്പോൾ മനസിലാക്കാൻ സാധിക്കുന്നുണ്ട്. ധനഞെരുക്കമുണ്ടായപ്പോഴും രൂക്ഷമായ സാമ്പത്തിക പ്രയാസങ്ങൾ അഭിമുഖീകരിച്ചപ്പോഴും വികസന കാര്യത്തിലോ ക്ഷേമപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിലോ കാര്യമായ ഒരു മുടക്കവുമില്ലാതെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തെ അഭിമാനകരമായ രീതിയിൽ മുന്നോട്ട് നയിച്ചുവെന്നത് പ്രധാനപ്പെട്ട കാര്യമാണല്ലോ; ഈ സർക്കാർ കൈവരിച്ച നേട്ടങ്ങൾ ആവർത്തിച്ചാവർത്തിച്ച് ഓരോ പ്രാസംഗികനും ഇവിടെ പറഞ്ഞിട്ടുള്ളത് ഞാനും ആവർത്തിക്കുകയാണ്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ ഇന്ത്യയിൽ ഒന്നാമത് നിൽക്കുന്ന സംസ്ഥാനം കേരളമാണ്. പബ്ലിക് അഫയേഴ്സ് സൂചികയിലും

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ശ്രേഷ്ഠതാ സൂചികയിലും ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കേരളമാണ്. നീതി ആയോഗിന്റെ സൂചിക പ്രകാരം ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനം കേരളമാണ്. ഇന്ത്യാ ടുഡേയുടെ 2021-ലെ ഹാപ്പിനസ് ഇൻഡക്സ് സർവെയിലും കേരളത്തിന് ഒന്നാം സ്ഥാനമാണ്. നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ തുടർച്ചയായി നാലുവർഷം ഒന്നാമതെത്തിയത് കേരളമാണ്. നീതി ആയോഗിന്റെ സംസ്ഥാന ഊർജ കാലാവസ്ഥാ സൂചികയിൽ രണ്ടാം സ്ഥാനത്ത് കേരളമാണ്. കേരളത്തിന്റെ നേട്ടങ്ങളുടെ പട്ടിക ഇങ്ങനെ നീണ്ടുപോവുകയാണ്. ഈ രാജ്യത്ത് കേരളം എങ്ങനെയാണ് ഇത്തരം മികച്ച നേട്ടങ്ങൾ കൈവരിച്ചതെന്ന് നിങ്ങൾ ആലോചിക്കണം. ഈ ബജറ്റ് നിരാശാജനകമാണെന്നും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാഴ്ചപ്പാടുകൾ കേരളത്തിലെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്നും പറയുന്നവർ അതിന് മറുപടി പറയാതെ പോകുന്നത് ശരിയല്ലല്ലോയെന്ന് നിങ്ങൾ ആലോചിക്കണം. പല രീതിയിലും കാര്യങ്ങൾ വ്യാഖ്യാനിക്കുന്നത് ഞങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. കിഫ്ബി കൊണ്ട് എന്ത്

ഉപയോഗമെന്നാണ് നിങ്ങൾ ചോദിക്കുന്നത്. ഞാൻ അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. C&AG പരിശോധന നടക്കുന്നില്ല. 2023-24 വരെയുള്ള C&AG-യുടെ എല്ലാ പരിശോധനകളും കിഫ്ബിയിൽ നടന്നുകഴിഞ്ഞിട്ടുണ്ട്. പുതിയ സാമ്പത്തിക വർഷത്തെ കാര്യങ്ങൾ നടത്തേണ്ട തീരുമാനമെടുക്കേണ്ടത് കേരളത്തിലെ ഗവൺമെന്റ് അല്ലെന്ന് എല്ലാവർക്കും അറിയാം. അത് C&AG-യുടെ തീരുമാനമാണ്, അവർ ഇനിയും അതിന്റെ പരിശോധനകൾ നടത്തേണ്ടതാണ്, സമയമാകുമ്പോൾ അവർ അത് നടത്തും. വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുകൊണ്ടുപോകുന്ന ഈ ഗവൺമെന്റിനെ താറടിച്ചുകാണിക്കുന്നതിന് കിഫ്ബി വരെ ഉപയോഗപ്പെടുത്തി ഇത്തരത്തിൽ നട്ടാൽ മുളയ്ക്കാത്ത നുണകൾ പ്രചരിപ്പിക്കുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഉമ്മൻ ചാണ്ടി സർക്കാർ പൂട്ടിക്കെട്ടി പോയതാണല്ലോ ദേശീയ പാത 66-ന്റെ വികസനമെന്ന് പറയുന്നത്. ഞങ്ങൾ ഈ ദേശീയപാത വികസനത്തിനില്ലായെന്ന് യു.ഡി.എഫ്. സർക്കാർ മതിയാക്കി പോയതല്ലേ; ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് യു.ഡി.എഫ്. സർക്കാർ

വരുത്തിയ വീഴ്ചകൾക്ക് കേന്ദ്രസർക്കാർ ചുമത്തിയ പിഴയെന്താണ്? ഭൂമി ഏറ്റെടുക്കലിന് ചെലവാകുന്ന തുകയുടെ ഇരുപത്തിയഞ്ച് ശതമാനം സംസ്ഥാന ഗവൺമെന്റ് നൽകണമെന്നായിരുന്നു. ഇതിന്റെ ഫലമായി 6000 കോടി രൂപ സംസ്ഥാന സർക്കാർ കൊടുത്തു. ഈ 6000 കോടി രൂപ കൊടുക്കുമ്പോൾ കേരളത്തിന്റെ സാമ്പത്തികരംഗത്തുണ്ടായിട്ടുള്ള മാറ്റമെന്താണ്; കിഫ്ബി പദ്ധതികൊണ്ട് എന്ത് ഗുണമാണുണ്ടായത് എന്നതിനുള്ള ഉത്തരം വളരെ കൃത്യമാണ്. 79,000 കോടി രൂപയുടെ ദേശീയപാത വികസന പ്രവർത്തനങ്ങളിൽ 6000 കോടി രൂപ ആവശ്യമില്ലാതെയാണെങ്കിലും സംസ്ഥാന സർക്കാർ ചെലവഴിച്ചപ്പോൾ ആ വികസനം കേരളത്തിലുണ്ടാകണമെന്ന് ഈ സർക്കാരിന് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഭൂമി ഏറ്റെടുക്കലിനായി ചെലവഴിച്ച തുകയായ 6000 കോടി രൂപ കൂടി ചേർക്കുമ്പോൾ ദേശീയ പാത വികസത്തിനായി 79000 കോടി രൂപയാണ് കിഫ്ബിയിലൂടെ കേരളത്തിൽ വിനിയോഗിക്കപ്പെട്ടിട്ടുള്ളതെന്ന് നമുക്കൊക്കെ അറിയാവുന്ന വസ്തുതയല്ലേ? അത് പ്രതിപക്ഷത്തിനും അറിയാവുന്ന കാര്യമാണ്. സമയക്കുറവുമൂലം

അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ശ്രീ. ടി. വി. ഇബ്രാഹിം വളരെ നല്ല രീതിയിൽത്തന്നെ കാര്യങ്ങൾ ഇവിടെ പറഞ്ഞു. കടുത്ത വിവേചനമാണെന്നും ആഹ്ലാദത്തിന്റെ ഒരു കണികപോലും ഈ ബജറ്റിലെ ഒരു പേജിലും കാണാൻ സാധിക്കില്ലെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഒരുകാര്യം നിങ്ങൾ ആലോചിക്കണം; കണ്ണൂരിൽ ഹജ്ജ് ഹൗസ് ആരംഭിക്കുന്നതിന് അഞ്ച് കോടി രൂപ പ്രസ്തുത ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ലീഗിന്റെ സുഹൃത്തുകൾക്ക് ആഹ്ലാദമുണ്ടോ; കോഴിക്കോട് കരിപ്പൂരിൽ ഹജ്ജ് ഹൗസ് ആരംഭിച്ചതരാണ്? ഞങ്ങളുടെയൊക്കെ ഏറ്റവും പ്രിയപ്പെട്ട നേതാവായ ശ്രീ. പാലോളി മുഹമ്മദ് കുട്ടിയുടെ കാലത്താണ്. അന്ന് ലീഗിന്റെ നിലപാടെന്തായിരുന്നു; അന്ന് ലീഗ് അതിനെതിരായിരുന്നു. അതൊന്നും ലീഗിന് ആഹ്ലാദം നൽകുന്ന കാര്യങ്ങളല്ല; ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് കണ്ണൂരിൽ ഹജ്ജ് ഹൗസ് ആരംഭിക്കാൻ നിൽക്കുമ്പോൾ നിങ്ങൾക്ക് കുറച്ച് വിഷമമുണ്ട്. നിങ്ങൾക്ക് സാധിക്കാത്ത കാര്യങ്ങൾ ഞങ്ങൾ നടത്തി മുന്നോട്ടുകൊണ്ടുപോകുന്നുവെന്നുള്ളതാണ്. പ്രതിപക്ഷ എം.എൽ.എ.-മാരെ അവഗണിക്കുന്നുവെന്ന് ഇവിടെ സൂചിപ്പിച്ചു.

യു.ഡി.എഫ്. ഭരണകാലത്ത് നിങ്ങൾ പാലിച്ചിട്ടുള്ള ശീലങ്ങൾ അതാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ശീലവുമെന്ന് നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നു. ഈ സാമ്പത്തിക ഞെരുക്കത്തിനിടയിലും എല്ലാ എം.എൽ.എ.-മാർക്കും നല്ലരീതിയിലുള്ള പരിഗണന സർക്കാർ നൽകിയിട്ടുണ്ട്. പരിഗണന എവിടെ നൽകിയില്ലായെന്നാണ് പറയുന്നത്; നിങ്ങൾക്ക് ലഭിച്ച സംഖ്യയിൽ ചിലപ്പോൾ ചില വ്യത്യാസമുണ്ടാവും. എനിക്ക് കിട്ടിയ അത്രയും തുക ചിലപ്പോൾ ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർക്ക് ലഭിച്ചിട്ടുണ്ടാകില്ല. അദ്ദേഹത്തിന് ലഭിച്ച തുകയായിരിക്കില്ല ശ്രീ. പി. മമ്മിക്കുട്ടിക്ക് ലഭിച്ചത്.

ചെയർപേഴ്സൺ: അങ്ങ് ചുരുക്കണം.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, പക്ഷേ കേരളത്തിലെ എല്ലാ എം.എൽ.എ.-മാരെയും നല്ലനിലയ്ക്ക് പരിഗണിച്ച് യു.ഡി.എഫ്.-ന്റെ ഭരണകാലത്തില്ലാത്ത, അവഗണനയുടെ ഒരു ചെറിയ കണികപോലുമില്ലാതെ എല്ലാവരും ചേർത്തുപിടിക്കുന്ന നയവും നിലപാടുമാണ് ഈ ഗവൺമെന്റ് തുടർന്നുവന്നിട്ടുള്ളത്. ആ നിലയിൽ കേരളത്തിന് വെളിച്ചവും പുതിയ

കാഴ്ചപ്പാടും നൽകുന്ന ബജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ചത്. അതിനെ സർവ്വാത്മന സ്വാഗതം ചെയ്തുകൊണ്ട് ഉപസംഹരിക്കുകയാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ബജറ്റിനെ എതിർക്കുകയാണ്. സംസ്ഥാനത്ത് ഓരോ പ്രതിസന്ധികളുണ്ടാകുമ്പോഴും ജനങ്ങൾക്കുള്ള പ്രതീക്ഷ അതത് കാലഘട്ടങ്ങളിലെ സർക്കാരിലാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ അവഗണിച്ചതുപോലെ കേരളത്തിലെ സാധാരണക്കാരായ ജനങ്ങളെയും പ്രതിപക്ഷത്തെയും അവഗണിക്കുന്നൊരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് അമിതഭാരം ഏൽപ്പിക്കുന്നതുപോലെതന്നെ സാധാരണക്കാർക്കുമേൽ അമിതഭാരം അടിച്ചേൽപ്പിച്ചൊരു ബജറ്റാണ് കഴിഞ്ഞ ദിവസം ഇവിടെ അവതരിപ്പിച്ചത്. ചരിത്രത്തിലാദ്യമായി രണ്ടുഘട്ടങ്ങളായിട്ടാണ് ബജറ്റിലൂടെ ഭൂനികുതി വർധിപ്പിച്ചത്. മാത്രമല്ല, സെക്കൻഡ് ഹാൻഡ് വാഹനങ്ങളുടെ കാര്യവും ഇതുതന്നെയാണ്. ഭൂനികുതി വർധിപ്പിക്കുമ്പോൾ സാധാരണക്കാരുടെ

സ്ഥിതികൂടി നമ്മൾ പരിശോധിക്കേണ്ടതുണ്ട്. കേരളത്തിൽ പട്ടികജാതി/പട്ടികവർഗ വിഭാഗക്കാരുടെ ഇന്നത്തെ സാഹചര്യം വളരെ വ്യക്തമായി ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. വകുപ്പിനായി നീക്കിവച്ചിരുന്ന തുകയിൽ 111.76 കോടി രൂപയുടെ വെട്ടിക്കുറവാണ് ഈ ബജറ്റിലൂടെ വരുത്തിയിരിക്കുന്നതെന്ന് മനസ്സിലാക്കണം. പട്ടികവർഗ്ഗക്കാരോടുള്ള വലിയൊരു അവഗണനയാണ് ഇതിലൂടെ വ്യക്തമാകുന്നത്. അവർക്കായുള്ള ഭൂമി ഏറ്റെടുക്കൽ, ഭവനനിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, കുടിവെള്ള സ്രോതസ്സുകൾ, ഉന്നതികളിലേക്കുള്ള റോഡുകൾ തുടങ്ങിയവയ്ക്കെല്ലാം എവിടെനിന്നാണ് പണം ലഭിക്കുന്നത്? ബജറ്റിൽ വകുപ്പിനായി നീക്കിവച്ചിരുന്ന 502 കോടി രൂപയിൽ 390 കോടി രൂപയായി കുറയ്ക്കുകയാണ് ചെയ്തത്. ഭവനരഹിതരായവർക്ക് വീട് നിർമ്മിക്കുന്നതിനായി 70 കോടി രൂപയാണ് വകുപ്പ് മാറ്റിവച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 53 കോടി രൂപയായി ചുരുങ്ങി. ലൈഫ് ഭവന പദ്ധതി വന്നതിനുശേഷം സാധാരണക്കാരായ പട്ടികവർഗക്കാർക്ക് മനോഹരമായൊരു ഭവനം എവിടെയും കാണാൻ കഴിഞ്ഞിട്ടില്ല. ഇന്ന്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളൊക്കെ വലിയ പ്രതിസന്ധിയിലാണ്. സ്വാഭാവികമായും പദ്ധതി വിഹിതം വെട്ടിക്കുറക്കുന്നതിലൂടെ പട്ടികവർഗ വിഭാഗത്തോടുള്ള വലിയ അവഗണനയാണ് ഗവൺമെന്റ് ചെയ്തിട്ടുള്ളത്. ഓരോ പട്ടികവർഗ്ഗ ഉന്നതികളെടുത്ത് പരിശോധിക്കുമ്പോൾ അഞ്ച് സെന്റിലും പത്ത് സെന്റിലും മൂന്നും നാലും അഞ്ചും വീടുകൾ വച്ച് ടോയിലറ്റും കുടിവെള്ളവുമില്ലാതെ താമസിക്കുന്ന പാവങ്ങൾക്ക് ഭൂമി വാങ്ങിച്ച് ഭവനം നിർമ്മിച്ചുകൊടുക്കേണ്ടതുണ്ട്. ആ ഭവനം നിർമ്മിച്ചുകൊടുക്കുന്നതിനുവേണ്ടി വകുപ്പ് മാറ്റിവച്ച തുക നേർപകുതിയായി വെട്ടിക്കുറച്ചിരിക്കുകയാണ്. അങ്ങനെവരുമ്പോൾ ഇവർ പഴയ അന്തരീക്ഷത്തിലേക്ക് പോകേണ്ട സാഹചര്യമാണുള്ളത്. ഇന്ന് കേരളത്തിലൊട്ടാകെ വന്യമൃഗ ശല്യം സംജാതമായി കൊണ്ടിരിക്കുകയാണ്. ഇടുക്കി ജില്ലയിൽ ഇന്നലെ 45 വയസ്സുള്ളൊരു സഹോദരിയെ ആന ചവിട്ടികൊന്നുവെന്ന വാർത്ത നമ്മളെല്ലാവരും കണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിലെ നൂൽപ്പുഴ കാപ്പാട് കോളനിയിൽ 45 വയസ്സുള്ള മാനു എന്ന ആദിവാസി സഹോദരനെ ആന ചവിട്ടികൊന്നിരിക്കുകയാണ്. കഴിഞ്ഞ രണ്ടാഴ്ചകൾക്കുമുമ്പ് രാധയെ

കടുവ ആക്രമിച്ചുകൊന്നു. ഈ സാഹചര്യത്തിൽ വളരെ ഗൗരവമുള്ള ഇത്തരം പ്രതിസന്ധികൾ നിലനിൽക്കുമ്പോൾ കർഷകനും കർഷകത്തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും വനാന്തരങ്ങളിലൂടെ യാത്ര ചെയ്യാനോ കൃഷി ചെയ്യാനോ സാധിക്കാത്ത സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ ഈ ഗവൺമെന്റ് ബജറ്റിൽ തുച്ഛമായ തുകയാണ് വനവുമായി ബന്ധപ്പെട്ട് മാറ്റിവച്ചിട്ടുള്ളത്. ഇതൊക്കെ പരിശോധിക്കുമ്പോൾ, ഒരു സംസ്ഥാനത്ത് പ്രതിസന്ധികളുണ്ടാകുമ്പോൾ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് അത്തരം കാര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു ബജറ്റാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. ഇന്ന് കർഷകർ വലിയ പ്രതിസന്ധിയിലാണ്. നേരത്തെ ഇവിടെ സൂചിപ്പിച്ചു, കാർഷികമേഖലയിൽ പ്രതിസന്ധികളുണ്ടായ ഘട്ടത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽനിന്നെടുത്ത ലോണുകൾ അടയ്ക്കാൻ കഴിയാതെ നിരവധി കർഷകർ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. ടി പ്രതിസന്ധി നിലനിൽക്കുകയാണ്. ജപ്തി നടപടികൾക്കെതിരെ നിയമം കൊണ്ടുവന്നുവെങ്കിലും ആ നിയമമൊന്നും ഉദ്യോഗസ്ഥർ പാലിക്കുന്നില്ലെന്ന്

ഇന്നലെ ശ്രീ. സി. ആർ. മഹേഷ് ഇവിടെ സൂചിപ്പിച്ചു. ശ്രീ. ടി. വി. ഇബ്രാഹിം ഇവിടെ സൂചിപ്പിച്ചത് യഥാർത്ഥ്യമാണ്. ഇവിടെ എം.എൽ.എ.-മാരെ ആരും അവഗണിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. ഐ. മധുസൂദനൻ സൂചിപ്പിച്ചു. ഞാൻ ഇത് പറയുമ്പോൾ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ ഓർക്കുകയാണ്. മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി 2012-ൽ എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ട് 5 കോടി രൂപയായി വർധിപ്പിച്ചപ്പോൾ 140 എം.എൽ.എ.-മാർക്കും ഒരേ തുകയാണ് കൊടുത്തത്. ഇപ്പോൾ ആയിരം കോടി രൂപയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഗ്രാമത്തിലെ ജനങ്ങൾക്ക് ഗ്രാമീണ റോഡുകളുടെ നിർമ്മാണ വികസനത്തിന് വേണ്ടി ഏഴ് കോടി, എട്ട് കോടി രൂപവരെ ലഭിക്കുമെന്നാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. പ്രസ്തുത പദ്ധതിപോലും വെട്ടിക്കുറച്ച് തുച്ഛമായ തുക നൽകി തൃപ്തിപ്പെടുത്തുന്ന നിലപാടാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. എന്റെ മുൻഗാമി സി.പി.ഐ(എം.), സുൽത്താൻ ബത്തേരിയിലെ മുൻ എം.എൽ.എ. ആയ വർഗീസ് വൈദ്യരെ ഞാൻ ഓർക്കുകയാണ്. അദ്ദേഹം തൊഴിലാളി പ്രസ്ഥാനത്തിന്റെ നേതാവാണ്.

അദ്ദേഹം രാഷ്ട്രീയം നോക്കാറില്ല. ആര് പോയാലും പ്രശ്നങ്ങളിൽ ഇടപെടും. ഈ ബജറ്റിൽ വയനാട് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്കുവേണ്ടി 10 കോടി രൂപ മാറ്റി വച്ചിരിക്കുകയാണ്. 2016-ൽ മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക് അവതരിപ്പിച്ച ബജറ്റിലും 16 കോടി രൂപ അനുവദിച്ചിരുന്നു. ഇന്ന് ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ അവസ്ഥയെന്ന് പറയുന്നത് മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലാണ്. സി.പി.ഐ.(എം) മുൻ എം.എൽ.എ. വർഗീസ് വൈദ്യർ 1999-ൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി, യുവജനങ്ങൾക്ക് തൊഴിൽ കൊടുക്കുന്നതിനവേണ്ടി, കാർഷികമേഖല മെച്ചപ്പെടുത്തുന്നതിനുവേണ്ടി, കർഷകരെ സഹായിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന പദ്ധതിയാണ്. അതിനുശേഷം ശ്രീ. പി. കൃഷ്ണപ്രസാദ് ചെയർമാനായി വന്നപ്പോഴാണ് 2016-ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് 16 കോടി രൂപ ബജറ്റിൽ അനുവദിച്ചത്. എവിടെ പോയി ആ തുക? വയനാട്ടിലെ നിരവധി കർഷകർ, റിട്ടയേർഡായ ഉദ്യോഗസ്ഥന്മാർ, വിദേശത്ത് ജോലി ചെയ്തുവന്ന

പ്രവാസികൾ, അവരിൽനിന്നൊക്കെ കോടികണക്കിന് രൂപ വാങ്ങി ഡെപ്പോസിറ്റ് ചെയ്തിട്ട് അത് തിരിച്ചുകൊടുക്കാതെ ഏതാണ്ട് നൂറോളം കോടി രൂപയുടെ ധൂർത്തടി നടന്ന സൊസൈറ്റിയ്ക്കുവേണ്ടിയാണ് ഈ ബജറ്റിൽ പത്തുകോടി രൂപ മാറ്റിവച്ചിരിക്കുന്നത്. ആരോടുള്ള വെല്ലുവിളിയാണിത്? വനം മേഖലയിലും മറ്റുള്ള മേഖലകളിലുമൊക്കെ നിരവധി പ്രതിസന്ധികളുണ്ട്. ഒന്നാം പിണറായി ഗവൺമെന്റിന്റെ അവസാന ബജറ്റിലും ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള നാല് ബജറ്റുകളിലും സുൽത്താൻ ബത്തേരിയിലെ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ പ്രൊപ്പോസൽ സമർപ്പിച്ചു. എല്ലാ രേഖകളും ഗവൺമെന്റ് സബ്മിറ്റ് ചെയ്തു. ഇന്നും അവിടെ ഗവൺമെന്റ് കോളേജില്ല. ഇത് അവിടത്തെ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുവേണ്ടിയും സാധാരണക്കാരായ കർഷകരുടെ മക്കൾക്കുംവേണ്ടിയാണ്. അതൊന്നും പ്രഖ്യാപിച്ചിട്ടില്ല. ഇപ്പോൾ ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിക്ക്

പത്ത് കോടി രൂപ അനുവദിച്ചിരിക്കുകയാണ്. എന്തിനാണ് ഈ പത്തുകോടി രൂപ? മുൻ എം.എൽ.എ. പി. കൃഷ്ണപ്രസാദ് ഭൂമി പണയം വച്ച് ആറ് കോടി രൂപ ബാങ്കിൽ നിന്നും ലോണെടുത്ത് തിരിച്ചടയ്ക്കാതെ ഭൂമി ജപ്തി നടപടികളിലേയ്ക്ക് പോകുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് തിരിച്ചെടുത്ത് കൊടുക്കാനാണോ ഇപ്പോൾ പത്ത് കോടി രൂപ അനുവദിച്ചത്? ഗവൺമെന്റിന്റെ നേതൃത്വത്തിൽ കൊടുക്കുന്ന ഫണ്ട് ഡെപ്പോസിറ്റ് വാങ്ങിയ സാധാരണക്കാർക്ക് തിരിച്ചുകൊടുക്കാനാണോ? അവിടെ എന്ത് മെയിന്റനൻസാണുള്ളത്; ആ സൊസൈറ്റി ഇന്ന് മുങ്ങിയിരിക്കുന്ന കപ്പലാണ്. നിങ്ങൾ പരിശോധിക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഫണ്ട് അനുവദിക്കുന്നതിനൊന്നും ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷെ, മുൻ എം.എൽ.എ. വർഗ്ഗീസ് വൈദ്യന്റെ ഓർമ്മ നിലനിൽക്കണം. പക്ഷെ സാധാരണക്കാരന്റെ നികുതി പണത്തിൽ നിന്ന് പത്തുകോടി രൂപ കൊടുക്കുമ്പോൾ ആ നികുതി പണവുമായി ബന്ധപ്പെട്ട്

ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയിൽ ഇന്നത്തെ പ്രതിസന്ധിക്ക് കാരണമെന്താണ്; എന്തുകൊണ്ടാണ് അത് പൂട്ടാൻ കാരണമെന്നത് പരിശോധിക്കണം. അതിന്റെ ഡയറക്ടർ ബോർഡ് അംഗങ്ങളിൽ ഞങ്ങളാരും ഇല്ല. അതിൽ യു.ഡി.എഫ്.-ലെ ആരുമില്ല. സി.പി.ഐ. (എം), എൽ.ഡി.എഫ്.-ന്റെ ആളുകളുമാണ് ഡയറക്ടർ ബോർഡ് അംഗങ്ങൾ. ഡയറക്ടർ ബോർഡ് അംഗങ്ങൾ തന്നെ ഇപ്പോൾ അഭിപ്രായ വ്യത്യാസങ്ങൾ സൃഷ്ടിച്ചിരിക്കുകയാണ്. ഇന്ന് രാവിലെ പുൽപ്പള്ളിയിൽനിന്നും ഒരു സഹോദരി എന്നെ വിളിച്ചിരുന്നു. ആ സഹോദരി ഏറെക്കാലം വിദേശത്ത് നേഴ്സായി ജോലി ചെയ്ത് തിരിച്ചുവന്നപ്പോൾ 40 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തു. ആ തുക ഇന്നും അവർക്ക് കിട്ടിയിട്ടില്ല. അവർ സുൽത്താൻ ബത്തേരി, മാനന്തവാടി, കൽപ്പറ്റ എന്നീ സ്ഥലങ്ങളിൽ പത്ര സമ്മേളനങ്ങൾ നടത്തി. ഇത്രയൊക്കെ പ്രതിസന്ധികളുണ്ട്. ധൂർത്തടിക്കാതെ ഇത്തരം പദ്ധതികൾ

ഉപയോഗപ്രദമായ രീതിയിലേക്ക് എത്തിക്കണം. പട്ടികവർഗക്കാർ, വിദ്യാർഥികൾ, സാധാരണക്കാർ, കർഷകർ എന്നിവർക്കാവശ്യമായ സംവിധാനങ്ങളാണ് വേണ്ടത്. കേന്ദ്രം കേരളത്തെ അവഗണിച്ചതുപോലെ ഇന്ന് പ്രതിപക്ഷ എം.എൽ.എ.-മാരെയും പ്രതിപക്ഷ മണ്ഡലങ്ങളെയും ഈ ഗവൺമെന്റ് ബജറ്റിൽ അവഗണിച്ചതുകൊണ്ടാണ് ബജറ്റിനെ എതിർത്തതും എതിർക്കുന്നതും എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിന്റെ മനസ്സറിഞ്ഞ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലൻ അവതരിപ്പിച്ച കേരള സർക്കാരിന്റെ 2025-26 വർഷത്തേയ്ക്കുള്ള ബജറ്റിനെ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി, ജനസമൂഹത്തിനുവേണ്ടി ഞാൻ പിന്തുണയ്ക്കുന്നു. പിണറായി സർക്കാരിന്റെ 2025-26 വർഷത്തെ ബജറ്റ് അനുദിനം മാറ്റങ്ങൾക്ക് വിധേയമാകുന്ന പുതിയ കാലഘട്ടത്തിനും പുതിയ തലമുറയ്ക്കുംവേണ്ടി സമർപ്പിക്കുകയാണ്. കഴിഞ്ഞ ദിവസം അന്തരിച്ച മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ ബഹുമാന്യനായ എം.ടി.-യുടെ

'നാലുകെട്ട്' എന്ന നോവലിൽ അവസാനഭാഗത്ത് കാറ്റും വെളിച്ചവും കടന്നുവരുന്നൊരു വീട് നിർമ്മിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. ആ വീട് ശ്രീ. കെ. എൻ. ബാലഗോപാലിന്റെ 2025-26 വർഷത്തെ ബജറ്റും കേരളത്തിലേയ്ക്ക് പ്രതീക്ഷയുടെ പുതിയ കാറ്റും വെളിച്ചവും കടന്നുവരാനുള്ള നിർദേശങ്ങളായിട്ടാണ് ഞാൻ കാണുന്നത്. മനുഷ്യവിഭവശേഷിയാണ് കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത്. അവയെ ഭംഗിയായി ഉപയോഗിക്കാനും വർധിപ്പിക്കാനും സാധിച്ചാൽ ഇന്നത്തെ പ്രതിസന്ധികളെ നമുക്ക് അതിജീവിക്കാൻ സാധിക്കും. ഭരണഘടന വാഗ്ദാനം ചെയ്യുന്ന സംസ്ഥാനത്തിന്റെ അവകാശങ്ങൾ കേന്ദ്ര സർക്കാർ ദിവസേന കേരളത്തിൽ വെട്ടിക്കുറയ്ക്കുകയാണ്. കോവിഡും പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാരിന്റെ അനീതിയും സൃഷ്ടിച്ച കഷ്ടങ്ങളും നഷ്ടങ്ങളും നിറഞ്ഞുനിൽക്കുമ്പോഴും ഇതിനെയെല്ലാം അതിജീവിച്ചുകൊണ്ട് പിണറായി സർക്കാരിന്റെ മുന്നോട്ടുപോക്ക് നമ്മുടെ നാടിന്റെ നന്മയ്ക്കുവേണ്ടിയാണ്. അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറുകയാണ്. കേരളത്തിൽ നാലര ലക്ഷം കുടുംബങ്ങൾക്ക് അടച്ചുറപ്പുള്ള വീടുകൾ നിർമ്മിക്കാൻ പിണറായി

സർക്കാരിന് സാധിച്ചു. ഒരു ലക്ഷം വീടുകൾ കൂടി ഉടൻ യാഥാർഥ്യമാക്കുകയാണ്. കേരളം പിറവിയെടുത്തതിനുശേഷം ആദ്യമായി 5,58,000 ഹെക്ടർ ഭൂമിയിൽ ഡിജിറ്റൽ സർവെ പൂർത്തിയാക്കി. മാലിന്യക്കൂമ്പാരങ്ങളില്ലാത്ത സംസ്ഥാനമായി കേരളം മാറുകയാണ്. കഴിഞ്ഞ മൂന്നര വർഷം കൊണ്ട് 2,75,000 വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു. നിക്ഷേപ സൗഹൃദാന്തരീക്ഷം മെച്ചപ്പെട്ട് വരികയാണ്. ഇതിനാവശ്യമായ പശ്ചാത്തലസൗകര്യം കിൻഫ്ര, കെ.എസ്.ഐ.ഡി.സി. മുതലായവ വഴി നമുക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ കൂത്തുപറമ്പിൽ നവോദയക്കുന്നിൽ കിൻഫ്ര ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി കുറച്ചുവർഷങ്ങളായി നടപടികൾ ആരംഭിക്കുകയുണ്ടായി. ഇപ്പോഴും നടപടികൾ പൂർത്തിയായിട്ടില്ല. കിൻഫ്ര ഈ ഭൂമി ഏറ്റെടുക്കുമെന്നതിനാൽ ഭൂമിയിൽ മുതൽമുടക്കി കൃഷി ചെയ്യാനോ പരിവർത്തനപ്പെടുത്താനോ ക്രയവിക്രയം നടത്താനോ കർഷകർക്കും ഭൂവുടമകൾക്കും സാധിക്കുന്നില്ല. ഈ അനിശ്ചിതത്വം ഇപ്പോഴും തുടരുകയാണ്. ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ അടിയന്തരമായി

സ്വീകരിക്കണമെന്ന് ഞാൻ വിനയപൂർവം അഭ്യർഥിക്കുകയാണ്. ദേശീയ പാത മുതൽ ഗ്രാമീണ പാതകൾ വരെയുള്ള റോഡ് ശൃംഖല, ഗെയിൽ പൈപ്പ് ലൈൻ, വൈദ്യുതി പ്രസരണ സംവിധാനം, വിഴിഞ്ഞം തുറമുഖം, വിമാനത്താവള വികസനം, ദേശീയ ജലപാത തുടങ്ങി പശ്ചാത്തലമേഖലയിൽ കഴിഞ്ഞ എട്ടുവർഷംകൊണ്ട് വലിയ വികസനം നടപ്പാക്കാൻ സാധിച്ചു. ടൂറിസം മേഖലയിൽ വന്ന പരിഷ്കാരങ്ങൾ. ആഭ്യന്തര ടൂറിസ്റ്റുകളേയും വിദേശ ടൂറിസ്റ്റുകളുടേയും വരവിൽ വർധനവുണ്ടാക്കി. എന്റെ നിയോജക മണ്ഡലമായ കൂത്തുപറമ്പിൽ നരിക്കോട്മല, വാഗമല ടൂറിസം പദ്ധതിക്ക് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പഴശ്ശി കാനനപാത അടങ്ങിയ പ്രസ്തുത ടൂറിസം പദ്ധതി യാഥാർഥ്യമാകുന്നതോടുകൂടി ഈ മലയിലേയ്ക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ സാധിക്കും. നരിക്കോട് മല, വാഗമല എക്കോ ടൂറിസം പദ്ധതി പൂർത്തീകരിക്കാൻ വേണ്ടിയുള്ള നടപടികൾ കൂടുതലായി ഉണ്ടാകണം. 'ന്യൂ ഇന്നിംഗ്സ്' പദ്ധതിയിലൂടെ പുതിയ സംരംഭങ്ങളും വ്യവസായങ്ങളും ആരംഭിക്കുന്നതിന് മുതിർന്ന പൗരന്മാരുടെ അനുഭവവും സേവനവും ഉപയോഗപ്പെടുത്തുകയാണ്. കേരളത്തിലെ

കാർഷിക മേഖലയും കൈത്തറി മേഖലയും സമ്പുഷ്ടമാക്കിയത് വിദഗ്ധരായ തൊഴിലാളികളായിരുന്നു. ഇവരുടെ അഭാവം സാരമായി ബാധിച്ച മേഖലയാണ് കാർഷിക-കൈത്തറി മേഖല. അതിനാൽ കാർഷിക കൈത്തറി മേഖലയിലും വിദഗ്ധരായ കർഷകരുടെയും തൊഴിലാളികളുടെയും അനുഭവങ്ങളും സേവനങ്ങളും ഉപയോഗപ്പെടുത്താൻ നമുക്ക് സാധിക്കണം. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി തരം മാറ്റുന്നതിനെക്കുറിച്ച് ഇന്നലെ സൂചിപ്പിച്ചു. അങ്ങനെ ലഭിക്കുന്ന ഫീസായി സ്വരൂപിച്ച സംഖ്യ മുമ്പേ സ്വരൂപിച്ച 1510 കോടി രൂപയുമുണ്ട്. അത് കാർഷിക വികസനത്തിനുവേണ്ടി ഉപയോഗിക്കണം. വളരെ ഗൗരവത്തോടുകൂടിയാണ് ഇക്കാര്യം പറയുന്നത്. ക്ഷീരമേഖലയേയും കൈത്തറി മേഖലയേയും സംരക്ഷിക്കാൻ മതിയായ സബ്സിഡിയും നിലവിലെ കുടിശികയും നൽകാൻ നടപടി സ്വീകരിക്കണം. വന്യജീവികളുടെ ആക്രമണംമൂലം കൃഷിനാശവും കാർഷിക മേഖലയിൽ നിരാശയും കണ്ണീരും മാത്രമാണ് നൽകുന്നത്. കണ്ണീർ കുടിച്ചും ദാരിദ്ര്യം തിന്നും ജീവിക്കുന്ന പാവപ്പെട്ട കർഷകരെ സംരക്ഷിക്കാൻ പ്രത്യേക

പാക്കേജ് നടപ്പാക്കുന്നത് നന്നായിരിക്കും. സമ്പൂർണ്ണ സാക്ഷരതയുടെ നാട്ടിൽ സമ്പൂർണ്ണ മണ്ണ് സാക്ഷരത അനിവാര്യമാണ്. കർഷകത്തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും നൂതന കാർഷിക സമ്പ്രദായം യുവതലമുറയെ പഠിപ്പിക്കുന്നതിനുംവേണ്ടി കേരളത്തിലാദ്യമായി ബയോ റിസോഴ്സ് കം അഗ്രോ സർവീസ് സെന്റർ എന്ന പേരിൽ കുത്തുപറമ്പിൽ ആരംഭിച്ച പദ്ധതി കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കണം. വലിയവെളിച്ചത്ത് KAMCO (Kerala Agro Machinery Corporation Ltd.) ഒരു യൂണിറ്റ് ആരംഭിച്ചിരുന്നു. യങ് ജനറേഷൻ പവർ ടില്ലർ ഉണ്ടാക്കാൻ വേണ്ടിയാണ് അതാരംഭിച്ചത്. എന്നാൽ ഈ രണ്ട് സ്ഥാപനങ്ങളും ഇന്ന് നല്ല നിലയിലല്ല മുന്നോട്ടുപോകുന്നത്. ഇതുപരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇന്ന് ഇ-ലേർണിംഗിന്റെ കാലമാണ്. കമ്പ്യൂട്ടർ പഠനം എൽ.പി. സ്കൂൾ മുതൽ ആരംഭിക്കാൻ 20 വർഷങ്ങൾക്കുമുമ്പ് ഞാൻ പ്രതിനിധീകരിച്ച പെരിങ്ങളം നിയോജകമണ്ഡലത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടർ വിതരണം നടത്തിയിരുന്നു. 2023-24 വർഷംവരെ എന്റെ മണ്ഡലത്തിലെ സർക്കാർ

എയ്ഡഡ് വിദ്യാലയങ്ങളിലെ വിദ്യാർഥികൾക്ക് പഠിക്കാൻ കമ്പ്യൂട്ടർ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നൽകിയിരുന്നു. അവസാനത്തെ കമ്പ്യൂട്ടർ വിതരണം ചെയ്തത് ഒരു എയ്ഡഡ് വിദ്യാലയത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിലായിരുന്നു. എന്നാൽ ആ വിദ്യാലയത്തിൽ നിന്നും ഏതാനും മീറ്റർ അകലെയുള്ള മറ്റൊരു എയ്ഡഡ് വിദ്യാലയത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കമ്പ്യൂട്ടർ വാങ്ങാനുള്ള അപേക്ഷ നിരസിച്ചിരിക്കുകയാണ്. ചാലഞ്ച് ഫണ്ട് സാധ്യത ഉപയോഗപ്പെടുത്തണമെന്നാണ് പറയുന്നത്. എട്ടുമാസത്തിനിടയ്ക്കാണ് ഈ മാറ്റങ്ങളുണ്ടാകുന്നത്. ഇത് വിവേചനമാണ്. കമ്പ്യൂട്ടർ പഠനത്തിന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കാനുള്ള മുൻകാല കീഴ്വഴക്കം തുടർന്നുകൊണ്ടുപോകാൻ അങ്ങ് മുൻകൈയെടുക്കണമെന്നാണ് പറയാനുള്ളത്. സ്കൂൾ അധ്യാപകരുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി ഒരു പുതിയ പദ്ധതി നടപ്പാക്കുമെന്ന നിർദേശത്തെ ഞാൻ അഭിനന്ദിക്കുന്നു. അതോടൊപ്പം മതിയായ കുട്ടികളില്ലാത്ത വിദ്യാലയങ്ങളിൽ നിരവധി വർഷങ്ങളായി തുച്ഛമായ ദിവസവേതനത്തിൽ ജോലി ചെയ്തുവരുന്ന

അധ്യാപകസമൂഹത്തോട് കരുണ കാണിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. ഹജ്ജ് തീർത്ഥാടനവുമായി ബന്ധപ്പെട്ട് കണ്ണൂരിൽ ഹജ്ജ് ഹൗസ് സ്ഥാപിക്കുന്നതിന് അഞ്ചുകോടി രൂപ അനുവദിച്ച നടപടിയെ വളരെയധികം അഭിനന്ദിക്കുന്നു. കേരളത്തിന്റെ സാമൂഹ്യ പരിഷ്കർത്താവായ വാഗ്ഭടാനന്ദ ഗുരുദേവരുടെ ജന്മനാടായ പാട്യത്ത് അദ്ദേഹത്തിന്റെ പേരിൽ ഒരു സാംസ്കാരികകേന്ദ്രം സ്ഥാപിക്കാനും കൂത്തുപറമ്പിൽ ജെൻഡർ കോംപ്ലക്സ് സ്ഥാപിക്കാനുമുള്ള നടപടികൾ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. ഇതിന്റെ പ്രവർത്തനം ഈ വർഷം തന്നെ പൂർത്തീകരിക്കാനുള്ള അടിയന്തരമായി നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. പ്രശസ്ത സാഹിത്യകാരൻ എം.ടി. വാസുദേവൻനായർക്ക് തിരൂർ തുഞ്ചൻ പറമ്പിനോട് ചേർന്ന് സ്മാരകം നിർമ്മിക്കാൻ തുക വകയിരുത്തിയ നടപടിയെ ഞാൻ അഭിനന്ദിക്കുന്നു. എം.ടി. ദീർഘകാലം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത സാഹിത്യനഗരി കൂടിയായ കോഴിക്കോട്ടുകൂടി ഉചിതമായ സ്മാരകം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്.

ഡയാലിസിസ് രോഗികളുടെ എണ്ണം അനുദിനം വർധിച്ചുവരുന്ന ദയനീയ അവസ്ഥ പരിഹരിക്കാനുള്ള സർക്കാരിന്റെ നടപടിയെ വളരെയധികം ശ്ലാഘിക്കുന്നു. കൂത്തുപറമ്പ് മണ്ഡലത്തിൽ പാനൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്നും അതിനുവേണ്ടി ഫണ്ട് അനുവദിക്കണമെന്നും വിനയത്തോടുകൂടി അഭ്യർഥിക്കുകയാണ്. രോഗികൾക്കും കിടപ്പുരോഗികൾക്കും പരിചരിക്കുന്നവർക്കും സർക്കാർ നൽകിവരുന്ന ധനസഹായം സമയബന്ധിതമായി നൽകാൻ നടപടിയുണ്ടാകണം. സർക്കാർ നടപ്പാക്കിയ മെഡിസെപ് പദ്ധതി കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പണരഹിത ചികിത്സാ സേവനത്തിന് പുത്തൻ മാതൃക സൃഷ്ടിക്കാനും കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാനും സാധിക്കണം. ഈ സർക്കാർ ക്ഷേമത്തിനും വികസനത്തിനും ഒരുപോലെ ശ്രദ്ധചെലുത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. എന്നാൽ കിഫ്ബി, എം.എൽ.എ. ഫണ്ട് എന്നിവ വിനിയോഗിച്ച് നടപ്പാക്കുന്ന ചില പ്രവൃത്തികൾക്ക് സാങ്കേതിക കാരണത്താൽ കാലതാമസം നേരിടുകയാണ്. ഞങ്ങൾ ഡി.ഡി.സി.

(ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കൗൺസിൽ) യോഗത്തിൽ പോയാലും പലപ്പോഴും ഇതുതന്നെയാണ് പറയാറുള്ളത്. ചിലപ്പോൾ അവിടത്തെ ഡയറക്ടർതന്നെ, ഡി.ഡി. തന്നെ പഞ്ചായത്തിലേക്ക് അയയ്ക്കുന്ന അപേക്ഷകളിൽ, വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് മുഖാന്തരം നടപ്പാക്കുന്ന റോഡ് വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കൊക്കെത്തന്നെ തടസ്സം നിൽക്കുന്ന രൂപത്തിലേയ്ക്ക് വരികയാണ്. ഇത് പരിഹരിക്കാനുള്ള നടപടികൾ നിർബന്ധമായും അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണം. എന്റെ നിയോജകമണ്ഡലത്തിലെ കൂത്തുപറമ്പ് മജിസ്ട്രേറ്റ് കോടതി നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടും നടപടികൾ മന്ദഗതിയിലാണ് നീങ്ങുന്നത്.

നൂറുവർഷം മുമ്പ് ജനിച്ച പത്മവിഭൂഷൺ പുരസ്കാര ജേതാവായ പ്രശസ്ത ചിത്രകാരൻ കെ. ജി. സുബ്രഹ്മണ്യത്തിന്റെ നാടായ കൂത്തുപറമ്പിൽ അദ്ദേഹത്തിന്റെ ഓർമ്മ പുതുക്കുന്നതിനും അത് നിലനിർത്തുന്നതിനുമായി ഒരു ചിത്രകലാ മ്യൂസിയം പണിയണമെന്നാണ് അവിടത്തെ നാട്ടുകാരുടെ അഭ്യർഥന. അതിനുവേണ്ടി ഫണ്ട് നീക്കിവയ്ക്കണമെന്ന് കുറെക്കാലമായി

ആവശ്യപ്പെടുകയാണ്. എന്നാൽ കുത്തുപറമ്പിൽ ചിത്രകലാ മ്യൂസിയം പണിയുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിരുന്നെങ്കിലും ഇതുവരെയായിട്ടും മറ്റ് നടപടികളൊന്നുമുണ്ടായില്ല. അത് നിർബന്ധമായും ഉണ്ടാകണമെന്നുള്ള അഭ്യർത്ഥനകൂടിയുണ്ട്. ക്ഷേമവും വികസനവും നടപ്പാക്കുന്ന ഈ ബജറ്റിനെ പിന്തുണക്കാൻ പ്രതിപക്ഷവും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരുവട്ടംകൂടി ബജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. ഈ ബജറ്റിനെ സംബന്ധിച്ച് പ്രതിപക്ഷം നടത്തിയ ചർച്ച ഞാൻ പരമാവധി ശ്രദ്ധയോടുകൂടി കേൾക്കുകയായിരുന്നു. അപ്പോഴാണ് പണ്ടെങ്ങാണ്ടോ വായിച്ചുവച്ച ഏതാനും പുസ്തകങ്ങളുടെ ഓർമ്മ വന്നത്. യവന ഇതിഹാസ കഥകളിലെ മുഖ്യ കഥാപാത്രമാണ് പ്രോമിത്യൂസ്. അദ്ദേഹം അസുര വംശത്തിൽ പിറന്ന ആളാണെങ്കിലും ദൈവത്തിന്റെ കല്പനപ്രകാരം യുദ്ധത്തിൽ പങ്കെടുക്കുകയും ദൈവത്തിന്റെ ഭാഗമായി മാറുകയും ചെയ്തു. അമരത്തേയ്ക്ക് ഉയർത്തിയ

പ്രോമിത്യൂസിന് പിൽക്കാലത്ത് നേരിടേണ്ടിവന്ന ജീവിത പീഡനങ്ങൾ അനേകമുണ്ട്. കശാപ്പുചെയ്ത കാളയുടെ മാംസം ഒരു പെട്ടിയിലും എല്ലിൻ കഷ്ണങ്ങൾ മറ്റൊരു പെട്ടിയിലും വച്ച് ദൈവത്തോട് എടുക്കാൻ പറഞ്ഞപ്പോൾ ദൈവം എടുത്തത് അസ്ഥികൂടങ്ങൾ നിറച്ച പെട്ടിയായിരുന്നു. മനുഷ്യൻ പച്ചമാംസം കഴിച്ച് ജീവിച്ചാൽ മതിയെന്ന് ദൈവം കല്പിക്കുകയാണ്. എല്ലിൻ കഷ്ണങ്ങൾ എടുത്തുപോയതിന്റെ പേരിൽ ശിക്ഷ അനുഭവിക്കേണ്ടി വന്നത് പിൽക്കാലത്ത് പ്രോമിത്യൂസിനായിരുന്നു. പച്ചമാംസം വേവിച്ച് കഴിക്കാൻ മനുഷ്യന് അഗ്നിയെ പരിചയപ്പെടുത്തിക്കൊടുത്തത് പ്രോമിത്യൂസായിരുന്നു. അതുമനസ്സിലാക്കിയ ദൈവം അദ്ദേഹത്തെ ശപിച്ചു. കാക്കസസ് മലനിരയിൽ അദ്ദേഹത്തെ തടവറയിൽ പാർപ്പിച്ചു. കഴുകൻ പകൽ അദ്ദേഹത്തിന്റെ കരൾ കൊത്തിക്കീറുകയും ആ കരൾ രാത്രി പുനർജനിക്കുകയും ചെയ്യുമായിരുന്നു. നീണ്ട മുപ്പതുവർഷത്തിനുശേഷം ഹെർക്കുലീസ് വന്ന് അദ്ദേഹത്തെ മോചിപ്പിച്ചതായിട്ടുള്ള ഇതിഹാസ കഥയാണ് യവന സാഹിത്യത്തിൽ നമ്മൾ വായിക്കുകയും പഠിക്കുകയും ചെയ്തിട്ടുള്ളത്. കേരളത്തിലെ സാധാരണ ജനങ്ങൾക്കുവേണ്ടി ഇടതുപക്ഷം അവരുടെ ഭാഗത്തുനിന്നും നടത്തുന്ന

പ്രവർത്തനങ്ങൾ എത്രകണ്ട് യാഥാർഥ്യബോധത്തോടുകൂടിയാണ് പ്രതിപക്ഷം വിലയിരുത്തുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അവരുടെ വിമർശനം കേൾക്കുമ്പോൾ അതാണ് എനിക്ക് തോന്നുന്നത്. കേന്ദ്രസർക്കാരിന്റെ കടുത്ത അവഗണന, സാമ്പത്തിക ഉപരോധം, ചരക്കുസേവന നികുതിപോലുള്ള വരുമാന കേന്ദ്രീകരണ നീക്കങ്ങളുമാണ് സംസ്ഥാന സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാന ഘടകമായി മാറിയത്. അതോടൊപ്പം നാം നേരിട്ട മഹാമാരി, അസാധാരണ ദുരന്തങ്ങൾ എന്നിവ പ്രതിസന്ധിയുടെ ആക്കം കൂട്ടുകയായിരുന്നു. എന്നാൽ തനത് നികുതി വരുമാനം വർധിപ്പിച്ചും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചുമാണ് കേരളം പിടിച്ചുനിൽക്കുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആമുഖ പ്രസംഗം നടത്തിക്കൊണ്ട് വ്യക്തമാക്കി. 2020-21-ൽ നികുതി വരുമാനം 47660 കോടി രൂപയായിരുന്നു. അത് 81000 കോടി രൂപയാകുമെന്ന് വെളിപ്പെടുത്തി. നാലുവർഷംകൊണ്ടുള്ള 70 ശതമാനത്തിന്റെ വർധനവ്, കേരളം മെച്ചപ്പെട്ട ധനമാനേജ്മെന്റിലാണെന്ന് വ്യക്തമാക്കി. കേന്ദ്രം സംസ്ഥാനത്തിന് നൽകേണ്ട വിഭവ കൈമാറ്റത്തിൽ

അമ്പതിനായിരം കോടിയിലധികം തുകയാണ് നമുക്ക് കുറച്ചത്; എന്നിട്ടും നമ്മൾ പിടിച്ചുനിന്നു. അടിസ്ഥാന വികസന രംഗത്ത് പണം നിക്ഷേപിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പ് ലക്ഷ്യബോധത്തോടെയാണ് പ്രവർത്തിക്കുന്നതെന്ന് നമുക്കറിയാം. കൊച്ചി മെട്രോക്ക് പുറമേ തിരുവനന്തപുരം മെട്രോ റെയിലിന്റെ പ്രാരംഭപ്രവർത്തനത്തിന് വേണ്ടിവരുന്ന സാമ്പത്തികച്ചെലവ് നിർവഹിക്കും, ഈ വരുന്ന വർഷം അതിന് തുടക്കം കുറിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

വികസനത്തിന്റെയും ആസൂത്രണത്തിന്റെയും പുതിയ ഭാവനയും സങ്കല്പങ്ങളും യാഥാർഥ്യമാക്കുന്നതാണ് ഭവന പദ്ധതികൾ. സി. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച 'എം.എൻ. ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി', ഇപ്പോൾ നിലവിലുള്ള 'ലൈഫ് മിഷൻ, പുനർഗേഹം, സഹകരണ ഭവന പദ്ധതി' എന്നീ പദ്ധതികളിലൂടെ ഭവന രഹിതരില്ലാത്ത കേരളം എന്നത് സാധ്യമാക്കുകയാണ്. ഗ്രാമീണ മേഖലയിൽ തൊഴിലുറപ്പ് പദ്ധതിപ്രകാരം അടുത്ത സാമ്പത്തിക വർഷം 11 കോടിയോളം തൊഴിൽ ദിനങ്ങൾ കണ്ടെത്താനാവശ്യമായ നടപടി

സ്വീകരിക്കുമെന്നും നിയമത്തിൽ പറയുന്നതുപോലെ 100 തൊഴിൽദിനം നൽകുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. 'അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി' പ്രകാരം നഗര മേഖലയിൽ തൊഴിൽ നൽകുന്നതിന് 180 കോടി രൂപ മാറ്റിവച്ചു. ആരോഗ്യമേഖല സാധാരണക്കാർക്ക് കൈത്താങ്ങാകുകയാണ്. കാരുണ്യ ആരോഗ്യപദ്ധതിക്കായി 700 കോടി രൂപ മാറ്റിവയ്ക്കുകയും റോഡുകൾ, പാലങ്ങൾ എന്നിവയ്ക്ക് തുക മാറ്റിവയ്ക്കുകയും ചെയ്തു. വയോജനങ്ങൾ, കുട്ടികൾ, സ്ത്രീകൾ തുടങ്ങിയവർക്ക് സേവനവും സുരക്ഷയും ക്ഷേമവും നൽകുന്നതിനാവശ്യമായ പ്രത്യേക പരിഗണനകൾ നിർദേശിക്കുന്നുണ്ട്.

ഇന്ത്യയെപ്പോലെതന്നെ കേരളവും ഒരു കാർഷിക സമ്പദ്ഘടനയ്ക്ക് പ്രാധാന്യമുള്ള സംസ്ഥാനമാണ്. കേരപദ്ധതി, നെൽകൃഷി വികസനം, ജലസംരക്ഷണ പ്രവർത്തനം, മൃഗസംരക്ഷണ മേഖല, ക്ഷീരവികസനം എന്നിവ മുഖേന ഉൽപാദന ക്ഷമത കൈവരിക്കാൻ കാർഷിക രംഗത്ത് ശക്തമായ നീക്കങ്ങൾ നടത്തുമെന്ന് ബജറ്റ് നിർദേശങ്ങളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള വിപണി

ഇടപെടലിനുവേണ്ടി 2063 കോടി രൂപയാണ് മാറ്റിവച്ചതായി കാണുന്നത്. നാം നേരിടുന്ന സമകാലിക പ്രശ്നമായ വന്യജീവി-മനുഷ്യ സംഘർഷങ്ങൾക്ക് വിരാമമിടാൻ പ്രത്യേക പാക്കേജ് കൊണ്ടുവരുന്നുണ്ട്. ആ രംഗത്ത് പുതിയ പഠനം ആവശ്യമുണ്ട്. മനുഷ്യശേഷിയുടെ ഗുണമേന്മ ഉറപ്പാക്കാത്ത ലോക രാജ്യങ്ങൾക്കൊന്നും സാമ്പത്തിക വികസനം സാധ്യമാകില്ല. ഈ യാഥാർത്ഥ്യം ശരിയായ വിധത്തിൽ തിരിച്ചറിയാതെയാണ് നമ്മുടെ ഇന്ത്യ ഒരു ലോക സാമ്പത്തിക ശക്തിയായി അതിവേഗം രൂപാന്തരപ്പെടുകയാണെന്ന് വീമ്പിളക്കുന്നത്. ദേശീയതലത്തിൽ മതിയായ വിദ്യാഭ്യാസ നിലവാരമോ, ആരോഗ്യ സംരക്ഷണമോ ഇല്ലാത്തൊരു അധ്വാന ശക്തിയായിട്ടും ആഗോള സാമ്പത്തിക ശക്തി എന്ന പദവിക്കായി പരിശ്രമം നടത്തിവരുന്ന ഏക ലോകരാജ്യം ഇന്ത്യയാണെന്ന് സാമ്പത്തികശാസ്ത്ര നോബൽ സമ്മാനജേതാവ് ശ്രീ. അമർത്യാസെൻ വ്യക്തമാക്കുകയുണ്ടായി. എന്നാൽ കേരളം ആ വഴിക്കല്ല ചിന്തിക്കുന്നതെന്ന് കഴിഞ്ഞ ഒമ്പത് വർഷത്തെ സമീപനംകൊണ്ട് നമ്മൾ വ്യക്തമാക്കിയിരിക്കുകയാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, നൈപുണ്യ

വിദ്യാഭ്യാസം എന്നിവ വഴി കായികക്ഷമത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരികയാണ്. കേരളത്തിൽ വ്യവസായം വരില്ലെന്നും അതിന് അന്ത്യം കുറിച്ചുവെന്നും പ്രചരിപ്പിച്ചിരുന്നു. എന്നാൽ ആ പ്രചരണത്തിന്റെ അന്ത്യം കുറിക്കുകയാണ് ചെയ്തത്. സംരംഭക ക്യാമ്പയിനിലൂടെ മൂന്നുലക്ഷത്തിലധികം ചെറുകിട-സൂക്ഷ്മ സംരംഭങ്ങൾ നിലവിൽവന്നു. എന്റെ നിയോജകമണ്ഡലത്തെക്കുറിച്ച് ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. 2807 സംരംഭങ്ങൾ പാറശ്ശാല നിയോജകമണ്ഡലത്തിൽ ആരംഭിക്കാനും അതുവഴി 4584 പേർക്ക് തൊഴിൽ നൽകാനും കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ ഐ.ടി. പ്രൊഫഷണലുകളുടെ എണ്ണം വർധിക്കുകയും ആ മേഖലയിൽ ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപമുണ്ടാകുകയും ചെയ്തു. ഇവയെല്ലാം വളർച്ചയുടെ ലക്ഷണങ്ങളാണ്. കേരളത്തിലെ അടിസ്ഥാന വികസന രംഗത്ത് കിഫ്ബി നിക്ഷേപിക്കുന്ന പണം വഴി ജനങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റമാണ് വന്നുകൊണ്ടിരിക്കുന്നത്.

എന്റെ നിയോജകമണ്ഡലത്തിൽ 32 കി.മീ. നീളത്തിൽ മലയോര ഹൈവേയും അതിനോടനുബന്ധിച്ചുള്ള റോഡുകളും പൂർത്തിയാകുകയാണ്.

കേരള-തമിഴ്നാട് അതിർത്തിയിലെ പാറശ്ശാല ആശുപത്രിയുടെ നിർമ്മാണം കിഫ്ബി ഫണ്ടിലെ 50 കോടി രൂപ ചെലവഴിച്ച് പൂർത്തിയാകുകയാണ്. സ്കിൽ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട ഐ.ടി.ഐ.-കൾ അന്താരാഷ്ട്രതലത്തിലേക്ക് ഉയർന്നു. എന്റെ മണ്ഡലത്തിലെ ധനുവച്ചപുരം ഐ.ടി.ഐ.-യെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തി. ഗോട്ട്ഫാം നവീകരിക്കാനും അതിന്റെ വളർച്ചയ്ക്കും വികസനത്തിനും ആവശ്യമായ പ്രവർത്തനങ്ങൾ ആരംഭിക്കാനും കഴിഞ്ഞു. ബജറ്റിൽ ഈ മണ്ഡലത്തിൽ 10 കോടി രൂപയാണ് ഡയറി ഫാമിനായി അനുവദിച്ചത്. ഡിജിറ്റൽ സർവെവഴി എല്ലാവർക്കും ഭൂമി എല്ലാവർക്കും ഭൂരേഖ എന്ന സ്വപ്നം യാഥാർഥ്യമാകുകയാണ്. എല്ലാവർക്കും പട്ടയം നൽകിക്കൊണ്ട് ഭൂമിയുടെ ഉടമകളാക്കുന്ന പ്രവർത്തനം ത്വരിതപ്പെടുത്തുകയാണ് നമുക്കുവേണ്ടത്. സഹകരണ മേഖലയിൽ ഒരു സഹകാരി യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാകുമോയെന്ന് ആലോചിക്കേണ്ടതാണ്. അടുത്തകാലത്ത് ജോർദാനിൽ വച്ചുനടന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ (ഏഷ്യാ പസഫിക്ക് കോ ഓപ്പറേറ്റീവ്

മിനിസ്റ്റേഴ്സ് കോൺഫറൻസ്) നമ്മുടെ സഹകരണ വകുപ്പുമന്ത്രി പങ്കെടുത്ത വാർത്ത ശ്രദ്ധയിൽപ്പെട്ടു. കേരളത്തിലെ സഹകരണ മേഖലയുടെ പ്രവർത്തനത്തിന് വലിയ അംഗീകാരം ലഭിച്ചതായി മനസ്സിലാക്കാൻ സാധിച്ചു. ഇന്ത്യയുടെ സഹകരണ മേഖലയുടെ ആകെ നിക്ഷേപത്തിൽ 50 ശതമാനത്തിലേറെ നിക്ഷേപമുള്ള ഏക സംസ്ഥാനമാണ് കേരളം. കേരള സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഗവേഷണവും ശാസ്ത്രീയമായ പഠനവും ഇടപെടലും ആവശ്യമാണ്. കേന്ദ്രമന്ത്രി ശ്രീ. അമിത് ഷാ-യുടെ നേതൃത്വത്തിൽ ഗുജറാത്തിൽ ത്രിഭുവൻ സഹകാരി യൂണിവേഴ്സിറ്റി ആരംഭിക്കാനുള്ള നടപടി പൂർത്തീകരിച്ചുവരികയാണ്. സഹകാരി യൂണിവേഴ്സിറ്റിക്ക് വലിയ സാധ്യതയുള്ള ഒരു സംസ്ഥാനമാണ് കേരളമെന്നതിനാൽ അതിനായുള്ള നീക്കം ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. തിരുവനന്തപുരം ജില്ലയുടെ വികസനത്തിനായി, കഴിഞ്ഞ ബജറ്റിൽ കൊണ്ടുവന്ന വികസന പരിപാടികൾ ആരംഭിച്ചുകഴിഞ്ഞു. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമായിക്കഴിഞ്ഞു. എന്നാൽ രണ്ട് സംസ്ഥാനങ്ങളെ ബന്ധിപ്പിക്കുന്ന കരമന-കളിയിക്കാവിള റോഡിന്റെ

നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് കനിഞ്ഞ് അനുഗ്രഹിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്, ആ മേഖലയിൽ വലിയ മാറ്റം കൊണ്ടുവരാൻ ഈ പദ്ധതിക്ക് സാധിക്കും. ബാലരാമപുരം മുതൽ കളിയിക്കാവിള വരെയുള്ള റോഡുകൂടി നമുക്ക് നന്നാക്കിയെടുക്കാൻ കഴിഞ്ഞാൽ ആ നാട്ടിലുണ്ടാകുന്ന മാറ്റം ചെറുതായിരിക്കില്ല. മറുപടി പ്രസംഗത്തിലെങ്കിലും അതിനുള്ള പരിഗണന ലഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സ്വതന്ത്ര ഇന്ത്യയിൽ ഇതുവരെ 73 പൂർണ്ണ ബജറ്റുകളും 14 ഇടക്കാല ബജറ്റുകളും 4 മിനി ബജറ്റുകളും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. അതിൽത്തന്നെ 7 പൂർണ്ണ ബജറ്റുകളും ഒരു ഇടക്കാല ബജറ്റും അവതരിപ്പിച്ച നിർമ്മലാ സീതാരാമൻ ഒന്നാമതെത്തി എന്ന കാര്യത്തിൽ അഭിമാനിക്കാം, പക്ഷേ ഇത്തവണത്തെ ബജറ്റിലൂടെ ഭൂരിപക്ഷജനതയ്ക്ക് ഉണ്ടായ നേട്ടം എന്താണ്? ഏത് ബജറ്റിലൂടെയും എന്തെങ്കിലുമൊക്കെ നേട്ടങ്ങൾ ജനങ്ങൾക്കുണ്ടാകും, എല്ലായ്പോഴും പൊതുസമൂഹത്തിന് എന്തെങ്കിലും ചെറിയ നേട്ടങ്ങൾ കിട്ടുകയും ചെയ്തിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ യഥാർത്ഥ സ്ഥിതിയും ചൈന ഉൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളുടെ സ്ഥിതിയും

പരിശോധിച്ചാൽ ഇന്ത്യയുടെ അവസ്ഥ എത്രമാത്രം ദയനീയമാണെന്ന് നമുക്ക് കാണാൻ കഴിയും. 2025-26 സാമ്പത്തിക വർഷത്തെ രാജ്യത്തിന്റെ മൊത്തം വരവ് 34.95 ലക്ഷം കോടി രൂപയും ചെലവ് 50.65 ലക്ഷം കോടി രൂപയുമാണ്. ഒരു വർഷംമാത്രം 15.69 ലക്ഷം കോടി രൂപ കേന്ദ്രഗവൺമെന്റ് കടം വാങ്ങണം. ലോകത്തിലെ 193 രാജ്യങ്ങളിൽ ഏറ്റവും വേഗത്തിൽ കടം കുതിച്ചുയരുന്ന രാജ്യം ഇന്ത്യയാണെന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. രാജ്യത്തെ മൊത്തം വരവിന്റെ 37 ശതമാനം തുക പലിശ അടവിനായിമാത്രം മാറ്റിവയ്ക്കുന്ന സ്ഥിതിയിലേക്ക് നമ്മുടെ രാജ്യം എത്തിയിരിക്കുന്നു. ആ രാജ്യമാണ്, നിങ്ങൾ കടമെടുക്കുന്നതെന്തിനാണെന്ന് നമ്മുടെ സംസ്ഥാനത്തോട് ചോദിക്കുന്നത്; ഇതാണ് അവസ്ഥ. എനിക്ക് അനുവദിച്ച സമയം അവസാനിച്ചതിനാൽ എന്റെ പ്രസംഗം ഉപസംഹരിക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, വർണ്ണമനോഹരമായ കാഴ്ചകളുള്ള, അതായത് മദ്യം, തേൻ, പാൽ ഇവയൊക്കെ ഒഴുകുന്നതും മദിരാക്ഷികളുള്ളതുമായ ഒരു ചിത്രം ആലേഖനം ചെയ്ത ഒരു LED Wall നരകത്തിന്റെ മുമ്പിൽ സ്ഥാപിച്ചു. ആ ചിത്രം കണ്ട് നരകം

സ്വീകരിക്കുകയാണെന്ന് അവിടെ എത്തപ്പെട്ട ഒരാൾ പറഞ്ഞു. എന്നാൽ അതിനകത്ത് ചെന്നപ്പോൾ, പാമ്പും തേളും തീയും വറചട്ടിയിൽ ആളുകളെ വറുക്കുന്നതുമൊക്കെയാണ് അദ്ദേഹം അവിടെ കണ്ടത്. അവിടെനിന്നും തിരിച്ചുവന്നിട്ട് അദ്ദേഹം അവിടത്തെ കാവൽക്കാരനോട് നിങ്ങളുടെ LED Wall-ൽ കാണിച്ച കാര്യങ്ങളുമായി അകത്ത് യാതൊരു ബന്ധവുമില്ലല്ലോ? എന്ന് ചോദിച്ചു. ഉടൻ കാവൽക്കാരൻ പറഞ്ഞു, നരകത്തിലേക്ക് ആളെ കിട്ടുന്നതിനുള്ള ഒരു പി.ആർ. വർക്ക് മാത്രമാണ് ആ LED Wall. വളരെ മനോഹരമായ ഒരു LED Wall ആണ് ഈ ബജറ്റിന്റെ മുഖചിത്രമെങ്കിലും ഇതിനുള്ളിലെ കാര്യങ്ങൾ നരകസമാനമാണ്. ഭൂനികുതി 50 ശതമാനം വർധിപ്പിച്ചുകൊണ്ട് പാവപ്പെട്ടവന്റെ നട്ടെല്ലൊടിക്കുകയാണ്. പെട്രോൾ വില സഹിക്കാത്തതുകൊണ്ടാണ് ആളുകൾ ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നത്. ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുവെന്ന് പറയുകയും അതിനുശേഷം അതിന്റെ നികുതി കൂട്ടുകയും ചെയ്യുന്നു. കാരുണ്യ പദ്ധതിയിൽ 1800 കോടി രൂപയുടെ കുടിശ്ശികയുണ്ട്, എന്നാൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് കേവലം 700 കോടി രൂപ മാത്രമാണ്,

അതിനർഥം പാവപ്പെട്ടവൻ നാളെയും പ്രൈവറ്റ് മെഡിക്കൽ ഷോപ്പുകളിൽനിന്നുതന്നെ മരുന്ന് വാങ്ങണമെന്നാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഒരു ഇഞ്ചുപോലും മുന്നോട്ടുപോയിട്ടില്ല; അതിൽ അല്പമെങ്കിലും വർധനയുണ്ടാകുമെന്ന് ആളുകൾ പ്രതീക്ഷിച്ചു. കോക്ലിയർ ഇംപ്ലാന്റേഷന്റെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിനുവേണ്ടിയുള്ള പണം വകയിരുത്തിയിട്ടില്ല. 650 കുട്ടികൾക്ക് കേൾവി ശക്തി ലഭിച്ചത് വീണ്ടും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ ബജറ്റിൽ ആകെ പ്രതീക്ഷയുള്ള കാര്യം പാമ്പ് വിഷബാധ ജീവഹാനിരഹിത കേരളം പദ്ധതിയുടെ പ്രഖ്യാപനത്തിലാണ്, അതുകൊണ്ട് 5 വർഷത്തേയ്ക്ക് ഇനി പാമ്പ് കടിക്കില്ല! പാമ്പുമായി ഉണ്ടാക്കിയ ധാരാണാപത്രം (MOU) അങ്ങ് മേശപ്പുറത്ത് വയ്ക്കണം. പാമ്പ് വിഷബാധ ജീവഹാനിരഹിത കേരളം എന്നുപറയാൻ അല്പം ബുദ്ധിമുട്ടുള്ളതിനാൽ ആ പദ്ധതിയുടെ പേര് കെ-പാമ്പ് പദ്ധതി എന്ന് മാറ്റണമെന്നുകൂടി അഭ്യർഥിക്കുകയാണ്. ഇതുപോലെതന്നെയാണ് പട്ടികളുടെ വിഷയവും. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. കെ. ബഷീർ പറഞ്ഞതുപോലെ പട്ടികളുടെ വന്ധ്യംകരണം നടത്തിയിട്ടും കടിനിർത്തുന്നില്ല; ഒരു

പിഞ്ചുകുഞ്ഞിനെ 5-10 പട്ടികൾ ചേർന്ന് കടിച്ചുകീറുന്ന ദൃശ്യം സോഷ്യൽ മീഡിയയിൽ നമ്മൾ കാണുകയാണ്. നോർത്ത് ഇന്ത്യയിൽ പശുക്കൾക്കായി ഗോശാലകൾ ഉണ്ടാക്കുന്നതുപോലെ ഇവയെ റീഹാബിലിറ്റേറ്റ് ചെയ്യുന്നതിനായി തെരുവുനായ ശാലകൾ തുടങ്ങുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണമെന്ന് പറയുകയാണ്, അതിനും ആവശ്യമെങ്കിൽ കെ-പട്ടി പദ്ധതി എന്ന് പേരിടാം.

ബജറ്റുകൊണ്ട് ആകെ ഗുണമുണ്ടായത് ഇവിടെയുള്ള കോർപ്പറേറ്റുകൾക്കാണ്. 2024-ലെ ബജറ്റിലെ പ്രഖ്യാപനമായിരുന്ന വിദേശ/സ്വകാര്യ സർവകലാശാലകൾ സംസ്ഥാനത്ത് സ്ഥാപിക്കാം എന്ന തീരുമാനം ഇന്നലെ ക്യാബിനറ്റ് കൈക്കൊണ്ടിട്ടുണ്ട്. ക്യാബിനറ്റ് ഇത്തരമൊരു തീരുമാനമെടുത്ത സ്ഥിതിക്ക് പോളിറ്റ് ബ്യൂറോയുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം)-ന്റെ വെബ്സൈറ്റിൽ മാറ്റം വരുത്താൻ പറയണം. 76 ശതമാനം ഇപ്പോൾത്തന്നെ സ്വകാര്യ മേഖല കൊണ്ടുപോയ്ക്കഴിഞ്ഞെന്നും 33 ശതമാനം മാത്രമാണ് ഗവൺമെന്റ് സെക്ടറിലുള്ളതെന്നും അതിൽ പറയുന്നുണ്ട് ("...It is clearly indicate that

professional and higher education sectors are already privatised" എന്ന് കാണിക്കുന്നുണ്ട്). മാത്രമല്ല, തീരുമാനമെടുക്കുമ്പോൾ സീതാറാം യെച്ചൂരിയുടെ ഓർമ്മയെങ്കിലും നിങ്ങൾക്ക് ഉണ്ടാകേണ്ടതായിരുന്നു. 'Trade in Educational Services' എന്ന തലക്കെട്ടിൽ 'പീപ്പിൾസ് ഡെമോക്രസി' എന്ന പത്രത്തിൽ അച്ചടിച്ചുവന്ന അദ്ദേഹത്തിന്റെ ലേഖനത്തിൽ വിദേശ/സ്വകാര്യ സർവ്വകലാശാലകൾ നമ്മുടെ രാജ്യത്തേയ്ക്ക് വരുന്നതിനെതിരെ പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ബഹുമാനപ്പെട്ട എം. എ. ബേബിയും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. 2010-ൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ശ്രീ. സി. രവീന്ദ്രനാഥിന്റെ ചോദ്യത്തിന് അദ്ദേഹം കൊടുത്തിട്ടുള്ള മറുപടിയിൽ ഒരു കാരണവശാലും അത്തരത്തിലുള്ള പോളിസിയിലേക്ക് സി.പി.ഐ.(എം.) പോകില്ലെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ 14 വർഷം കഴിഞ്ഞപ്പോഴാണ് ഇതെല്ലാമാകാം എന്ന് നിങ്ങൾക്ക് തോന്നിയത്; നിങ്ങൾ എപ്പോഴും 14 വർഷം പിന്നിലാണ്. ഞങ്ങളുടെ ഭരണകാലത്ത് എക്സ്പ്രസ്സ് ഹൈവേ പദ്ധതി കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ നിങ്ങൾ പറഞ്ഞത് Controlled-access highway ആയതിനാൽ പശുവിനെ

റോഡ് മുറിച്ചുകടത്താൻ പറ്റില്ലെന്നാണ്. ഇപ്പോഴുള്ള റോഡും Controlled-access highway ആണ്. ആ റോഡിൽ നിങ്ങൾക്ക് ഗോപാലന്റെ പശുവിനെ റോഡ് മുറിച്ചുകടത്തി അപ്പുറത്തേയ്ക്ക് കൊണ്ടുപോകാനുള്ള സ്ഥലം എവിടെയാണ്? എന്നിട്ടും, നാലുവരിപ്പാതയാക്കിയെന്നൊക്കെ നിങ്ങൾ അഭിമാനത്തോടെ ഈ ബജറ്റിൽ പറയുകയാണ്. ഞങ്ങളുടെ കാലത്ത് ഇത്തരമൊരു പദ്ധതി പ്രാവർത്തികമാക്കാൻ ശ്രമിച്ചപ്പോഴുള്ള ന്യായം പശുവിനെ കടത്താൻ പറ്റില്ലെന്നാണ്. എന്നാൽ ആ പദ്ധതിയിൽ ഓരോ 50 മീറ്ററിനുള്ളിലും 'Cattle Pass' ഉണ്ടായിരുന്നു. ഇന്നത്തെ റോഡ് പദ്ധതിയിൽ ഒരു മനുഷ്യന് മൂത്രമൊഴിക്കാനാണെങ്കിൽപ്പോലും ഏതുസ്ഥലത്ത് കഴിയുമെന്ന് മനസ്സിലാകാത്ത രീതിയിലുള്ള റോഡ് കൊണ്ടുവന്നിട്ട് നിങ്ങൾ അതിൽ അഭിമാനം കൊള്ളുന്നു! ഞങ്ങളും അഭിമാനം കൊള്ളുന്നു, കാരണം 15 വർഷം കഴിഞ്ഞാണെങ്കിലും ഞങ്ങൾ പറഞ്ഞതിലേക്ക് നിങ്ങൾ എത്തിയല്ലോ? നിങ്ങൾ ട്യൂബ്‌ലൈറ്റ് പോലെയാണ്, കുറച്ച് കഴിഞ്ഞാലേ കത്തുകയുള്ളൂ, അതൊന്ന് മാറണം.

ബ്രൂവറി സംബന്ധിച്ചാണ് അടുത്ത് പറയാനുള്ളത്, ബ്രൂവറി മനോഹരം!

നിങ്ങൾക്കൊക്കെ ഓർമ്മയില്ലേ; പ്ലാച്ചിമട സമരനായകന്മാർ ഇപ്പോൾ ഇവിടെയുണ്ട്. പ്ലാച്ചിമടയിൽ വെള്ളം 'കോള' ആക്കുന്നതിനെതിരെയായിരുന്നു സമരം. ഇപ്പോൾ നിങ്ങൾ വെള്ളം വീഞ്ഞാക്കിയിരിക്കുന്നു. പ്രളയത്തിൽനിന്നും രക്ഷപ്പെടാൻ വെള്ളം വീഞ്ഞാക്കി അകത്താക്കുക എന്നുള്ളതാണ് ഏകമാർഗമെന്നാണ് നിങ്ങൾ പറയുന്നത്. അവിടെയുള്ള ജനങ്ങൾക്ക് വെള്ളം കുടിച്ച് മരിക്കാൻ പറ്റിയില്ലെങ്കിലും മദ്യം കഴിച്ച് മരിക്കാൻ പറ്റുമല്ലോ?

മറ്റൊരു കാര്യം, എല്ലാ സ്കോളർഷിപ്പുകളുടെയും തുക പകുതിയാക്കിയിരിക്കുകയാണ്. ജോസഫ് മുണ്ടശ്ശേരി, എ. പി. ജെ. അബ്ദുൾകലാം, മദർ തെരേസ എന്നിവരുടെ പേരിൽ പ്രഖ്യാപിച്ച എല്ലാ സ്കോളർഷിപ്പുകളും 50 ശതമാനമാക്കി മൈനോറിറ്റിയുടെ എല്ലാ അവകാശങ്ങളും എടുത്തുകളയുന്ന ഒരു സാഹചര്യമുണ്ടാക്കി. അതിനുശേഷം നിങ്ങൾ മറ്റുപലതും പ്രഖ്യാപിക്കുകയാണ്. LSS, USS സ്കോളർഷിപ്പുകൾക്ക് തുക കൊടുക്കാതെ കുടിശ്ശിക വരുത്തിവച്ചിരിക്കുകയാണ്. അതിന് നിങ്ങൾ ഇപ്പോൾ പറയുന്നത് ആ സ്കോളർഷിപ്പിനെ CM-KID Scholarship (Chief

Minister's Knowledge Intelligence and Diligence Scholarship) എന്ന പേരാക്കി മാറ്റിയിട്ടുണ്ടെന്നാണ്. C.M-Researchers Scholarship (CMRS) എന്നിങ്ങനെ എല്ലാ പദ്ധതികൾക്കും സി.എം.-ന്റെ പേര് ചേർക്കുന്നതിലൊരു നരേന്ദ്ര മോദി സിൻഡ്രോമുണ്ട്. എല്ലാ പദ്ധതികൾക്കും ശ്രീ. നരേന്ദ്ര മോദിയുടെ പേരുണ്ടാകണമെന്നും ഫോട്ടോയുണ്ടാകണമെന്നുമാണ് അവരുടെ നയം. ഇതിനെക്കുറിച്ച് ശ്രീ. ആശിഷ് നന്ദി പറഞ്ഞിട്ടുള്ളത്, ഇത് ഓട്ടോക്രസിയുടെ ഭാഗമായിട്ടുള്ള സൈക്കോളജിക്കൽ പ്രശ്നമാണെന്നാണ്. അദ്ദേഹത്തിന് അങ്ങനെയുള്ള പ്രശ്നമുണ്ടെങ്കിൽ ഉടൻതന്നെ ചികിത്സിച്ച് ഭേദമാക്കണം. കാരണം, ഈ സിൻഡ്രോം നമുക്ക് പറ്റിയ സിൻഡ്രോമല്ല. അദ്ദേഹത്തെ കുടുക്കാൻവേണ്ടിയാണിത് ചെയ്തതെങ്കിൽ അവരെ നിലയ്ക്കുനിർത്താൻ തയ്യാറാകണം. കാരണം, ഇതൊരു അടവുനയത്തിന്റെ ഭാഗമായാണ് ഞാൻ കാണുന്നത്.

എന്റെ മണ്ഡലത്തിലെ ഒന്നുരണ്ട് വിഷയങ്ങളെക്കുറിച്ചാണ് ഇനി പറയാനുള്ളത്. 'ഫ്രഷ് കട്ട്' എന്ന ഒരു സ്ഥാപനത്തിലെ കോഴി വേസ്റ്റ് കാരണം ദുർഗന്ധം കൊണ്ട് യാതൊരു നിർവാഹവുമില്ല. പരിസ്ഥിതി കമ്മിറ്റി

ചെയർപേഴ്സണായ ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ.-യും സമിതിയംഗങ്ങളും കമ്മിറ്റിയുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. അതിന്റെ റിപ്പോർട്ട് എന്തായി? നാട്ടുകാരായ നാന്നൂറോളം കുടുംബങ്ങളിലെ ആളുകൾ അവിടെ സമരം ചെയ്യുകയാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടിയാണോ ആ സ്ഥാപനം പ്രവർത്തിക്കുന്നതെന്ന് അങ്ങ് പരിശോധിക്കണം.

ബജറ്റിൽ പറഞ്ഞിട്ടുള്ള വിഷയങ്ങളെക്കുറിച്ചൊന്നും സംസാരിക്കാതെ വേറെ കാര്യങ്ങൾ പറയുന്നതിന് കാരണം, ബജറ്റിനെക്കുറിച്ച് ഒന്നും പറയാനില്ലാത്തതുകൊണ്ടാണ്. 20 ശതമാനം തുക വകയിരുത്തിയ എന്റെ മണ്ഡലത്തിലെ അഞ്ചോളം പ്രോജക്ടുകൾ അങ്ങയുടെ ഇൻബോക്സിൽ വന്നുകിടക്കാൻ തുടങ്ങിയിട്ട് ഏകദേശം ആറോഏഴോ മാസമായി. ഇക്കാര്യം അറിയിക്കാനായി ഞാൻ നേരിട്ട് അങ്ങയെ എത്ര തവണ വിളിച്ചിരുന്നു. എന്തിനാണ് നിങ്ങൾ ഇരുപത് ശതമാനം വയ്ക്കുന്നത്; 100 രൂപ ടോക്കൺ പ്രൊവിഷൻ വച്ചാൽ പോരേ? പ്രതിപക്ഷത്തുള്ളവർക്ക് ഇത്ര തുക മാത്രമേ അനുവദിക്കുകയുള്ളൂവെന്ന് അങ്ങ് പ്രഖ്യാപിക്കണം. നിങ്ങളുടെ ദൃഷ്ടിയിൽ

ഞങ്ങൾ രണ്ടാം തരം പൗരന്മാരാണോ? ഞങ്ങൾ ഓടിളക്കി വന്നതല്ല; നിയോജകമണ്ഡലത്തിൽ നിങ്ങളെ തോൽപ്പിച്ച് ജയിച്ചുവന്ന എം.എൽ.എ.-യാണ് ഞാൻ. അവിടെ തൊട്ടടുത്ത അയൽവാസിക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾപോലും എനിക്ക് നൽകില്ലെന്ന് പറഞ്ഞാൽ അതംഗീകരിക്കാൻ സാധിക്കില്ല. അക്കാര്യത്തിൽ പ്രതിഷേധിച്ച് ഞാൻ അങ്ങയുടെ മുന്നിൽ വന്നിരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

എന്റെ മണ്ഡലത്തിലെ നരിക്കുനി ഫയർസ്റ്റേഷന് അംഗീകാരം ലഭിച്ചിട്ട് നാലുവർഷമായി. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എനിക്ക് ഉറപ്പുനൽകിയതാണ്. പിന്നീട് 5 ഫയർ സ്റ്റേഷനിൽ 4 എണ്ണം മതിയെന്ന് നിങ്ങൾ തീരുമാനിച്ചു. ആ നാലെണ്ണം മറ്റുള്ളവർക്കുകൊടുത്ത് അവരെല്ലാം പോസ്റ്റർ ഇറക്കുമ്പോൾ ഞാനവിടെ വായ തുറന്നിരിക്കുകയാണ്. ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ട ഭൂമി വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഞങ്ങൾ ഭൂമി കൊടുത്തു. അതുപോലെ താമരശ്ശേരി താലൂക്കാശുപത്രി ഈ ബജറ്റിൽ കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ചതാണ്. അതനുസരിച്ച് ചീഫ് സെക്രട്ടറിയും ഹെൽത്ത്

സെക്രട്ടറിയുമൊക്കെ വിവരങ്ങൾ എഴുതി അങ്ങേയ്ക്ക് നൽകി. എന്നാൽ അങ്ങ് പറഞ്ഞത്, നബാർഡിൽ ഫണ്ടുള്ളതുകൊണ്ട് നബാർഡിൽനിന്നും തുക പോയതിന്റെ വിശദാംശങ്ങൾ നൽകണമെന്നാണ്. എനിക്ക് അതിന്റെ ആവശ്യമൊന്നുമില്ല. പക്ഷേ, ഇവനെ രണ്ടാംതരം പൗരനായി കാണുന്നതുകൊണ്ട് ഫണ്ട് നൽകാൻ കഴിയില്ലെന്ന് അങ്ങ് അവിടെ വന്ന് പറയണം. ഞാൻ വൈകാരികമായി പറയുകയാണ്; ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനമെടുക്കുന്നതിന് ഞാൻ അങ്ങയുടെ മുന്നിൽ വന്നിരിക്കും. ഒരു മണ്ഡലത്തെ ഇങ്ങനെ വിവേചനത്തോടുകൂടി കാണരുത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഞാൻ ഈ ബജറ്റിനെ പൂർണ്ണമായും അംഗീകരിക്കുകയാണ്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെ നമ്മൾ അതിജീവിക്കുന്നുവെന്ന ആശാവഹമായ കാര്യമാണ് ഈ ബജറ്റിലുള്ളത്. വിജ്ഞാനാധിഷ്ഠിത സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കാനും നവകേരള സൃഷ്ടി സാധ്യമാക്കാനും പ്രാപ്തമായിട്ടുള്ളൊരു ബജറ്റാണിത്. പ്രതിസന്ധികളെ അതിജീവിക്കാൻ പ്രാപ്തമാക്കുന്ന റിയലിസ്റ്റിക് ബജറ്റ് എന്ന നിലയ്ക്ക് വലിയ പ്രഖ്യാപനങ്ങളേക്കാൾ മികച്ച രീതിയിൽ ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികൾ

യാഥാർഥ്യമാക്കാനുള്ള ലക്ഷ്യബോധത്തോടെയുള്ള ബജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. രാജ്യത്ത് ആദ്യമായി ഭൂരഹിതരും ഭവനരഹിതരുമില്ലാത്ത അതിദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം മാറുന്നുവെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. ലൈഫ് പദ്ധതി വഴി 427736 ഭവനങ്ങൾ ഇപ്പോൾ പൂർത്തീകരിച്ചുകഴിഞ്ഞു. വീടില്ലാത്ത സാധാരണക്കാരായ മനുഷ്യർക്ക് സുഖമായി കിടന്നുറങ്ങാൻ വീടെന്ന സ്വപ്നം യാഥാർഥ്യമാകുമ്പോൾ, ഈ വർഷം 111306 വീടുകളുൾപ്പെടെ ഏതാണ്ട് 539000 വീടുകളെന്ന സ്വപ്നമാണ് യാഥാർഥ്യമാകുന്നത്. 2016 മുതൽ ഈ ലൈഫ് പദ്ധതിക്കുവേണ്ടി 18000 കോടി രൂപയുടെ ഫണ്ടാണ് സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുള്ളത്. ഈ വർഷം 1160 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

നീതി ആയോഗിന്റെ Global Multidimensional Poverty index പ്രകാരം അതിദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനമായി കേരളം മാറുന്നു. സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഏതാണ്ട് എല്ലാം കൈവരിച്ച സംസ്ഥാനമായി കേരളം മാറുകയാണ്. കേരളം വ്യവസായ സൗഹൃദമായി

മാറുന്നു. ഇന്ത്യയിൽ വർഗീയ കലാപങ്ങളില്ലാത്ത അഭിമാനകരമായ നാടായി നമ്മുടെ നാട് ഇന്നും നിലനിൽക്കുകയാണ്. ഇന്ത്യാ സ്കിൽ റിപ്പോർട്ട് 2024 പ്രകാരം പ്രതിഭകളായിട്ടുള്ള സ്ത്രീകളും പുരുഷന്മാരുമൊക്കെ നമ്മുടെ രാജ്യത്ത് ജോലി ചെയ്യാൻ താൽപര്യപ്പെടുന്ന നാടായി കേരളം മാറിയിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ വിശപ്പുരഹിത സംസ്ഥാനങ്ങളിൽ ഒന്നാമത് കേരളമാണ്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതുകൂടാതെ പശ്ചാത്തല സൗകര്യം, ഇ-ഗവേണൻസ് അടക്കമുള്ള നിരവധി കാര്യങ്ങളിൽ കേരളം മുന്നിലാണ്. 62 ലക്ഷം ആളുകൾക്ക് 1600 രൂപ സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കുന്ന, ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ കൊടുക്കുന്ന സംസ്ഥാനമെന്നനിലയ്ക്ക് നമുക്ക് കേരളത്തെക്കുറിച്ച് അഭിമാനിക്കാം.

പശ്ചാത്തലസൗകര്യ വികസനത്തിന്റെ കാര്യത്തിൽ ദേശീയപാത, കൊച്ചി മെട്രോ, ഗെയിൽ പദ്ധതി, രാജ്യത്തെ ആദ്യ വാട്ടർ മെട്രോ, ദേശീയ ജലപാത, വിഴിഞ്ഞം തുറമുഖം, വിമാനത്താവളങ്ങളുടെ വികസനം, ഡിജിറ്റൽ യൂണിവേഴ്സിറ്റി, സയൻസ് പാർക്ക് എന്നിവ അടക്കമുള്ള നിരവധി വികസന കാര്യങ്ങളിലും കേരളത്തെക്കുറിച്ച് അഭിമാനിക്കാം. കെ-റെയിലിനെക്കുറിച്ച്

കുറച്ചുകാലം കഴിഞ്ഞായിരിക്കും ആളുകൾക്ക് ട്യൂബ്ലൈറ്റ് കത്തുന്നത്. വളരെ അനിവാര്യമായിട്ടുള്ള സിൽവർ ലൈൻ അടക്കമുള്ള പദ്ധതികൾ കേരളത്തിന് അത്യാവശ്യമാണ്. ഇപ്പോഴും അതിനുവേണ്ട ഫണ്ട് വകയിരുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

കിഫ്ബിയിലൂടെ അടിസ്ഥാനസൗകര്യ വികസനം - കേരളം കണ്ടതിൽവച്ച് ഏറ്റവും വിപ്ലവകരമായ വികസന പദ്ധതികളാണ് കണ്ടിട്ടുള്ളത്. നമുക്ക് പല വികസന സ്വപ്നങ്ങളും കാണാൻ കഴിയും. എന്നാൽ ആ സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള ധൈര്യമാണ് കിഫ്ബി നൽകിയത്. 87378.33 കോടി രൂപ ചെലവഴിച്ചുകൊണ്ട് 1200-ഓളം പദ്ധതികളാണ് കിഫ്ബി വഴി നടപ്പാക്കുന്നത്. പല പദ്ധതികളും വളരെ മികച്ച രീതിയിൽ നടപ്പാക്കുമ്പോൾ ചില പദ്ധതികളെങ്കിലും സാങ്കേതിക പ്രശ്നങ്ങൾകൊണ്ട് വൈകുന്നുണ്ട്. അക്കാര്യം പ്രത്യേകം പരിശോധിക്കുകയും അവ വേഗത്തിലാക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്യണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ അതിദാരിദ്ര്യമില്ലാതാക്കാനുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തുകയാണ്. രാജ്യത്ത് 2021-ൽ 0.71 ആണ്

അതിദാരിദ്ര്യമുള്ള ആളുകളുടെ കണക്കെങ്കിൽ നിലവിൽ കേരളത്തിൽ അത് 0.55 ആയി മാറിയിട്ടുണ്ട്. ഇപ്പോൾ വീണ്ടുമത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിദാരിദ്ര്യമില്ലെങ്കിൽപ്പോലും ദൈനംദിന ജീവിതം കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന കുറെയാളുകളുണ്ട്. ആശാവർക്കർമാർ, പാചകത്തൊഴിലാളികൾ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവരെല്ലാം അതിൽപ്പെടുന്നവരാണ്. കേന്ദ്രമാണ് ഇവർക്കുള്ള ധനസഹായം കൊടുക്കേണ്ടത്. കേരളത്തിന്റെ വിഹിതം പരമാവധി കൊടുക്കുന്നുണ്ട്. അവരുടെ കുടുംബങ്ങളിലെ ചികിത്സാച്ചെലവുകൾ കൂടുന്നതുകൊണ്ട് ആരോഗ്യ ഇൻഷ്വറൻസ് പരിധിയിൽ ഇവരെ കൊണ്ടുവരണം. ക്ഷേമനിധി തൊഴിലാളികളെക്കൂടി ആകർഷകമായ കുടുംബാരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ അവർക്ക് വലിയ രീതിയിൽ മാറ്റമുണ്ടാകും. അതോടൊപ്പം അവരുടെ കുട്ടികളെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ചേർക്കുന്ന സമയത്ത് സ്കോളർഷിപ്പ് ഏർപ്പെടുത്തണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ലോക കേരള സഭയ്ക്കുശേഷം പ്രവാസി മേഖലയ്ക്കുവേണ്ടി സംസ്ഥാന ബജറ്റിൽ കേരളത്തിന്റെ economic, cultural

and facilitation centre എന്നുള്ള നിലയിൽ വിവിധ രാജ്യങ്ങളിൽ ലോകകേരള കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അത് മലയാളി സമൂഹത്തിന് ഏറെ പ്രയോജനം ചെയ്യും. വിമാന കമ്പനികൾ യാത്രാനിരക്ക് കൂട്ടുമ്പോൾ അത് കുറയ്ക്കാനുള്ള ഒരു നടപടിയും കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കാതിരിക്കുമ്പോഴാണ് ഇത്തരമൊരു നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചത്. കേന്ദ്ര സർക്കാർ വിമാന കമ്പനികൾ അടക്കമുള്ള കാര്യങ്ങൾ നിയന്ത്രിച്ച് പ്രവാസികളെ സഹായിക്കുന്ന സമീപനം സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ന്യൂനപക്ഷ സ്കോളർഷിപ്പ് അടക്കം പിന്നാക്കം നിൽക്കുന്ന സ്കോളർഷിപ്പുകൾ നിർത്തലാക്കി എന്നുപറഞ്ഞു. ആര് നിർത്തലാക്കി? കേന്ദ്ര സർക്കാർ നിർത്തലാക്കി, അങ്ങനെ നിർത്തലാക്കിയപ്പോൾ ആ വിഭാഗം ജനങ്ങൾക്കുകൂടി ഫണ്ട് എത്തിക്കാൻവേണ്ടി പ്രത്യേക സ്കോളർഷിപ്പ് വച്ചുകൊണ്ട് രാജ്യത്തിന് മാതൃകയായിരിക്കുകയാണ് കേരളം എന്നുകൂടി ഞാൻ പറയാൻ ആഗ്രഹിക്കുകയാണ്. ട്രഷറി മാനേജ്മെന്റുമായി ബന്ധപ്പെട്ടുകൊണ്ട് ഡി.എ., ക്ഷേമപെൻഷൻ അടക്കമുള്ള

കുടിശ്ശികയായിരുന്ന കാര്യങ്ങൾ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചത് നല്ല കാര്യമാണ്. അതോടൊപ്പം താൽക്കാലിക ജീവനക്കാരെക്കൂടി ആരോഗ്യ ഇൻഷ്വറൻസ് അടക്കമുള്ള പദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് കരകയറ്റാനുള്ള ശ്രമം നടത്തണമെന്നുള്ള അഭ്യർഥനകൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. പ്രകൃതിദുരന്തങ്ങളുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ നമുക്കറിയാം. Disaster Preparedness-നുവേണ്ടി 'കവചം' (KaWaCHaM-Kerala Warnings Crisis and Hazards Management System) ഉദ്ഘാടനം ചെയ്ത് ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. SDRF (State Disaster Response Fund), CMDRF (Chief Minister's Distress Relief Fund) എന്നിവയിലൊക്കെ പരിമിതമായ ഫണ്ടാണ് ഉണ്ടാകുന്നത്. അതിനാൽ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വരുമ്പോൾ മുൻകൂട്ടി കണ്ടുകൊണ്ട് ഫണ്ട് വിനിയോഗിക്കാൻ കഴിയുന്ന രീതിയിൽ ബജറ്റിൽ അത്തരത്തിലൊരു ഫണ്ട് സ്വരൂപിക്കാനുള്ള ശ്രമംകൂടി നടത്തണമെന്ന് അറിയിക്കുകയാണ്. വയനാടിന്റെ കാര്യം നമുക്കെല്ലാം അറിയാവുന്നതുപോലെ വളരെ വേദനിപ്പിക്കുന്ന ഒന്നാണ്. നിരവധി മനുഷ്യർ

മരണപ്പെടുകയും അവശേഷിക്കുന്നവർ ജീവിതവും സ്വത്തും വീടും നഷ്ടപ്പെട്ട് പൂജ്യത്തിൽനിന്നും തുടങ്ങുന്ന അവസ്ഥയിലാണ്. ദുരന്തമുണ്ടായി പത്താം ദിവസം രാജ്യത്തിന്റെ പ്രധാനമന്ത്രി ഹെലികോപ്റ്ററിൽ വന്നിറങ്ങി, അവിടെയൊക്കെ സന്ദർശിച്ച്, കുട്ടികളെ സന്ദർശിച്ച്, ഉമ്മ വച്ച്, സ്നേഹിച്ച് തിരിച്ചുപോയി. എന്തെങ്കിലും പ്രഖ്യാപനമുണ്ടാകുമെന്ന് നമ്മളെല്ലാവരും പ്രതീക്ഷിച്ചു. എന്നാൽ ഒരു ആശ്വാസംപോലും ഉണ്ടാകാതിരിക്കുകയും കേന്ദ്ര ബജറ്റ് വരെ കാത്തിരുന്നിട്ടും നയാപൈസ വയനാടിന്റെ അതിജീവനത്തിന് വയ്ക്കാതെ ഡിസാസ്റ്റർ ടൂറിസം നടത്തിയ പ്രധാനമന്ത്രി വളരെ മോശമായ പ്രവർത്തനമാണ് ചെയ്തിരിക്കുന്നത്. ബി.ജെ.പി.-യുടെ രാഷ്ട്രീയ നയമാണ് ഇവിടെ വ്യക്തമാകുന്നത്. മറ്റ് സംസ്ഥാനങ്ങൾക്കൊക്കെതന്നെ ആയിരക്കണക്കിന് കോടി രൂപ ഇത്തരത്തിൽ ദുരന്തത്തിൽനിന്നും കരകയറാൻ ഡിസാസ്റ്റർ മാനേജ്മെന്റിനായി കൊടുക്കുമ്പോൾ കേരളത്തെ അവഗണിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ കേരളം ആ ജനങ്ങളെ ഒറ്റപ്പെടുത്തില്ലെന്ന് തീരുമാനിച്ചുകൊണ്ട് 750 കോടി രൂപ വയനാട് പാക്കേജിനുവേണ്ടി വകയിരുത്തിയതിനെ ഞാൻ

പ്രത്യേകം അഭിനന്ദിക്കുകയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം വർധിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തിന് കേന്ദ്രം നൽകുന്ന വിഹിതങ്ങളിൽ ഗണ്യമായ കുറവാണ് വന്നുകൊണ്ടിരിക്കുന്നത്. ഞാനതിന്റെ കണക്കുകളിലേക്ക് പോകുന്നില്ല. ധനകാര്യ കമ്മീഷനുകളിലൊക്കെതന്നെ ഘട്ടംഘട്ടമായി വളരെ കുറഞ്ഞ് രാജ്യത്ത് ഏറ്റവും കുറവ് വിഹിതം കിട്ടുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. നികുതി വിഹിതം, തദ്ദേശസ്ഥാപനങ്ങൾക്കുള്ള കേന്ദ്ര വിഹിതം, ജി.എസ്.ടി. അങ്ങനെ തുടങ്ങി ഓരോ വിഹിതത്തിലും ഗണ്യമായ കുറവാണ് വന്നുകൊണ്ടിരിക്കുന്നത്. മാത്രമല്ല, കടമെടുക്കാനുള്ള പരിധിയൊക്കെ കുറച്ചുകൊണ്ട് കേരളത്തെ ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. വയനാട് പാക്കേജ്, പ്രത്യേക സാമ്പത്തിക പാക്കേജ്, തലശ്ശേരി-മൈസൂർ റെയിൽ പാത, വിഴിഞ്ഞം പദ്ധതി, സിൽവർ ലൈൻ തുടങ്ങി ശബരി റെയിലിനുപോലും ഫണ്ട് വകയിരുത്തിയിട്ടില്ല. എന്നാൽ ശബരിമല മാസ്റ്റർ പ്ലാനിനായി 1033.62 കോടി രൂപയാണ് സംസ്ഥാന ഗവൺമെന്റ് വകയിരുത്തിയത്. അതിനുപോലും കേന്ദ്ര ഗവൺമെന്റ് ഫണ്ട്

വകയിരുത്തിയില്ല എന്നുപറയുമ്പോൾ കേരളത്തെ അവഗണിക്കുന്നതിൽ നമുക്ക് പ്രതിഷേധമുണ്ടെന്ന് അറിയിക്കുകയാണ്. അതോടൊപ്പം കണ്ണൂർ ഹജ്ജ് ഹൗസിനായി അഞ്ച് കോടി രൂപ അനുവദിച്ചതിന് ഹജ്ജ് കമ്മിറ്റി അംഗംകൂടിയായ ഞാൻ പ്രത്യേകം അഭിനന്ദനം അറിയിക്കുന്നു. കേരളം ആവശ്യപ്പെട്ട ഫണ്ട് നൽകാതെ കേരളത്തെ ഞെക്കിക്കൊല്ലുക മാത്രമല്ല, സംസ്ഥാനങ്ങൾക്കുള്ള നികുതി വരുമാനം ഒഴിവാക്കാൻവേണ്ടി സർചാർജ്ജും സെസ്സും കൂട്ടിക്കൊണ്ട് നികുതി കുറയ്ക്കുന്ന, സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യാതിരിക്കാനുള്ള അടവാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇത് ഫെഡറൽ തത്വങ്ങളെ അട്ടിമറിക്കും. മറ്റ് വിശദാംശങ്ങളിലേക്ക് കടക്കുകയല്ല, എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് രണ്ടുമൂന്ന് കാര്യങ്ങൾകൂടി പറയാനാഗ്രഹിക്കുകയാണ്. എക്സൈസിന്റെ സർക്കിൾ ഓഫീസ് പട്ടാമ്പിയിൽ ആരംഭിക്കുന്നതിനും താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നതിനും സഹായിക്കണം. അതുപോലെ ഭാരതപ്പുഴയിൽ മണൽ അടിഞ്ഞുകൂടി വലിയ രീതിയിലുള്ള അപകടമുണ്ടാകുന്നുണ്ട്. അവിടെ പ്രളയ സാധ്യതയുമുണ്ട്. അങ്ങനെ വന്നാൽ അത് വലിയ ചെലവിലേക്ക് പോകും.

അതിനാൽ അത് മുൻകൂട്ടി കണ്ടുകൊണ്ട് മണൽ എടുക്കുകയാണെങ്കിൽ വരുമാനം ലഭിക്കുകയും ചെലവ് കുറയുകയും ചെയ്യും, കൂടാതെ പ്രളയവുമുണ്ടാകില്ല. അതുകൂടി പരിശോധിക്കണമെന്ന് അറിയിക്കുകയാണ്. രാജ്യത്തെ ആദ്യത്തെ ' Learning Constituency' ആയി പട്ടാമ്പി മണ്ഡലത്തെ മാറ്റാനുള്ള ഒരു ശ്രമം നടത്തുന്നുണ്ട്. അതിനുവേണ്ടി ബജറ്റിൽ ഇൻഫ്രാസ്ട്രക്ച്ചറിനുവേണ്ടി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിന് അനുബന്ധമായി പട്ടാമ്പിയിൽ വിജ്ഞാന കേരളമടക്കമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹായിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. സാമൂഹ്യസുരക്ഷാ പെൻഷൻ വർധിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് പെൻഷൻ തുക കുറച്ചെങ്കിലും വർധിപ്പിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. അതുപോലെ മെഡിക്കൽ സോഷ്യൽ വർക്കേഴ്സ് കഴിഞ്ഞ ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ പറയുന്നുണ്ട്, പബ്ലിക് റിലേഷൻ ഓഫീസറുടെ സാലറിയോട് ചേർന്ന് ഒരേ ക്വാളിഫിക്കേഷനായതുകൊണ്ടാണ്, അതുകൂടി പരിഗണിക്കണമെന്ന് അവർ അഭ്യർത്ഥിച്ചിട്ടുണ്ട്. ഏറ്റവും മികച്ച രീതിയിൽ വികസന പ്രവർത്തനങ്ങൾ

മുന്നോട്ടുകൊണ്ടുപോകാൻ ഉതകുന്ന ബജറ്റാണിത്. ഈ വിഷയങ്ങളെല്ലാം പരിഗണിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ബജറ്റിന് എല്ലാവിധ അഭിനന്ദനങ്ങളും അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ ബജറ്റ് നിർദേശങ്ങളെ എതിർക്കുകയാണ്. ബജറ്റ് ഡോക്യുമെന്റ് എന്നുപറയുന്നത് ഒരു ആധികാരിക രേഖയാണ്. ആ ആധികാരിക രേഖയോട് പരമാവധി നീതി പുലർത്താൻ ഗവൺമെന്റും ധനകാര്യ വകുപ്പുമന്ത്രിയും ശ്രമിക്കുക എന്നുള്ളത് എക്കാലത്തുമുണ്ടായിട്ടുള്ള ഒന്നാണ്. പക്ഷെ നിർഭാഗ്യമെന്ന് പറയട്ടെ, ഈ ബജറ്റിൽ അങ്ങനെ ആധികാരികമായി വിശ്വാസ്യതയില്ലാത്ത ഒരുപാട് കാര്യങ്ങളുണ്ടെന്ന് പറയാതിരിക്കാൻ വയ്യ. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്, സാമ്പത്തികമായ ഞെരുക്കത്തിന്റെ തീക്ഷ്ണമായ ഘട്ടം അതിജീവിച്ചിരിക്കുന്നുവെന്നാണ്. ആ ഒരു ഘട്ടം അതിജീവിച്ചിട്ടുണ്ടെങ്കിൽ, ഭിന്നശേഷിക്കാരുടെ കാര്യമെങ്കിലും ഒന്ന് പരിഹരിക്കണമെന്ന് പാവം ശ്രീ. മുഹമ്മദ് മുഹസിൻ വളരെ പതുക്കെയാണ് പറഞ്ഞത്. ഈയൊരു ഘട്ടം കടന്നുവെങ്കിൽ ആദ്യം നാം കൊടുക്കേണ്ട

പരിഗണന അതിനല്ലേ? പിന്നീട് ക്ഷേമ പെൻഷനെക്കുറിച്ച് പറഞ്ഞു, അതൊക്കെ വളരെ പതുക്കെയാണ് പറഞ്ഞത്, അതിനുമുമ്പ് വളരെ ഉച്ചത്തിലാണ് സംസാരിച്ചുകൊണ്ടിരുന്നത്. സ്വാഭാവികമായും ഒരു ഗവൺമെന്റിന്റെ ധനസ്ഥിതി മെച്ചപ്പെട്ടുകഴിഞ്ഞാൽ അത് സമൂഹത്തിന്റെ വിവിധതലങ്ങളിൽ പ്രതിഫലിക്കുമെന്നത് എല്ലാവർക്കും അറിവുള്ള കാര്യമല്ലേ. സാമ്പത്തികമായി നാം മെച്ചപ്പെട്ടെന്നും ടേക്ക് ഓഫിന് തയ്യാറാകുന്നുവെന്നുമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ആ ടേക്ക് ഓഫ് എടുക്കുമ്പോൾ തിരിഞ്ഞുനോക്കണം. സമൂഹത്തിലെ പാവപ്പെട്ടവർ, പട്ടികജാതിക്കാർ, ന്യൂനപക്ഷങ്ങൾ, ഭിന്നശേഷിക്കാർ, ക്ഷേമപെൻഷൻ വാങ്ങുന്നവർ എന്നിവർ ആരെയും കൂട്ടാതെയുള്ള ഒരു ടേക്ക് ഓഫാണ് സർക്കാർ നടത്തുന്നത്. ആരെയും കൊണ്ടുപോകുന്നില്ല. ആ ഫ്ലൈറ്റിൽ മുഖ്യമന്ത്രിയും ഇരുപത് മന്ത്രിമാരും മാത്രമാണുള്ളത്. ആ ടേക്ക് ഓഫ് എന്നുപറയുന്നത് 2026-ൽ ഈ സംസ്ഥാനത്തുനിന്നും പുറത്തേയ്ക്ക് പോകാനുള്ളതാണ്. അല്ലാതെ അത് ജനങ്ങൾക്ക് ഉപകാരപ്രദമായിട്ടുള്ളതല്ല.

2017-ൽ ഡോ. ടി. എം. തോമസ് ഐസക്ക് ആദ്യത്തെ ഇടക്കാല

ബജറ്റ് അവതരിപ്പിച്ചപ്പോൾ അദ്ദേഹം പറഞ്ഞ ഒരു കാര്യം, 'ഞങ്ങൾ റവന്യൂ കമ്മി വളരെ കുറച്ചുകൊണ്ടുവരും, ധനകമ്മി കുറച്ചുകൊണ്ടുവരും' എന്നാണ്. എട്ട് വർഷം കഴിഞ്ഞ് ഒമ്പതാമത്തെ വർഷം റവന്യൂ കമ്മി വളരെ കുറച്ചു, ധനകമ്മി കുറച്ചു എന്നാണല്ലോ ഈ സർക്കാർ പറഞ്ഞുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ റവന്യൂ കമ്മിയും ധനകമ്മിയുമൊക്കെ എങ്ങനെയാണ് കുറച്ചത്? സമയപരിമിതികൊണ്ട് വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ശ്രീ. കെ. പി. കണ്ണൻ എന്നുപറയുന്ന സാമ്പത്തിക വിദഗ്ധൻ കോൺഗ്രസിന്റെ സഹയാത്രികനല്ല എന്ന് അങ്ങേയ്ക്ക് അറിയാമല്ലോ; അദ്ദേഹം പറയുന്നത്, സർക്കാരിനായി ഏറ്റെടുത്ത പ്രവൃത്തികൾ, പൂർത്തിയാക്കിയ കരാറുകാർക്കും സ്ഥാപനങ്ങൾക്കും നൽകാനുള്ള 16000 കോടി രൂപയും സാമൂഹ്യ പെൻഷൻ ഇനത്തിൽ മൂന്ന് മാസത്തെ കുടിശ്ശികയായ 3400 കോടി രൂപയും ശമ്പള പരിഷ്കരണ കുടിശ്ശികയായ 15000 കോടി രൂപയും ചെലവുകളിൽ ഉൾപ്പെടുന്നു എന്നാണ്. ഈ പ്രധാന കുടിശ്ശികകൾ ഈ വർഷത്തെ ചെലവിൽ ചേർത്താൽ റവന്യൂ കമ്മി സംസ്ഥാന വരുമാനത്തിന്റെ 4.98 ശതമാനമായിരിക്കും. ബജറ്റ് പേപ്പറുകളിൽ പറഞ്ഞിരിക്കുന്ന 2.29

ശതമാനത്തിൽനിന്ന് അങ്കണവാടികളിലേക്കുള്ള പേയ്മെന്റ്, സ്കൂളിലെ ഉച്ചഭക്ഷണം തുടങ്ങിയ മറ്റ് പേയ്മെന്റ് ബാധ്യതകളും കൃത്യമായ വിശദാംശങ്ങളുടെ ആവശ്യമില്ലാത്തവയും ഇവിടെ കണക്കാക്കിയിട്ടില്ല. അവകൂടി ഉൾപ്പെടുത്തിയാൽ റവന്യൂ കമ്മി സംസ്ഥാന വരുമാനത്തിന്റെ 5 ശതമാനത്തിൽ കൂടുതൽ വരുമെന്നാണ് അദ്ദേഹം പറയുന്നത്. അദ്ദേഹം പറയാതെപോയ ഒരു കാര്യംകൂടിയുണ്ട്. പ്ലാൻ ഫണ്ട് ഏതാണ്ട് 50 ശതമാനം വെട്ടിക്കുറയ്ക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക നേട്ടം കൂടിയാകുമ്പോൾ ആറ് ശതമാനത്തിന് മുകളിൽ വരും. അപ്പോൾ എന്തിനുവേണ്ടിയാണ് ഇത്തരം കണക്കുകൾ കാണിക്കുന്നത്? റവന്യൂ കമ്മി കുറച്ചുവെന്ന് പറഞ്ഞതുകൊണ്ട് കാര്യമുണ്ടോ; അത് കുറയുമ്പോൾ നികുതി വരുമാനം കൂടിയോ? 2022-23 ബജറ്റിൽനിന്നും 2024-25-ൽ എത്തുമ്പോൾ വലിയ വർധനവുണ്ടായിട്ടുണ്ടോ? Non tax, own tax എന്നിവയിൽ വർദ്ധനവുണ്ടായോ? ഇല്ല. അപ്പോൾ ടാക്സ് വരുമാനം കൂടാതിരുന്നിട്ടും റവന്യൂ കമ്മി കുറച്ചു, ധനകമ്മി താഴോട്ട് കൊണ്ടുവന്നു. പണം ചെലവഴിക്കാതെ ബജറ്റ് എന്നത് അടുത്ത ദിവസത്തേയ്ക്കുള്ള പത്രങ്ങൾക്കുള്ള ഒരു വാർത്ത മാത്രമായി കണ്ടാൽ ആർക്കും

റവന്യൂ കമ്മിയും ധനകമ്മിയുമൊക്കെ കുറയ്ക്കാൻ സാധിക്കും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചെയ്തുകൊണ്ടിരിക്കുന്നത് അതാണ്. ഇവിടെ നികുതി പിരിച്ചെടുത്ത് പാവപ്പെട്ടവന് കൊടുക്കേണ്ട കാര്യങ്ങൾ കൊടുത്തുകൊണ്ടാണ് സർക്കാർ ഇത് ചെയ്യുന്നതെങ്കിൽ അത് ഉൾക്കൊള്ളാൻ കഴിയും. ആധികാരികമായി സർക്കാർ പറഞ്ഞ കാര്യങ്ങളെല്ലാം തെറ്റായ കണക്കുകളാണെന്ന് അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. സമയപരിമിതികൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. കിഫ്ബി, ടോൾ പിരിവ് തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങളൊക്കെ ഇവിടെ സൂചിപ്പിച്ചല്ലോ; ഞങ്ങൾ ഈ സഭയിലിരുന്ന് എത്ര തവണ  ഡോ. ടി. എം. തോമസ് ഐസക്കിനോട് പറഞ്ഞതാണ്. നിങ്ങൾ ഈ കാണിക്കുന്നതൊക്കെ അബദ്ധത്തിലേയ്ക്കാണ് പോകുന്നത്, ഇൻകം ജനറേറ്റ് ചെയ്യുന്ന പദ്ധതികൾ കൊണ്ടുവരണം. അതല്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകുമെന്ന് പറഞ്ഞപ്പോൾ നിങ്ങൾ എന്താണ് പറഞ്ഞത്? അന്ന് ഡോ. ടി. എം.  തോമസ് ഐസക്ക് പറഞ്ഞ കാര്യങ്ങളൊക്കെ രേഖകളിലുണ്ട്. അദ്ദേഹം ജൂബ്ബയുടെ പോക്കറ്റിൽ കൈയിട്ട് രണ്ടുവശത്തേയ്ക്കും തിരിഞ്ഞുകൊണ്ട്, ഞങ്ങളൊക്കെ പറയുന്നതിൽ യാതൊരു

കാര്യവുമില്ലെന്ന രീതിയിൽ പുച്ഛത്തോടെയാണ് പറയുന്നത്. ഒമ്പതുകൊല്ലം കഴിഞ്ഞു. ഞങ്ങൾ അന്ന് പറഞ്ഞതല്ലേ ഇപ്പോൾ നിങ്ങൾ വീണ്ടും പറയുന്നത്. അന്ന് നിങ്ങൾ ഈ രീതിയിൽ പോയിരുന്നെങ്കിൽ ഈ ഗതികേടുണ്ടാകുമോ? ടോൾ പിരിവിനെക്കുറിച്ച് ഇവിടെ പറഞ്ഞല്ലോ; ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ടോൾ പിരിവൊക്കെ സി.പി.ഐ.(എം.) അംഗീകരിക്കുക എന്നുപറഞ്ഞാൽ എവിടെ എത്തി? ടോൾ ടാക്സ് എന്ന ആശയംതന്നെ തെറ്റാണെന്നും ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്ന ഇരട്ടനികുതിയാണെന്നും സീതാറാം യെച്ചൂരി വളരെ വ്യക്തമായി പാർലമെന്റിൽ പറഞ്ഞിട്ടുണ്ടല്ലോ; ഓരോ ലിറ്റർ പെട്രോളിനും ഡീസലിനും സർക്കാർ രണ്ടുരൂപ റോഡ് നികുതിയായി എടുക്കുകയും അതേ വാഹനങ്ങളിൽനിന്ന് റോഡ് ഉപയോഗിക്കുന്നതിന് വീണ്ടും ചാർജ് ഈടാക്കുകയും ചെയ്യുന്നുവെന്ന് പറഞ്ഞാൽ, ഇത് അങ്ങേയറ്റത്തെ തെറ്റാണെന്ന് പറയുന്നതും സീതാറാം യെച്ചൂരിയാണ്. വെബ്സൈറ്റ് മാറ്റുന്ന കാര്യം ബഹുമാന്യനായ ഡോ. എം. കെ. മുനീർ സാഹിബ് ഇവിടെ സൂചിപ്പിച്ചു. എല്ലാ വെബ്സൈറ്റും നിയന്ത്രിക്കുന്നത് പോളിറ്റ് ബ്യൂറോയുടെ

ആധികാരികമായിട്ടുള്ള ഒന്നാം നമ്പർ കസേരയിലിരിക്കുന്ന ആളാണ്. ഡൽഹിയിലേയ്ക്കൊന്നും വിളിക്കേണ്ട; അദ്ദേഹത്തോടൊന്ന് പറഞ്ഞാൽ മതി. പോളിറ്റ് ബ്യൂറോ എന്നുപറയുന്നതുതന്നെ അദ്ദേഹമാണ്. അദ്ദേഹം എന്ത് തീരുമാനിക്കുന്നു അതാണ് നടക്കുന്നത്; ഒരു രാഷ്ട്രീയ പാർട്ടി എന്നുള്ള നിങ്ങളുടെ നയവ്യതിയാനം; ടോളിന്റെ കാര്യത്തിൽപ്പോലും സംസ്ഥാന സെക്രട്ടറി പറയുന്നുവെന്ന് പറയുമ്പോൾ അത് ഞങ്ങൾക്ക് പ്രശ്നമില്ലെന്നുള്ള നയമാണ്. നിങ്ങളുടെ പാർട്ടി എങ്ങോട്ടാണ് പോകുന്നത്? ഞാൻ ആവർത്തിച്ച് പറയുന്നില്ല; ഏതായാലും ഒരു സമരത്തിൽ പങ്കെടുത്ത് ജീവിക്കുന്ന രക്തസാക്ഷിയായ പുഷ്പൻ മരിച്ചതിനുശേഷമാണ് നിങ്ങൾ ഈ സ്വകാര്യ സർവകലാശാല കൊണ്ടുവരാൻ തീരുമാനിച്ചുവെന്നുള്ളത് അല്പം ആശ്വാസം നൽകുന്ന കാര്യമാണ്. പക്ഷേ ഇതൊക്കെയാണോ സി.പി.ഐ.(എം)-ൽനിന്ന് ജനം പ്രതീക്ഷിക്കുന്നത്; ഇതാണോ ഇടതുപക്ഷ ബദൽ; ഇതാണോ ഇടതുപക്ഷ നയമെന്ന് പറയുന്നത്? ഏത് കാര്യങ്ങളെടുത്തുകഴിഞ്ഞാലും അങ്ങനെയാണ്. എനിക്ക് പൂർണ്ണമായി ബജറ്റിനെ എതിർക്കാൻ കഴിയില്ല. കാരണം അതിനകത്ത് സീ

പ്ലെയിനുവേണ്ടി ഇരുപത് കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഒരു പുതിയ പദ്ധതിയായി സീ പ്ലെയിൻ വരുന്നുവെന്ന് പത്രങ്ങളിൽ കണ്ടു. അതിൽ ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ മനോഹരമായ പടം, സീ പ്ലെയിൻ വീണ്ടും വരുന്നു. 2013-ൽ ഞാൻ ടൂറിസം വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ഈ പദ്ധതി കൊണ്ടുവന്നതാണ്. ധാരാളം ബുദ്ധിമുട്ടുകളുണ്ടായിരുന്നു. ആ ബുദ്ധിമുട്ടുകൾക്കിടയിലാണ് ആ പദ്ധതി നടപ്പാക്കിയത്. 2013-ൽ ആ പദ്ധതി കൊണ്ടുവരുമ്പോൾ ധാരാളം പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. ഞങ്ങളൊരു കമ്മിറ്റിയെ വച്ചു, ഏതെങ്കിലും രീതിയിൽ പ്രയാസമുണ്ടോ, ആ കമ്മിറ്റി റിപ്പോർട്ട് നൽകി. ഒരു ബോട്ട് പോകുമ്പോൾ ജലാശയത്തിൽ വീണാൽ ആ ബോട്ടിൽനിന്നും ചിലപ്പോൾ ഓയിൽ ലീക്കുണ്ടാകും. പക്ഷേ വിമാനത്തിലൊരിക്കലും അതുണ്ടാകുന്ന സാഹചര്യമില്ല. അതുകൊണ്ട് ആ രീതിയിൽപ്പോലും ഒരു പ്രയാസവും ഉണ്ടാകില്ലെന്നുള്ള റിപ്പോർട്ട് നൽകി. ഞങ്ങളതിന്റെ അടിസ്ഥാനത്തിൽ ഉദ്ഘാടനം നിർവഹിച്ചു. 2013-ൽ കൊല്ലം അഷ്ടമുടിക്കായലിൽവച്ച് ഉമ്മൻ ചാണ്ടി അതിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഞാനും അന്ന് കേന്ദ്രമന്ത്രിയായിരുന്ന ശ്രീ. കെ. സി. വേണുഗോപാലും

ആദ്യയാത്രയിൽ പങ്കെടുത്തു. അഷ്ടമുടിക്കായലിൽനിന്ന് പുന്നമടക്കായലിൽ ചെന്നിറങ്ങുക എന്നുള്ളതായിരുന്നു ഞങ്ങളുടെ തീരുമാനം. പുന്നമടക്കായലിൽ ശ്രീ. പി. സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ളവർ അവിടെ കാത്തുനിന്നു. ഞങ്ങൾക്കവിടെ ലാൻഡ് ചെയ്യാൻ സാധിച്ചില്ല. സി.പി.ഐ. ഉൾപ്പെടെ ഞങ്ങൾ ലാൻഡ് ചെയ്യേണ്ട സ്ഥലത്ത് വഞ്ചികൾ മുഴുവൻ കായലിൽ ഇറക്കി അവിടെ ലാൻഡ് ചെയ്യാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. നിങ്ങൾ ആലോചിക്കണം, ഇവിടുന്ന് പറന്നുപോയി വീണ്ടും ഞങ്ങൾ അഷ്ടമുടിക്കായലിൽത്തന്നെ ഇറങ്ങേണ്ടിവന്നു. ആ കീരിടം ആർക്കോ ആകട്ടെ; കേരളം ജലാശയങ്ങൾ ധാരാളമുള്ള സംസ്ഥാനമാണ്, ഒരുതീരം മുഴുവൻ കടലാണ്. അഷ്ടമുടിക്കായൽ, പുന്നമടക്കായൽ അതുകൂടാതെ കുറെ തടാകങ്ങളുമുണ്ട്. ഏറ്റവും നന്നായി വിനിയോഗിക്കാൻ കഴിയുന്ന പദ്ധതിയാണ് സീ പ്ലെയിൻ, നിങ്ങളതുമായി മുന്നോട്ടുപോകണം. 2013-ൽ ഈ പദ്ധതി ആരംഭിച്ചപ്പോൾ ഞങ്ങളെ പറപ്പിച്ചുകളഞ്ഞ നിങ്ങൾ പതിനൊന്ന് വർഷം നഷ്ടപ്പെടുത്തിയതിന് ജനങ്ങളോട് ക്ഷമ പറഞ്ഞുകൊണ്ടാവണം സീ പ്ലെയിൻ തുടങ്ങേണ്ടത് എന്നുമാത്രമാണ്

സൂചിപ്പിക്കാനുള്ളത്. ഒറ്റക്കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇവിടെ പല അംഗങ്ങളും വളരെ വികാരഭരിതമായി സംസാരിച്ചു. ബഹുമാന്യനായ ഡോ. എം. കെ. മുനീർ സാഹിബുൾപ്പെടെ അങ്ങനെ പറയണമെങ്കിൽ ആ രീതിയിൽ പ്രയാസമുള്ളതുകൊണ്ടാണ്. ഞങ്ങൾക്കൊക്കെ വികാരമുണ്ട്. ഞങ്ങളൊക്കെ ഭരണപക്ഷത്തും പ്രതിപക്ഷത്തുമിരുന്നവരാണ്. ഞങ്ങൾ ഭരണപക്ഷത്തിരുന്നപ്പോൾ എയ്ഡഡ് കോളേജോ ഗവൺമെന്റ് കോളേജോ ഇല്ലാത്ത മുഴുവൻ സ്ഥലങ്ങളിലും കോളേജ് കൊടുക്കാൻ തീരുമാനിച്ചു. ഞങ്ങളുടെ ഗവൺമെന്റ് ഒരു കാരണവശാലും സി.പി.ഐ.(എം) ആണോ കോൺഗ്രസാണോ മുസ്ലീം ലീഗാണോ എന്നുനോക്കിയല്ല, എവിടെയാണോ ഇല്ലാത്തതെന്ന് നോക്കിയാണ് കൊടുത്തത്. ഡോ. കെ. ടി. ജലീലിന് തലശ്ശേരിയിൽ കോളേജില്ല. അവിടെ കോളേജ് കൊടുത്തത് യു.ഡി.എഫ്. ഗവൺമെന്റാണ്. ഡോ. കെ. ടി. ജലീൽ പ്രതിപക്ഷമാണെന്ന് കരുതി ഞങ്ങൾ അനുവദിക്കാതിരുന്നില്ല. അന്ന് കോടിയേരി സഖാവാണ് തലശ്ശേരിയുടെ എം.എൽ.എ. ഇപ്പോൾ അങ്ങയുടെ നിയോജകമണ്ഡലത്തിൽ കോളേജ്

അനുവദിച്ചു. ആയുർവേദ ഡിസ്പെൻസറികളില്ലാത്ത പഞ്ചായത്തുകൾ അനുവദിച്ചപ്പോൾ കോൺഗ്രസാണോ സി.പി.ഐ.(എം)യാണോയെന്ന് നോക്കിയില്ല, എവിടെയാണോ ഇല്ലാത്തത് അവിടെയാണ് അനുവദിച്ചത്. അതുപോലെ ഹോമിയോ ഡിസ്പെൻസറികൾ, അങ്ങനെ ഇല്ലാത്തിടത്തൊക്കെ അനുവദിക്കുമ്പോൾ അവിടെ ഞങ്ങളൊരിക്കലും രാഷ്ട്രീയം നോക്കിയിട്ടില്ല. അവിടെ എല്ലാ വിഭാഗം ജനങ്ങളുമുണ്ട്. അതുകൊണ്ട് രാഷ്ട്രീയം നോക്കാതെയാണ് ഒട്ടനവധി കാര്യങ്ങൾ ചെയ്തത്. സമയപരിമിതികൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. കുറച്ചെങ്കിലും പ്രതിപക്ഷത്തോട് നീതിപുലർത്താൻ ഒരു ഗവൺമെന്റ് തയ്യാറാകേണ്ടത് ആ ഗവൺമെന്റിന്റെ ധാർമ്മികമായ ബാധ്യതയാണ്. ആ ബാധ്യത ഏറ്റെടുക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ലെന്ന് പറയുന്നത് അങ്ങേയറ്റം വേദനാജനകമാണ് എന്നുള്ളതുകൊണ്ടുതന്നെ ഒരിക്കൽക്കൂടി ഞാൻ ഈ ബജറ്റിനെ ശക്തമായി എതിർക്കുകയാണ്.

മി. സ്പീക്കർ: ഇന്ന് സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിന്മേൽ നടന്ന ചർച്ചയ്ക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും

എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മറുപടി പറയുന്നവേളയിൽ ലഹരി ഉൽപന്നമായ ഇലക്ട്രോണിക് സിഗററ്റുകൾ നിയമംമൂലം നിരോധിച്ചിട്ടില്ല എന്ന രീതിയിൽ ചെയറിന്റെ ഭാഗത്തുനിന്നും ഒരു പരാമർശമുണ്ടായി. എന്നാൽ പ്രസ്തുത പരാമർശം വസ്തുതാപരമായിരുന്നില്ല എന്നറിയിക്കുകയാണ്. 2019-ലെ 42-ാം കേന്ദ്ര ആക്റ്റ് ആയ, “ Prohibition of Electronic Cigarettes (Production, Manufacture, Import, Export, Transport, Sale, Distribution, Storage and Advertisement) Act, 2019 (Act No. 42 of 2019)’ ’ നിയമംമൂലം ഇലക്ട്രോണിക് സിഗററ്റുകൾ നിയന്ത്രിക്കപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. ഇത്തരത്തിൽ ഒരു തെറ്റായ പരാമർശം ചെയറിന്റെ ഭാഗത്തുനിന്നും ഉണ്ടായതിൽ ഖേദിക്കുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, കേരള ഗവൺമെന്റിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. പിന്തുണയ്ക്കാതെ മറ്റ് മാർഗമില്ല. കേരളത്തെ സ്നേഹിക്കുന്ന, ഈ നാടിനെ സ്നേഹിക്കുന്ന, ജനപക്ഷത്ത് ഉറച്ചുനിൽക്കുന്ന,

എനിക്ക് പിന്തുണയ്ക്കാതെ നാട്ടിലേയ്ക്ക് ചെല്ലാൻ കഴിയില്ല. കാരണം ഇത്രയും മനോഹരമായി, കേരളത്തിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ ജനപക്ഷത്ത് ഉറച്ചുനിന്നുകൊണ്ട്, സമസ്തമേഖലയിലെ ജനങ്ങളെ ചേർത്തുപിടിച്ചുകൊണ്ട്, നാടിന്റെ വികസനം ഉറപ്പാക്കുന്ന തരത്തിൽ അവതരിപ്പിച്ച ഈ ബജറ്റിനെ പിന്തുണയ്ക്കുകയല്ലാതെ മറ്റെന്താണ് ചെയ്യേണ്ടത്. ഇവിടെ പ്രതിപക്ഷനിരയിൽനിന്ന് സംസാരിച്ചവരെല്ലാം ബജറ്റിനെ എതിർക്കുന്നുവെന്ന് പറഞ്ഞു. ആ ബജറ്റിനെ എതിർക്കുന്നവരെല്ലാം ബജറ്റിൽ ഞങ്ങൾക്കുവേണ്ടി നിർദ്ദേശിച്ചിട്ടുള്ളതെല്ലാം ഒഴിവാക്കണമെന്നുകൂടി എഴുതിക്കൊടുക്കണം. അതല്ലേ ചെയ്യേണ്ടേത്; എന്നിട്ട് ബജറ്റ് പ്രസംഗത്തിന്റെ അവസാനം എന്താണ് പറയുന്നത്? എന്റെ ഇന്ന പദ്ധതികൂടി ഉൾപ്പെടുത്തണമെന്ന് പറയുന്നത് എന്തൊരു വിരോധാഭാസമാണ്. നികുതി വരുമാനം വർധിപ്പിച്ച്, നികുതിയേതര വരുമാനം വർധിപ്പിച്ച്, പൊതുകടം കുറച്ച്, ധനകമ്മി കുറച്ച്, സമഗ്രമായ ബജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. ഈ അവതരിപ്പിക്കുന്ന സന്ദർഭം എന്താണ്? ഒരു ബജറ്റ് എന്നുപറയുമ്പോൾ

വരവുചെലവ് കണക്കുകൾ മാത്രമായിട്ടാണ് നമ്മൾ അതിനെ കാണുന്നത്. ബജറ്റ് കയ്യിൽ ലഭിക്കുമ്പോൾ എം.എൽ.എ.-മാരുൾപ്പെടെ എല്ലാവരും തന്റെ മണ്ഡലത്തിൽ ഏതൊക്കെ വർക്ക് വന്നിട്ടുണ്ടെന്നാണ് ആദ്യം പരിശോധിക്കുന്നത്. പക്ഷേ ഈ നാടിനെ അറിഞ്ഞ്, നാടിന്റെ പ്രശ്നങ്ങൾ അറിഞ്ഞ്, വരാൻപോകുന്ന പ്രശ്നങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് നല്ല ദീർഘവീക്ഷണത്തോടുകൂടിത്തന്നെയാണ് ഈ ബജറ്റ് അവതരിപ്പിച്ചത്. കാരണം കേരളം അഡ്രസ് ചെയ്യാൻ പോകുന്ന വയോജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി, അവരെ ഉല്പാദനമേഖലയിൽക്കൂടി പങ്കാളികളാക്കി അവരെ സംരംഭകരാക്കുന്നതിനുവേണ്ടിയിട്ടുള്ള പദ്ധതികൾ നിർദ്ദേശിച്ച കേരളത്തിലെ ആദ്യത്തെ ബജറ്റാണ് ഇപ്പോൾ ഇവിടെ അവതരിപ്പിക്കപ്പെട്ടത്. അക്കാദമിക് വിദ്യാഭ്യാസം കൊണ്ടുമാത്രം നമുക്ക് ഡിജിറ്റൽ ലിറ്ററസി ഉണ്ടാകില്ല. ഡിജിറ്റൽ ലിറ്ററസി ഉണ്ടാകുന്നതിന് വേണ്ടുന്നരീതിയിൽ ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനുള്ള പദ്ധതികളുണ്ടാകണം. സൈബർ തട്ടിപ്പുകൾ, സാമ്പത്തിക തട്ടിപ്പുകൾ തുടങ്ങിയവയെയെല്ലാം അഡ്രസ് ചെയ്യുന്നതിനുവേണ്ടി നിർദേശങ്ങളുണ്ട്. ഈ

നിർദേശങ്ങളൊക്കെയുള്ള ബജറ്റ് അവതരിപ്പിക്കുമ്പോഴുള്ള അവസ്ഥയെന്താണ്? ഒരു ഗവൺമെന്റിന് പ്രവർത്തിക്കണമെങ്കിൽ സാമ്പത്തികം വേണം, ആ സാമ്പത്തികം തരാതെ, പ്രതിപക്ഷത്തുള്ളവർ കേന്ദ്രത്തിന്റെ നിലപാടെന്നൊരു വാക്ക് മാത്രം പറഞ്ഞുപോകുകയാണ്. ഹൗസിന് പുറത്തേക്കുപോയാൽ പിന്നെ 'കമ' എന്നൊരക്ഷരം മിണ്ടില്ല. കേന്ദ്രത്തിന്റെ വരിഞ്ഞുമുറുക്കലുകളും കൈയ്യും കാലും കെട്ടി പ്രവർത്തിപ്പിക്കാൻ അനുവദിക്കാത്തപ്പോൾപോലും അതിനെയെല്ലാം അതിജീവിച്ചുകൊണ്ട് അടിമത്തതിനെതിരായിട്ടുള്ള പോരാട്ടം നടത്തിയ ഇതിഹാസ നായകൻ സ്പാർട്ടക്കസിനെപ്പോലെ ഈ കേരളത്തെ മുന്നോട്ട് നയിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായ ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. കേന്ദ്രം എന്തുകൊണ്ടാണ് ഈ നിലപാട് സ്വീകരിച്ചത്? എന്തുപറഞ്ഞാലും ഞങ്ങൾ പറയും കേന്ദ്ര അവഗണനയെന്ന്, നിങ്ങളിപ്പോൾ സ്ഥിരം പറയും. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഞങ്ങൾ അങ്ങനെയൊരു വാക്ക് പറഞ്ഞിട്ടില്ല. അധികം വേണ്ട, ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ലഭിച്ചിരുന്നതുപോലെ നമുക്ക്

ലഭിച്ചിരുന്നെങ്കിൽ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിപോലും 57000 കോടിയെന്നേ പറയുന്നുള്ളൂ. അല്ല, തീർച്ചയായും 4 വർഷക്കാലംകൊണ്ട് കേരളത്തിന്റെ ഖജനാവിലേക്ക് എത്തേണ്ടിയിരുന്ന 2 ലക്ഷം കോടി രൂപയാണ് കേരളത്തിന് നഷ്ടപ്പെട്ടത്. എനിക്കും നിങ്ങൾക്കും ഈ നാട്ടിലെ ജനങ്ങളുടെ ക്ഷേമത്തിനും നാടിന്റെ വികസനത്തിനുംവേണ്ടി ഉപയോഗിക്കേണ്ട 2 ലക്ഷത്തിൽപ്പരം കോടി രൂപ വിവിധ കാരണങ്ങൾ പറഞ്ഞുകൊണ്ട്, നോംസിന്റെ കാര്യം പറഞ്ഞുകൊണ്ട് ഇല്ലാതാക്കിയതിനെതിരായി ശബ്ദിക്കാൻ പ്രതിപക്ഷത്തിന് നാവ് പൊങ്ങുന്നില്ല, അതിന് കാരണമുണ്ട്. കേന്ദ്ര അവഗണന ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഇതിനുമുൻപ് കോൺഗ്രസ്സാണല്ലോ ഭരിച്ചിരുന്നത്. പാലക്കാട് കോച്ച് ഫാക്ടറി തരാമെന്ന് പറഞ്ഞുകൊണ്ട് സംസ്ഥാന സർക്കാരിനെകൊണ്ട് 429 ഏക്കർ സ്ഥലം ഏറ്റെടുപ്പിച്ചു. എന്നിട്ട് 231 എക്കർ സ്ഥലം മതിയെന്ന് പറഞ്ഞു. 231 ഏക്കർ സ്ഥലം റെയിൽവേയ്ക്ക് കൈമാറി. അന്നത്തെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി 2012 ഫെബ്രുവരി മാസം

21-ാം തീയതി അന്നത്തെ റെയിൽവേ മന്ത്രിയായിരുന്ന ശ്രീ. ദിനേശ് ത്രിവേദിയെ കൊണ്ടുവന്ന് പാലക്കാട് പട്ടണത്തിൽ തറക്കല്ലിട്ടു. എന്നാൽ ഇതിനായി ഭൂമി ഏറ്റെടുത്തിരിക്കുന്നത് 16 കിലോമീറ്റർ അപ്പുറത്താണ്. ആ കല്ലിട്ട് പോയതല്ലാതെ കോച്ച് ഫാക്ടറി നിങ്ങൾ നൽകിയിട്ടില്ല. അന്ന് 8 മന്ത്രിമാർവരെ കേരളത്തിൽ നിന്നുണ്ടായിട്ടും കേരളത്തിന് ഒരു പദ്ധതിയും ലഭിച്ചിട്ടില്ല. ഇത് ഇപ്പോൾ തുടങ്ങിയതല്ല അന്നേ തുടങ്ങിയതാണ്. ഇപ്പോൾ ആ സ്ഥലം ആനത്താവളമാണ്. അത് ആനകൾക്ക് ചേക്കേറാനുള്ള സ്ഥലമായി രൂപാന്തരപ്പെട്ടിരിക്കുന്നു. എത്രയോ കാലത്തെ കേരളത്തിന്റെ ആവശ്യമായ AIIMS നൽകിയിട്ടില്ല. കേരളത്തിൽ 5:5 ആയിരുന്നല്ലോ, 5 വർഷം യു.ഡി.എഫ്., 5 വർഷം എൽ.ഡി.എഫ്. പക്ഷെ ഭരണത്തുടർച്ച കിട്ടി, എന്തുകൊണ്ടാണ് തുടർച്ച കിട്ടിയത്? ഈ നാട്ടിലെ സാധാരണക്കാരന്റെ മക്കൾക്ക് പഠിക്കാൻ ഹൈടെക് സ്കൂളുകളുണ്ടാക്കി, അവരെ ചികിത്സിക്കാൻ ആശുപത്രികളുണ്ടാക്കി, പാലങ്ങളുണ്ടാക്കി, അത്തരത്തിൽ ജനക്ഷേമ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. ഓഖിയെയും നിപ്പയെയും മഹാപ്രളയത്തെയും കൊറോണയെയും നേരിട്ടു.

നിങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ ജനങ്ങൾക്കാവശ്യമായ കിറ്റുൾപ്പെടെ നൽകിക്കൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോയി. ഇതൊക്കെ ചെയ്യണമെങ്കിൽ കാശ് വേണം. സാധാരണഗതിയിൽ ഭരണ നേതൃത്വത്തിനെതിരെയുള്ള അഴിമതി ആരോപണങ്ങളും ആക്ഷേപങ്ങളും അന്നും ഉന്നയിക്കപ്പെട്ടു. സ്വർണ്ണകടത്ത് മറന്നുപോയോ? ആരെല്ലാം വന്നിറങ്ങി, പക്ഷെ ഒരു ചുക്കും ചെയ്യാൻ സാധിച്ചില്ല. ആ നുണപ്രചരണങ്ങളെയെല്ലാം അതിജീവിച്ച് സഖാവ് പിണറായി വിജയന്റെ ഗവൺമെന്റിന് ജനങ്ങൾ ഭരണത്തുടർച്ച നൽകി. ഈ ഗവൺമെന്റിനെതിരെ ആക്ഷേപം പറഞ്ഞിട്ടൊന്നും കാര്യമില്ല, ജനം അത് വിശ്വസിക്കില്ല. പിന്നെന്ത് വേണം, സാമ്പത്തികമായി ഞെരുക്കണം, സാമ്പത്തികമായി ഉപരോധിക്കണമെന്ന രാഷ്ട്രീയ നിലപാടിന്റെ ഭാഗമായിട്ടാണ് സാമ്പത്തിക ഉപരോധം തുടങ്ങിയത്. അതിന്റെ കെടുതിയാണ് ഇന്ന് കേരളം അനുഭവിക്കുന്നത്. തങ്ങളുടെ സ്വപ്നങ്ങൾ വീണ്ടടയുന്നു, ഇനിയത് പൂക്കുന്ന പ്രശ്നമേയില്ലെന്ന് മനസ്സിലാക്കി യു.ഡി.എഫ്. അതിനോടൊപ്പം ചേർന്നു.

മുൻപ് വയനാട്ടിൽ ആരായിരുന്നു എം.പി.; ഇപ്പോൾ ആരാണ്

എം.പി.? ശ്രീ. രാഹുൽ ഗാന്ധിയും ഇപ്പോൾ ശ്രീമതി പ്രിയങ്കാ ഗാന്ധിയുമാണ്. വയനാടിലെ ഉരുൾപൊട്ടലിനെ ദേശീയ ദുരന്തമായി പ്രഖ്യാപിച്ചു, ആരുടെ ഇടപെടൽ? നിരന്തരമായി സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. പ്രിയങ്കാ ഗാന്ധി ഇടപെട്ടു, ദേശീയ ദുരന്തമായി പ്രഖ്യാപിച്ചുവെന്നല്ലേ ഇപ്പോൾ നിങ്ങൾ പറയുന്നത്. പക്ഷെ യൂണിയൻ ബജറ്റിൽ ഒരു നയാപൈസപോലും ദേശീയ ദുരന്തമായി പ്രഖ്യാപിച്ച വയനാട് ഉരുൾപൊട്ടലിനുവേണ്ടി നീക്കിവയ്ക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായില്ല. കോൺഗ്രസ്സിന്റെ ഭാഗത്തുനിന്ന് ഒരു പ്രതിഷേധവും ഉണ്ടായില്ല. കോൺഗ്രസ് പണ്ടും കേരളത്തെ ഒറ്റുകൊടുക്കുന്ന നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. അവരെ സംബന്ധിച്ചിടത്തോളം ഭരണമില്ലാത്ത അവസ്ഥ അവർക്ക് സങ്കൽപ്പിക്കാൻപോലും കഴിയില്ല. മുസ്ലീം ലീഗിന് അത് ഓർക്കാനേ പറ്റില്ല. ഇപ്പോൾ 9 വർഷം ആകുന്നു. എങ്ങനെയും ഭരണം പിടിക്കുന്നതിനായി നുണകളിങ്ങനെ പ്രചരിപ്പിക്കുക, വികസനത്തെ തടസ്സപ്പെടുത്തുക, എന്തെല്ലാം നിങ്ങൾ പറഞ്ഞു. ഗെയിൽ പൈപ്പ് ലൈൻ നടപ്പാക്കാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ച് നിങ്ങൾ സമരം നടത്തിയില്ലേ,

നാഷണൽ ഹൈവേ, വയൽക്കിളി സമരം, ഓർമ്മയുണ്ടോ? എല്ലാവരും മറന്നുപോയി. നന്ദിഗ്രാമിൽനിന്ന് മണ്ണ് കൊണ്ടുവന്ന് അവിടെ പ്രതിഷ്ഠിച്ച് സമരം നടത്തി. നാഷണൽ ഹൈവേയ്ക്കും ഗെയിൽ പൈപ്പ് ലൈനിനും എതിരായുള്ള സമരമാണ്. ഇപ്പോൾ വിഴിഞ്ഞത്തിന്റെ പേരിൽ ഗോളടിക്കാൻ നോക്കിക്കൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ പണി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ സമരത്തിന് പിന്തുണ പ്രഖ്യാപിക്കുകല്ല, വേണമെങ്കിൽ വിമോചന സമരം നടത്തുമെന്നാണ് നിങ്ങൾ പ്രഖ്യാപിച്ചത്. പക്ഷെ ഇതെല്ലാം യാഥാർഥ്യമാക്കി കേരള ജനതയെ ചേർത്തുപിടിച്ചുകൊണ്ടാണ് ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. നിങ്ങൾക്ക് നുണകൾമാത്രം പ്രചരിപ്പിക്കാനേ കഴിയൂ. ഇപ്പോൾ ഇവിടെ പറയുന്ന പ്രധാനപ്പെട്ടൊരു കാര്യം എം.എൽ.എ.-മാരോട് വിവേചനമെന്നതാണ്. ഒരു വിവേചനവുമില്ലാതെ കേരളത്തിലെ 140 മണ്ഡലങ്ങളിലെ സ്കൂളുകൾക്കും ഒരു സ്കൂളിന് 5 കോടി രൂപ വീതം ലഭിച്ചില്ലേ? ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കിഫ്ബിയെ സംബന്ധിച്ച് മറ്റൊരു കണക്ക് പറയുകയുണ്ടായി.

സമയക്കുറവുകൊണ്ട് പെട്ടെന്ന് പറയുകയാണ്. കിഫ്ബി പ്രോജക്ട് വഴിയല്ലേ നിങ്ങൾക്കത് ലഭിച്ചത്. പിന്നെ പറയുന്നത് അത് പ്ലാൻ വിഹിതത്തിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഇത്രയും ലഭിക്കുമായിരുന്നുവെന്നാണ്. പ്രതിപക്ഷ നേതാവ് ഇപ്പോൾ അഞ്ച് ടേമിലായി എം.എൽ.എ.-ആണ്. ഈ 25 വർഷത്തിനിടയിൽ താങ്കൾ എം.എൽ.എ. ആയിട്ടുള്ള ആ മണ്ഡലത്തിൽ കിഫ്ബിവഴി ലഭിച്ച പദ്ധതിയുടെ പകുതിപോലും ഇത്രയും വർഷംകൊണ്ട് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? അത്രയും വലിയ മാറ്റമാണ് ഓരോ മണ്ഡലത്തിലുമുണ്ടായത്. കിഫ്ബി ഇപ്പോൾ ബാധ്യതയാണ്, അതെ, ഭാരമാണ്. കിഫ്ബി പദ്ധതികൾവഴി, കേരളത്തിലെ ബജറ്റ് പ്രഖ്യാപനങ്ങൾവഴി കേരള ഗവൺമെന്റ് അനുവദിച്ച് തന്നതിന്റെ ഫ്ലക്സുകളുണ്ട്. അത് ചുമക്കുന്ന ഭാരമാണ് ഇന്ന് നിങ്ങളുടെയെല്ലാം മണ്ഡലത്തിലെ ജനങ്ങൾക്കുള്ളത്. ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ ഇവിടെ വളരെ വികാരാധീനനായി പ്രസംഗിച്ചു. ഞാൻ പറയുന്നതെല്ലാം ചെയ്തു തരുന്നൊരു മന്ത്രിയും ഗവൺമെന്റുമാണെന്ന് താങ്കളുടെ മണ്ഡലത്തിലെ ആരാമ്പുറത്ത് താങ്കൾ നടത്തിയ പ്രസംഗത്തിന്റെ വീഡിയോ എന്റെ

കൈവശമുണ്ട്. എല്ലാവരെയും ചേർത്ത് പിടിക്കുന്നവരാണ് ഈ ഗവൺമെന്റ്. ഇപ്പോഴത്തെ നിങ്ങളുടെ ആവശ്യമെന്താണ്? നവകേരള സദസ്സിന്റെ ഭാഗമായിട്ടുള്ളതിന്റെ ഷെയറുംകൂടി തരണമെന്നതാണ്. അതുപോലെ ഗ്രാമീണ റോഡ്, വളരെ ആധികാരികമായി ഞാൻ പറയുന്നു, ഭരണപക്ഷത്ത് ലഭിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ പ്രതിപക്ഷത്തെ എം.എൽ.എ.-മാർക്ക് ലഭിച്ചിട്ടുണ്ട്. ഞാൻ വെല്ലുവിളിക്കുകയാണ്, കണക്കുകൾ പരിശോധിക്കാം. ഭരണപക്ഷത്തെ പല എം.എൽ.എ.-മാർക്കും ലഭിച്ചതിനെക്കാൾ കൂടുതൽ നിങ്ങൾക്ക് ലഭിച്ചിട്ടുണ്ട്. ഒരു വിവേചനവും ഞങ്ങളെ സംബന്ധിച്ചില്ല. കാരണം വികസനം ജനങ്ങൾക്കുവേണ്ടിയാണ്. അവിടുത്തെ എം.എൽ.എ.-യുടെ കളർ നോക്കിയല്ല നിലപാട് സ്വീകരിക്കുന്നത്. ജനങ്ങളെ ഒന്നായി ചേർത്ത് പിടിക്കുന്ന ഗവൺമെന്റാണ് ഇടതുപക്ഷ മുന്നണി ഗവൺമെന്റ്, സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്. ജനപക്ഷ നിലപാടുകളുമായി കേരളം മുന്നോട്ടുപോകുമ്പോൾ എന്താണ് ഇന്ന് കേരളത്തിന്റെ അവസ്ഥ, സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് കേരളത്തെ വിളിച്ചെങ്കിൽ, ആരാണ് ഇതിനെല്ലാം കാരണക്കാർ? നിങ്ങൾ

ആലോചിക്കണം, സമ്പൂർണ്ണ സാക്ഷരതയുള്ള ഏക സംസ്ഥാനമാണ് കേരളം. ആരാണ് സമ്പൂർണ്ണ സാക്ഷരതായജ്ഞം തുടങ്ങിയത്; സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചത് ഏത് ഗവൺമെന്റാണ്; സമ്പൂർണ്ണ ശൗചാലയം പ്രഖ്യാപിച്ച ഏത് ഗവൺമെന്റാണ്; സാധാരണക്കാരന്റെ മക്കൾക്ക് പഠിക്കാൻ സ്കൂളില്ലാത്ത ഏതെങ്കിലും ഒരു പഞ്ചായത്തുണ്ടോ; അതെല്ലാം ഹൈടെക്കാക്കി മാറ്റിയത് ഏത് ഗവൺമെന്റാണ്; സാധാരണക്കാരന് ചികിത്സ ലഭ്യമാക്കാൻ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളില്ലാത്ത ഒരു പ്രദേശമുണ്ടോ; ആരാണ് ഇതെല്ലാം നടത്തിയത്? ഇവിടെ എല്ലാവർക്കും റേഷൻ വിഹിതമുണ്ട്, അത് വാങ്ങാനുള്ള പെൻഷൻ, 94 ലക്ഷം കുടുംബങ്ങളുള്ളതിൽ 62 ലക്ഷം കുടുംബങ്ങളിലേക്കും പെൻഷനെത്തിക്കുന്ന ഗവൺമെന്റാണ് ശ്രീ. പിണറായി വിജയന്റെ ഗവൺമെന്റ്. ഇവിടെ നിങ്ങൾക്ക് ഇഷ്ടമുള്ള ഭക്ഷണം കഴിക്കാം. കേരളത്തിന് പുറത്തുപോയാൽ ബീഫ് കഴിക്കാൻ സാധിക്കുമോ, ഇല്ല. ശ്രീ. പിണറായി വിജയൻ ഭരിക്കുന്ന കേരളത്തിൽ മാത്രമേ അതിന് കഴിയൂവെന്ന് മറന്നുപോകരുത്. ഇഷ്ടമുള്ള ഭക്ഷണം കഴിക്കാം, ഇഷ്ടമുള്ള വസ്ത്രം ധരിക്കാം,

ഇഷ്ടമുള്ള ആരാധന നടത്താം. സമാധാനത്തോടെ ജീവിക്കാൻ കഴിയുന്ന നാടാക്കി ഈ നാടിനെ മാറ്റി, ദൈവത്തിന്റെ സ്വന്തം നാടായ ഈ കേരളത്തെ ഭൂമിയിലെ സ്വർഗ്ഗമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിന് ഊർജ്ജം പകരുന്ന ബജറ്റാണ് സഖാവ് കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. ഈ ബജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 ഫെബ്രുവരി 12-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.00 മണിക്ക് പിരിഞ്ഞു.)

* * * * * *